കഞ്ഞഴ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

1996

കങ്ങഴ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട് 1996

എഡിറ്റേഴ്സ്

1 Mr. G. മാലകൃഷ്ണൻ നായർ

2 Mr. P.V. ജോസ് പിടിയേക്കൽ

3 Mr. C. A. രാജേന്ദ്രൻ (കൺവീനർ)

Type Setted at:-

Century Graphics
Karukachal

Printed at:-

Jays Print Packs, Vadavathoor P.O.
Kottayam -10, ✆ 0481-571511

കങ്ങഴ ഗ്രാമപഞ്ചായത്ത് സാരഥികൾ

1. ജാൻസി അപ്പുക്കുട്ടൻ *(പ്രസിഡന്റ്)*
2. ജോർജ്ജ് പന്തനാലി *(വൈസ് പ്രസിഡന്റ്)*
3. രവീന്ദ്രനാഥൻ നായർ
4. ടെൽമാ സണ്ണി
5. T.T. ജോസഫ് തെക്കേൽ
6. P.K. ഗോപാലൻ കൈപ്പയിൽ
7. K.M. സലീം കൊറ്റഞ്ചിറ ചേരിയിൽ
8. P.J. തോമസ് പണിക്കരുവീട് *(സ്റ്റാൻഡിംഗ് കമ്മറ്റിചെയർമാൻ)*
9. റോസമ്മ തോമസ് മുരിക്കനാനിക്കൽ

57-2

"ഇൻഡ്യയുടെ ആത്മാവ്
കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്"

ഗാന്ധിജി

നമ്മുടെ പ്രതിനിധികൾ



ശ്രീ: രമേശ് ചെന്നിത്തല M.P.



ശ്രീ: കെ നാരായണക്കുറുപ്പ്
M.L.A.

ശ്രീമതി M.H. റംല
ജില്ലാ പഞ്ചായത്തു മെമ്പർ



അഡ്വ : C.K. ജോസഫ്
ബ്ലോക്ക് പഞ്ചായത്തു മെമ്പർ

ശ്രീമതി. സലീനാ ജോർജ്ജ് സാൽ
ബ്ലോക്ക്പഞ്ചായത്തു മെമ്പർ

പഞ്ചായത്തു ഭരണ സാരഥികൾ



വൈസ് പ്രസിഡന്റ്
ജോർജ്ജ് പന്തനാലി



പ്രസിഡന്റ്
ജാൻസി രഷ്പുക്കുട്ടൻ



P.J. തോമസ്
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



വാർഡ് 2
രവീന്ദ്ര നാഥൻ നായർ
കമ്മറ്റി മെമ്പർ



വാർഡ് 3
ടെൽമാ സണ്ണി
കമ്മറ്റി മെമ്പർ



വാർഡ് 4
T.T. ജോസഫ്
കമ്മറ്റി മെമ്പർ



വാർഡ് 5
P.K. ഗോപാലൻ
കമ്മറ്റി മെമ്പർ



വാർഡ് 6
K.M. സലിം
(ഈസ്റ്റ് ചേരിയിൽ)

വാർഡ് 9
റോസമ്മ തോമസ്



K. A. കൃഷ്ണപിള്ള
(പഞ്ചായത്തു സെക്രട്ടറി)

PANCHAYATH STAFF

1	K. A. Krishna Pillai	Secretary
2	K. Abdul Azeez	Junior Superintend
3	S. Belkish Beevi	U.D.C. Clerk
4	Abraham C. Mathew	"
5	Anniamma Sebastian	"
6	G. Vilasini	L.D. Clerk
7	P. K. Radhamaniamma	"
8	M. K. Babu	"
9	K. K. Ammini	Peon
10	C. M. Mariam	"
11	O. R. Muraleedharan Nair	F. T. S.
12	T. Thulasidhasan	F. T. Lib
13	E. M. Isha	P.T.S.
14	Thankamma	"
15	Santhamma	"

കങ്ങഴ പഞ്ചായത്തു മുൻ പ്രസിഡന്റുമാർ

പി.കെ.പങ്കജാക്ഷൻ പിള്ള



പി.വി.ജോസ് പീടിയേക്കൽ



പി.കെ. സുരേന്ദ്രൻ

പി.റ്റി. ഏബ്രഹാം കടവുംഭാഗം



പി.വി. വറുഗീസ് പായിക്കാട്

റിപ്പോർട്ടിനു രൂപം നല്കിയവർ

സർവ്വശ്രീ. T. V. ഫിലിപ്പോസ്

„ K. R. രാമകൃഷ്ണൻനായർ

„ K. K. G. നായർ

„ C. V. തോമസ്കുട്ടി

„ റജി എബ്രഹാം

„ K. H. ഇബ്രാഹിം

„ P. J. മാത്യു

M. H. റംല

„ D. A. മുരളീധരൻ പിള്ള

„ പ്രകാശ്

„ G. ബാലകൃഷ്ണൻ നായർ

„ P. V. ജോസ്

„ C. A. രാജേന്ദ്രൻ

ഈ വികസന റിപ്പോർട്ടിനുപിന്നിൽ.....

ഗ്രാമസഭാ റിപ്പോർട്ടുകൾ തയ്യാറാക്കുകയും ദ്വിതീയ വിവരശേഖരണം നടത്തുകയും ചെയ്തവർ

T. V. ഫിലിപ്പോസ്
K. R. ഗോപാലകൃഷ്ണൻനായർ
K. K. G. നായർ
C. V. തോമസ്കുട്ടി
K. H. ഇബ്രാഹിം
P. J. മാത്യു
D. A. മുരളീധരൻ പിള്ള
പ്രകാശ് N. കങ്ങഴ
G. ബാലകൃഷ്ണൻ നായർ
P. V. ജോസ്
C. A. രാജേന്ദ്രൻ
P. R. മുരളീധരൻ നായർ
K. G. ചന്ദ്രശേഖരമേനോൻ
A. V. സോമനാഥപിള്ള
M. R. നന്ദനൻ പിള്ള
T. V. വിജയൻ
K. N. കൃഷ്ണൻകുട്ടിപ്പണിക്കർ
K. T. സൈമൺ
വിനോദ് എബ്രഹാം
ആലീസ് തോമസ്
A. M. ഏബ്രഹാം
K. G. സുധാകരൻ
A. അലിയാരുകുഞ്ഞ്
ബാബു ഏബ്രഹാം
A. K. അനിസ്
V. C. ചാക്കോ
നന്ദകുമാർ
K. M. ബേബി
V. ശശികുമാർ
K. M. തോമസുകുട്ടി
K. K. വർഗീസ്
C. K. ഗോപി
ജേക്കബ് P. ഐസക്ക്
P. K. സുരേന്ദ്രൻ
T. S. ഷാജു
ജയപ്രകാശ് മാടപ്പാട്ട്
സുരേഷ് ഇലഞ്ഞിപ്പുറം
K. S. രവീന്ദ്രൻ
ജോൺസൺ
M. C. തോമസ്
അപ്പുക്കുട്ടൻ
രവീന്ദ്രനാഥൻ പിള്ള
തോമസ്
C. C. മാത്യു
അമ്മിണി അലക്സ്
വത്സലാകുമാരി

ഉള്ളടക്കം

A.....

I ആമുഖം

II ഭരണചരിത്രം

III സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

IV ഭൂപ്രകൃതിയും വിഭവങ്ങളും

B വികസനമേഖലകൾ

1. പ്രാഥമികമേഖല

(a) കൃഷിയും ജലസേചനവും

(b) മൃഗസംരക്ഷണം

2. ദ്വിതീയ മേഖല

(a) വ്യവസായം

(b) ഊർജ്ജം

(c) ഗതാഗതം

(d) പാർപ്പിടം

C സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും

1. ആരോഗ്യം
2. കുടിവെള്ളം
3. വിദ്യാഭ്യാസം
4. സംസ്കാരം
5. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
6. വനിതകളുടെ സാമൂഹ്യപദവി
7. സാമൂഹ്യ ക്ഷേമം
8. സഹകരണമേഖല
9. വിഭവസമാഹരണം

വികസനരേഖ

1996

കങ്ങഴ ഗ്രാമപഞ്ചായത്ത്

A (I)

ആമുഖം

സ്വാ തന്ത്രലബ്ധിക്കുശേഷം എട്ടുപഞ്ച വത്സരപദ്ധതികൾ നാം ആവിഷ്കരിച്ചു നടപ്പാക്കിക്കഴിഞ്ഞു. ആസൂത്രണവിദഗ്ദ്ധന്മാരും സാമ്പത്തിക ശാസ്ത്രജ്ഞന്മാരും ഭരണനേതൃത്വവും ചേർന്ന് കേന്ദ്രീകൃതമായി പദ്ധതികൾ തയ്യാറാക്കി, ഉദ്യോഗസ്ഥന്മാരിലൂടെ നടപ്പാക്കിയവയായിരുന്നു ഇവയെല്ലാം തന്നെ. അതിനാൽ ജനപങ്കാളിത്തവും പൊതുവെ കുറവായിരുന്നു. വ്യത്യസ്തമായ ഭൂപ്രകൃതിയും സാമ്പത്തിക-സാംസ്കാരിക-സാമൂഹ്യപശ്ചാത്തലവുമുള്ള വിശാലമായ ഈ രാജ്യത്തെ കോടിക്കണക്കിന് ജനങ്ങൾക്ക് ഒരേ മാനദണ്ഡത്തിലുള്ള വികസന ആസൂത്രണം, പദ്ധതി ലക്ഷ്യം നേടുന്നതിന് പര്യാപ്തമായിരുന്നില്ല. അധികാരം ജനങ്ങളിൽ എത്തുന്നതിന് കാലവിളംബം വന്നു. ഉദ്യോഗസ്ഥരിൽതന്നെ കേന്ദ്രീകരിക്കുന്ന സമ്പ്രദായം തുടരുകയായിരുന്നു എന്നതാണ് വസ്തുത.

അധികാരം ജനങ്ങളിൽ എത്തിച്ച് വികസന സംരംഭങ്ങൾ വികേന്ദ്രീകരിക്കുകയെന്നതാണ് ഏറ്റവും ഫലപ്രദമായ ശൈലി എന്നു ദേശീയനേതൃത്വത്തിന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ്, 73-ഉം 74-ഉം ഭരണഘടനാഭേദഗതിയിലൂടെ 1995-ൽ ത്രിതല പഞ്ചായത്തുരാജ് സംവിധാനം നിലവിൽ വന്നത്. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങളും ചുമതലകളും മാത്രമല്ല, അതോടൊപ്പം സ്വതന്ത്രമായി വിനിയോഗിക്കാൻ ഉതകുന്ന കൂടുതൽ വിഭവങ്ങളും ഏർപ്പെടുത്തിയിരിക്കുകയാണ്. ഗ്രാമീണരുടെ വികസനാവശ്യങ്ങളും പ്രശ്നങ്ങളും നേരിട്ടറിഞ്ഞ് വിശദമായി ചർച്ച ചെയ്ത് വിശേഷാൽ ഗ്രാമസഭകളിലൂടെ നിർദ്ദേശിക്കപ്പെട്ട മുൻഗണനകളുടെ അടിസ്ഥാനത്തിലാണ് ഒൻപതാം പദ്ധതിക്ക് രൂപം നല്കുന്നത്. അതിനുവേണ്ടിയുള്ള പ്രായോഗിക സംവിധാനമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. വികസന പദ്ധതികളുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെ എല്ലാ ഘട്ടങ്ങളിലും വമ്പിച്ച ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നു എന്നതാണ് ഈ പ്രവർത്തന ശൈലിയുടെ സവിശേഷത.

ആസൂത്രണത്തിലും വികസനപ്രവർത്തനങ്ങളിലും മുൻപരിചയമോ പങ്കാളിത്തമോ ഇല്ലാത്ത സാധാരണക്കാർക്ക് ഈ വിഷയത്തിൽ വേണ്ടത്ര അറിവു പകർന്നു കൊടുക്കുന്നതിനുള്ള പരിശീലനമാണ് പ്രാഥമികമായ പരിപാടി. സംസ്ഥാന-ജില്ലാ-ഗ്രാമതലങ്ങളിൽ, വിദഗ്ദ്ധന്മാർ നയിക്കുന്ന പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കപ്പെടുന്നു. ഇപ്രകാരംപ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ ഒരു വലിയനിര ഇതിനകംതന്നെ പരിശീലനം നേടിക്കഴിഞ്ഞിട്ടുണ്ട്. പരിശീലനത്തിനുള്ളവരെ നിർദ്ദേശിച്ചിട്ടുള്ളത് പഞ്ചായത്തുകളാണ്.

73-ാം ഭരണഘടനാഭേദഗതിയും 1994-ലെ കേരള പഞ്ചായത്തുരാജ് നിയമവും അനുശാസിക്കുന്നതുപോലെ ഗ്രാമത്തിന്റെ വികസനപദ്ധതികൾ തയ്യാറാക്കുന്നതിനും അവയുടെ നടത്തിപ്പിന് മേൽനോട്ടംവഹിക്കുന്നതിനും വാർഡുതലത്തിലുള്ള ഗ്രാമസഭകൾക്ക് അധികാരം സിദ്ധിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഒൻപതാം പദ്ധതിയുടെ ആസൂത്രണം എന്ന ഒറ്റ അജൻഡായിൽ നമ്മുടെ പഞ്ചായത്തിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടിയത്. 27.9.96 മുതൽ2.10.96വരെ നടത്തപ്പെട്ട വിശേഷാൽ ഗ്രാമസഭകളിൽ അംഗങ്ങൾ പ്രത്യേകം ഗ്രൂപ്പുകളായിത്തിരിഞ്ഞ് വിവിധ വികസന വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തങ്ങളുടെ വികസനാവശ്യങ്ങൾക്ക് രൂപം നല്കി. ചർച്ചകൾക്ക് മാർഗ്ഗ നിർദ്ദേശം നല്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ ഓരോ ഗ്രൂപ്പിലും പങ്കെടുക്കുകയുണ്ടായി. ഗ്രാമസഭ ഓരോഗ്രൂപ്പിന്റെയും നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ഈ വികസന സെമിനാറിൽ പങ്കെടുക്കാനുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു. വിശേഷാൽ ഗ്രാമസഭകളിൽ 60 മുതൽ 200 വരെ അംഗങ്ങൾ സംബന്ധിച്ചിരുന്നു. 40% വരെ വനിതാ പ്രാധിനിധ്യം ചിലവാർഡുകളിൽ വന്നിട്ടുണ്ട്.

പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ ഗ്രൂപ്പുകളായിതിരിഞ്ഞ് വിവിധ ഡിപ്പാർട്ടുമെന്റുകളുമായും ഓഫീസുകളുമായും ബന്ധപ്പെട്ട് പഞ്ചായത്തിന്റെ പൊതുവായസ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്ന പ്രവർത്തനമാണ് പിന്നീടു നടന്നത്. പഞ്ചായത്തിന്റെ ഭൂസ്ഥിതി, മണ്ണ്, വിള, വിഭവങ്ങൾ, ജലലഭ്യത, മറ്റുപ്രത്യേകതകൾ എല്ലാം തിട്ടപ്പെടുത്തുന്നതിന് പഠനപര്യടനങ്ങളും നടത്തപ്പെട്ടു. 8-11-1996 മുതൽ 10-11-96 വരെ വികസനറിപ്പോർട്ടുതയ്യാറാക്കുന്നതിനുള്ള പരിശീലനവും 15-11-96-ൽ ഗ്രാമതല പരിശീലനവും കഴിഞ്ഞു. വിവിധ വിഷയങ്ങളെ സംബന്ധിച്ച് വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിന് പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചു. പഞ്ചായത്തുമെമ്പർ അദ്ധ്യക്ഷനായും പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകൻ കൺവീനറായും 13 കമ്മിറ്റികൾ ആണുള്ളത്. ഈ കമ്മിറ്റികൾ ഗ്രാമസഭാ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് തയ്യാറാക്കിയ രേഖകളാണ് ഈ വികസന റിപ്പോർട്ടിന്റെ അടിസ്ഥാനം.

A (II)

പഞ്ചായത്തിന്റെ ഭരണ പാരമ്പര്യം

1951-ൽ രൂപീകരിക്കപ്പെട്ടതാണ് പഞ്ചായത്തുകൾ. ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിൽ വന്നത് 1953-ലാണ്.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ - 1953

വാർഡ് 1. A. K. പുരുഷോത്തമൻപിള്ള ഇലയ്ക്കാട്

" 2. K. S. ഗോവിന്ദൻ നായർ ഞാളിയേടത്ത്

" 3. P. C. വർഗീസ് പയ്യമ്പള്ളിൽ (രാജിവച്ചു)
P. C. ജോർജ്ജ് പുതുപ്പറമ്പിൽ (ഉപതെരഞ്ഞെടുപ്പ്)

" 4. P. V. വർഗ്ഗീസ് പായിക്കാട്

" 5. M.C ഖാൻ റാവുത്തർ മാളിയേക്കൽ

" 6. P.J. ഫിലിപ്പ് പണിക്കരുവീട്

" 7. K.M. മാണി പനംപുന്ന എസ്റ്റേറ്റ്

" 8. P.P. പോൾ കുമരച്ചേരിൽ

പഞ്ചായത്തു പ്രസിഡന്റ്
P.V. വർഗ്ഗീസ് പായിക്കാട്
(1953 - 58)

K. S. ഗോവിന്ദൻ നായർ ഞാളിയേടത്ത്
(Vice - പ്രസിഡന്റ് ഇൻ ചാർജ്ജ്)
1958- മുതൽ.

1963 ൽ തെരഞ്ഞെടുക്കപ്പെട്ട രണ്ടാമതു ഭരണ സമിതി

വാർഡ് 1. C.R. ദാസ് ശ്രീഭവൻ

" 2. P.V. ജോസഫ് പൊന്നന്താനം (രാജിവെച്ചു)

" P.V. ജോസഫ് പീടിയേക്കൽ (1965 ഉപ
" തെരഞ്ഞെടുപ്പ്)

" 3. P.T. ഏബ്രഹാം കടവുംഭാഗം

" 4. A.C. ഫിലിപ്പ് അക്കരക്കടുപ്പിൽ

" 5. P.K. പങ്കജാക്ഷൻപിള്ള ശ്രീവിഷ്ണു വിലാസം

" 6. K.P. തോമസ് കല്ലറയ്ക്കൽ

" 7. C. കുട്ടൻപിള്ള ചിറ്റേട്ട്

" 8. Dr. K.E. ശങ്കർ കുര്യംപ്ലാക്കൽ

പ്രസിഡന്റ്
P.K. പങ്കജാക്ഷൻപിള്ള
(1963-1972)
P.T. ഏബ്രഹാം കടവുംഭാഗം (1972-1979)

1979-ൽ തെരഞ്ഞെടുക്കപ്പെട്ട മൂന്നാമതു ഭരണസമിതി

വാർഡ് 1. S.R. കൃഷ്ണൻകുട്ടി ശ്രായിപ്പള്ളിൽ
(വൈസ് പ്രസിഡന്റ്)

2. P.V. ജോസഫ് പീടിയേക്കൽ

3. P.T. ഏബ്രഹാം കടവുംഭാഗം

4. P.V. മാത്യു പടിഞ്ഞാറേമുറിയിൽ

5. M.H. തമ്പിറാവുത്തർ മാളിയേക്കൽ

6. T.M. അബ്ദുൾ കരീം താഴത്തേടം

7. P.V. ചെറിയാൻ കാനകാട്ട്

8. മറിയാമ്മ തോമസ് കാവുങ്കൽ

9. M.D. ദേവസ്യ മാങ്ങോട്ട്.

പ്രസിഡന്റ്
P.T. ഏബ്രഹാംകടവും ഭാഗം
(1979–1980)
P.V. ജോസഫ് പീടിയേക്കൽ
(1980–1984)

1987-ലെ തെരഞ്ഞെടുപ്പ് - നാലാമതു ഭരണസമിതി

വാർഡ് 1. P.K. ഗോപാലൻ കൈപ്പയിൽ

2. P.V. ജോസഫ് പീടിയേക്കൽ

3. ചാണ്ടി ചാണ്ടി കല്ലറയ്ക്കൽ

4. P.K. സുരേന്ദ്രൻ തെക്കേപ്പകുതിയിൽ

5. C.P. ചെല്ലമ്മ പുത്രശ്ശേരിൽ

6. K.M സലീം കൊറ്റഞ്ചിറ ചേരിയിൽ
(വൈസ് പ്രസിഡന്റ്)

7. P.V. ചെറിയാൻ കാനകാട്ട്

8. ജയിക്കബ് P. ഐസക് ഒട്ടല്ലൂർ

9. റോസമ്മ തോമസ് മുരിക്കനാനിക്കൽ

10. A.V. സോമനാഥപിള്ള ആലുങ്കൽ

പ്രസിഡന്റ്
P.K. സുരേന്ദ്രൻ തെക്കേപ്പകുതിയിൽ
(1987–1994)

1995-ലെ തെരഞ്ഞെടുപ്പ് - അഞ്ചാമതു ഭരണസമിതി

വാർഡ്
1. ജോർജ്ജ് പന്തനാലി
2. രവീന്ദ്രനാഥൻ നായർ
3. ടെൽമാ സണ്ണി
4. T. T. ജോസഫ് തെക്കേൽ
5. P. K. ഗോപാലൻ കൈപ്പയിൽ
6. K. M. സലീം കൊറ്റഞ്ചിറ ചേരിയിൽ
7. P. J. തോമസ് പണിക്കരുവീട്
8. ജാൻസി അപ്പുക്കുട്ടൻ
9. റോസമ്മ തോമസ് മുരിക്കനാനിക്കൽ

പ്രസിഡന്റ്
ജാൻസി അപ്പുക്കുട്ടൻ

വൈസ് പ്രസിഡന്റ്
ജോർജ്ജ് പന്തനാലി

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ
P. J. തോമ്മസ് പണിക്കരുവീട്

കങ്ങഴ പഞ്ചായത്ത് ഗ്രാമോത്സവം 1983-84

ജനകീയാസൂത്രണ സങ്കല്പത്തിന്റെ ഒരു പ്രാരംഭപരീക്ഷണമായിരുന്നു 1980-81-ൽ കേരള ഗവൺമെന്റ് അംഗീകരിച്ചുനടപ്പാക്കിയ ഗ്രാമോത്സവ പരിപാടികൾ. 1983-84-ൽ കങ്ങഴയും ഗ്രാമോത്സവ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്തും വിവിധ ഡിപ്പാർട്ടുമെന്റുകളും, ബഹുജനങ്ങളും ഒത്തുചേർന്നുപ്രവർത്തിക്കുമ്പോൾ വികസനപരിപാടികൾ അത്ഭുതകരമായി വിജയിപ്പിക്കാൻ കഴിയുമെന്നു തെളിയിച്ച ഗ്രാമോത്സവം, നമുക്ക് എന്നും പ്രചോദനം നൽകുന്ന അനുഭവമാണ്. കങ്ങഴ ഗ്രാമോത്സവത്തിന്റെ വിജയ സ്മാരകമായി പണിതുടങ്ങിയതാണ് ഇന്നത്തെ മിനി സിവിൽ സ്റ്റേഷൻ മന്ദിരം. ഇതിന്റെ വികസനപരിപാടികൾ മുൻഗണന നല്കി പൂർത്തിയാക്കേണ്ടതായി അവശേഷിക്കുന്നു.

കങ്ങഴ പഞ്ചായത്ത് പൊതു വിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	കങ്ങഴ ഗ്രാമപഞ്ചായത്ത്
റവന്യൂ വില്ലേജ്	:	കങ്ങഴ വില്ലജ് – പൂർണ്ണമായി. വാഴൂർ വില്ലേജ് – 340 Hectre (ഭാഗീകം)
ബ്ലോക്ക് പഞ്ചായത്ത്	:	വാഴൂർ
" ഡിവിഷൻ	:	(1. കങ്ങഴ 2. നെടുമണ്ണി ഭാഗീകം)
താലൂക്ക്	:	ചങ്ങനാശ്ശേരി
ജില്ല	:	കോട്ടയം
അസംബ്ലി മണ്ഡലം	:	വാഴൂർ
വിസ്തീർണ്ണം	:	31.19 ച.കി.മീറ്റർ
ജനസംഖ്യ	:	18644 പു : 9197 സ്ത്രീ : 9447
വാർഡുകൾ	:	9 എണ്ണം
വീടുകൾ	:	4563
പഞ്ചായത്തുപ്രസിഡന്റ്	:	ശ്രീമതി ജാൻസി അപ്പുക്കുട്ടൻ
വൈസ് പ്രസിഡന്റ്	:	ശ്രീ. ജോർജ്ജ് പന്തനാലി
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	:	ശ്രീ. P.J. തോമസ്

അതിർത്തികൾ

വടക്ക്	–	14–ാം മൈൽ – കാനം റോഡ്, കാനം ചാമംപതാൽ റോഡ്.
കിഴക്ക്	–	കാപ്പുകാട് – കാനം റോഡ്, കാനം ഉള്ളായം റോഡ്. വെള്ളാവൂർ പഞ്ചായത്ത്, ഇടയിരിക്കപ്പുഴ തോട്.
തെക്ക്	–	വെള്ളാവൂർ പഞ്ചായത്ത്, ചെങ്ങാട്ടു തോട്.
പടിഞ്ഞാറ്	–	ചങ്ങനാശ്ശേരി – വാഴൂർ റോഡ്, നെടുമണ്ണി തോട്.

ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾ

1.	പ്രൈമറി ഹെൽത്തുസെന്റർ	–	ഇടയിരിക്കപ്പുഴ
2.	വാഴൂർ കൃഷിഅസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്	–	പത്തനാട്
3.	കൃഷിഭവൻ	–	പത്തനാട്
4.	വില്ലേജ് ഓഫീസ്	–	പത്തനാട്
5.	ഗ്രാമപഞ്ചായത്ത് ഓഫീസ്	–	പത്തനാട്
6.	ടെലഫോൺ എക്സ്ച്ചേഞ്ച്	–	പത്തനാട്
7.	മഴവഞ്ചേരി രാമൻ നായർ മെമ്മോറിയൽ ഗവ: ആയുർവ്വേദ ആശുപത്രി	–	പാണ്ടിയാം കുഴി
8.	മൃഗാശുപത്രി	–	കാഞ്ഞിരപ്പാറ
9.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്	–	കാനം
10.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്	–	പത്തനാട്
11.	I.C.D.P. സബ് സെന്റർ	–	പ്ലാക്കൽപടി
12.	തപാൽ ഓഫീസ്	–	പത്തനാട്
13.	തപാൽ ഓഫീസ്	–	ഇടയിരിക്കപ്പുഴ
14.	തപാൽ ഓഫീസ്	–	മുണ്ടത്താനം
15.	തപാൽ ഓഫീസ്	–	കാനം
16.	ഗവ: L.P. സ്ക്കൂൾ	–	പത്തനാട്
17.	മാവേലി സ്റ്റോർ	–	പത്തനാട്
18.	ഇലക്ട്രിസിറ്റി ഓവർ സിയർ ഓഫീസ്	–	പത്തനാട്
19.	P.H. Centre സബ് സെന്റർ	–	തണ്ണിപ്പാറ

A (III)

സാമൂഹിക -സാംസ്കാരിക-ചരിത്ര പശ്ചാത്തലം

കണ്വമഹർഷിയുടെ ആശ്രമ സങ്കേതം എന്ന സങ്കല്പത്തിൽ കണ്വഴ' എന്നനാമവും പിന്നീട് കങ്ങഴ എന്ന രൂപവും ഉണ്ടായി എന്ന് ഐതിഹ്യമുണ്ട്. കങ്ങഴയുടെ സാമൂഹ്യ സാംസ്കാരിക ചരിത്രം രണ്ടു പുരാതനക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. പഴക്കംകൊണ്ട് പ്രാധാന്യം പത്തനാട്ടുകാവ് എന്നറിയപ്പെടുന്ന ഭഗവതിക്ഷേത്രത്തിനാണെങ്കിലും പ്രതാപവും ദേശാധിപത്യവും കൊണ്ട് ശിവക്ഷേത്രത്തിനാണ് മുഖ്യസ്ഥാനം. നൂറ്റാണ്ടുകൾക്കു മുമ്പ് തെക്കുംകൂർ രാജാവു സ്ഥാപിച്ചതാണ് ശിവക്ഷേത്രം. ക്ഷേത്രകാര്യങ്ങളുടെനടത്തിപ്പിനായി വിട്ടുകൊടുത്തതാണ് കങ്ങഴ ഗ്രാമം. ബ്രട്ടീഷ് ഭരണകാലത്ത് ബ്രഹ്മസ്വം സ്വത്തുക്കൾ ഒഴിച്ചുള്ള ക്ഷേത്രങ്ങളും അവയുടെ സ്വത്തുക്കളും ഗവൺമെന്റിലേക്ക് ഏറ്റെടുക്കുവാൻ നടപടിയുണ്ടയി. കങ്ങഴ ദേവസ്വം സ്വത്തുക്കൾ ബ്രിട്ടീഷ് ഭരണത്തിൻ കീഴിലാകാതിരിക്കാൻ അവ കാലടിയിലെ പടപ്പമന ഇല്ലത്തേക്കുകൈമാറുവാൻ ക്ഷേത്രം ഭരണാധികാരികൾ നിശ്ചയിച്ചു. പടപ്പമന ഇല്ലത്തുനിന്നും ക്ഷേത്രവും സ്വത്തുക്കളും ഫ്യൂഡൽ വ്യവസ്ഥയിൽ വളർന്നുവന്ന നായർ പ്രമാണിമാരുടെ അധീനത്തിലായി. പൂജാരിമാരായി മലബാർ പ്രദേശത്തുനിന്നുവന്നബ്രാഹ്മണരും കഴകക്കാരായിഎത്തിയ അമ്പലവാസികളും ക്ഷേത്രപരിസരത്ത് ആവാസ കേന്ദ്രങ്ങൾ ആരംഭിച്ചു. ഭഗവതിക്ഷേത്രവും ശിവക്ഷേത്രവും അവയുടെ സ്വത്തുക്കളും ചില പ്രമാണികൾ തങ്ങളുടെ സ്വകാര്യസമ്പത്താക്കി മാറ്റിയെടുത്തു.

കാലം മുമ്പോട്ടുപോകുകയും കാർഷികാവശ്യത്തിന് കൂടുതൽ ഭൂമി ഉപയോഗപ്പെടുത്തേണ്ടത് ആവശ്യമായിവരികയും ചെയ്തപ്പോൾ ഫലപൂയിഷ്ടമായ ഈ ഗ്രാമത്തിലേക്ക് വിവിധപ്രദേശത്തുനിന്നുള്ള കർഷ്കർ പ്രത്യേകിച്ച് ക്രിസ്ത്യൻ കുടുംബങ്ങൾ കുടിയേറിവന്നു. പാട്ടമായും മറ്റു വ്യവസ്ഥകളിലും ഇവർ കൃഷി ഭൂമി കൈവശപ്പെടുത്തി. ഏതാണ്ട് 350 വർഷം വരെ ഈ കുടിയേറ്റത്തിന് പഴക്കമുള്ളതായി കരുതപ്പെടുന്നു. പരമ്പരാഗതമായി ഈ നാട്ടിലുണ്ടായിരുന്ന പുലയർ, പറയർ മുതലായ വിഭാഗങ്ങളിൽപെട്ടവർകൂലിപ്പണിക്കാരായും മറ്റും മറ്റുള്ളവരുടെ അടിമത്ത്വത്തിലായിത്തീർന്നു. പാണ്ടിനാട്ടിൽനിന്നും കച്ചവടത്തിനായി എത്തി സ്ഥിരതാമസമാക്കിയവരാണ് കങ്ങഴയിലെ പുരാതന മുസ്ലിംകുടുംബങ്ങളുടെ മുൻഗാമികൾ. കങ്ങഴയിലെ സ്ഥിരമായജനവാസത്തിന് 500 വർഷത്തിലധികം പഴക്കമുള്ളതായി കരുതപ്പെടുന്നില്ല.

ഒന്നരനൂറ്റാണ്ടിനു മുമ്പു സ്ഥാപിച്ചതാണ് കങ്ങഴ പുതൂർപളളി എന്ന മുസ്ലീം പളളി. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഇവിടെ ആരംഭിച്ചതും ഏതാണ്ട് അക്കാലത്തുതന്നെയാണ്. ചർച്ച് മിഷ്യൻ സൊസൈറ്റി സ്ഥാപിച്ച കാനം, കോവൂർ പളളികൾക്ക് 140 വർഷത്തെ പഴക്കമുണ്ട്. കാനം, കോവൂർ C.M.S. പ്രൈമറി സ്ക്കൂളുകളും പത്തനാട്ടെ ഗവൺമെന്റ് L.P. സ്ക്കൂളുമാണ് നൂറുവർഷത്തിലധികം പഴക്കമുളള വിദ്യാഭ്യാസസ്ഥാപനങ്ങൾ. 1890-ലാണ് കങ്ങഴ സെന്റ് തോമസ് ഓർത്തഡോക്സ് പളളി സ്ഥാപിച്ചത്. അടിമത്തം അനുഭവിച്ചിരുന്ന അധഃകൃതവർഗ്ഗങ്ങളെവിമോചിപ്പിച്ച് വിശ്വാസത്തിന്റെയും, വിജ്ഞാനത്തിന്റെയും വെളിച്ചം പകർന്നുകൊടുത്തുകൊണ്ടാണ് ക്രിസ്ത്യൻ മിഷനറിമാർ പ്രവർത്തനം ആരംഭിച്ചത്. മതപരിവർത്തനത്തിലൂടെ പുതിയ സമൂഹത്തെ സൃഷ്ടിക്കുന്നതിനും അവർക്ക് വിദ്യാഭ്യാസം നല്കിസാമൂഹ്യ പുരോഗതിയുടെ പൊതുധാരയിൽ എത്തിക്കുന്നതിനും ഇത് സഹായകമായിത്തീർന്നിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസത്തിനുള്ള ആദ്യ സ്ഥാപനം 1932-ൽ ആരംഭിച്ച, കങ്ങഴ മലയാളം മിഡിൽ സ്ക്കൂൾ ആയിരുന്നു. പീന്നീടിത് മലയാളം ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. 1949-മുതൽ S.S.L.C. വരെയുള്ള ഇംഗ്ലീഷ് ഹൈസ്ക്കൂളായി മാറ്റി. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡ്ഡു് മാനേജ്മെന്റിലുള്ള ഈ വിദ്യാലയം രണ്ട് I.A.S കാരുൾപ്പെടെ പല പ്രഗത്ഭർക്കും മാതൃത്വം നല്കിയിട്ടുണ്ട്. പുരാതനമായ മൂന്നു ഹൈന്ദവ ക്ഷേത്രങ്ങളും വിവിധ വിഭാഗങ്ങളുടേതായി അറുപതോളം ക്രൈസ്തവ ആരാധനാലയങ്ങളും ഒൻപതു മുസ്ലീം ആരാധനാലയങ്ങളും മറ്റുചില ആരാധനാസ്ഥലങ്ങളും സ്ഥിതി ചെയ്യുന്ന കങ്ങഴയിൽ എല്ലാവിഭാഗം ജനങ്ങളും ഇടകലർന്നു ജീവിക്കുന്ന ആവാസ സംസ്കാരമാണുള്ളത്. ആധുനിക സാമൂഹ്യവ്യവസ്ഥ നിലവിൽ വന്നതിനുശേഷം എന്തെങ്കിലും സാമുദായിക പ്രശ്നങ്ങൾ കങ്ങഴയിലെ ജനജീവിതത്തെ തെല്ലും അലോരസപ്പെടുത്തിയിട്ടില്ല.

നവോഥാനപ്രസ്ഥാനം കങ്ങഴയിൽ അനുഭവപ്പെട്ടത് ക്രിസ്ത്യൻ മിഷനറിപ്രവർത്തനത്തിലാണ്. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ സാമൂഹ്യമായി അടിമത്തം അനുഭവിച്ചിരുന്നവർ ദേശീയപ്രസ്ഥാനത്തിന്റെ നേതൃത്ത്വത്തിൽ സംഘടിച്ചുപ്രവർത്തിച്ചപ്പോൾ അതിന്റെ അലയടികൾ കാര്യമായി ഇവിടെ ഉണ്ടായിട്ടില്ല. കാരണം ആ രീതിയിൽ സംഘടിതമായ ഒരു വിഭാഗം ഇവിടെഉണ്ടായിരുന്നില്ല. എന്നാൽ ശ്രീനാരായണഗുരുവിന്റെയും മന്നത്തുപത്മനാഭന്റെയും മറ്റും സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങൾ ഈ നാട്ടിൽ വളരെ ആഴത്തിൽ വേരൂന്നിയിട്ടുണ്ട്. S.N.D.P. യോഗം അതിന്റെ പ്രവർത്തനം ആരംഭിച്ച ആദ്യനാളുകളിൽ തന്നെ കങ്ങഴയിൽ ശാഖ സ്ഥാപിക്കുകയുണ്ടായി. സ്വാതന്ത്ര്യസമരത്തിന്റെ അന്ത്യഘട്ടങ്ങളിൽ ഈ പ്രദേശത്തെ പലരും സജീവമായി പങ്കെടുത്തിരുന്നു. സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനവും അതിന്റെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളി മഹിളാ പ്രസ്ഥാനങ്ങളും രൂപം കൊണ്ടു പ്രവർത്തിച്ചിരുന്നെങ്കിലും വലിയകർഷകസമരങ്ങൾക്കൊന്നും തന്നെ ഈ നാട് സാക്ഷ്യം വഹിക്കേണ്ടിവന്നിട്ടില്ല.

ചെറുകിട നാമമാത്ര കർഷകരുൾപ്പെടെ 4500 -ൽ അധികം കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്. അതിൽ ഏതാണ്ട് 25% താമസിക്കുന്നത് അടിയന്തിരമായി പുനർ നിർമ്മാണം നടത്തേണ്ട കുടിലുകളാണ്. ബാക്കിയുള്ള വീടുകളിൽ 20% എങ്കിലും ആധുനികജീവിതസൗകര്യങ്ങൾ ഉള്ളവയായി കണക്കാക്കുന്നു.

കന്നുകാലിസമ്പത്ത് ധാരാളമായി ഉണ്ടായിരുന്ന 1950 കാലം വരെ ഗംഭീരമായി നടന്നുവന്ന കങ്ങഴകാളച്ചന്ത ഈ നാടിന് വളരെപ്രശസ്തി നേടിക്കൊടുത്തിട്ടുണ്ട്. കേരളത്തിന്റെ എല്ലാഭാഗങ്ങളിൽ നിന്നും തമിഴ്നാട്ടിൽനിന്നുപോലും ധാരാളം ഉരുക്കളും വണ്ടികളും വ്യാപാരത്തിനെത്തിയിരുന്നു. ക്രമേണ കന്നുകാലിവളർത്തലും കാളവണ്ടിയുടെ ഉപയോഗവും മറ്റും കുറഞ്ഞതിനാൽ കാളച്ചന്ത നിലച്ചുപോയി.

ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് ഇടയിരിക്കപ്പുഴ പ്രൈമറിഹെൽത്തുസെന്ററും പാണ്ടിയാം കുഴിയിൽ ഉള്ള മഴവഞ്ചേരിൽ രാമൻനായർ സ്മാരക ആയുർവ്വേദാശുപത്രിയും ഗവൺമെന്റു സ്ഥാപനങ്ങളായി നിലവിലുണ്ട്. സമീപപ്രദേശങ്ങളിൽ പല വൻകിടആശുപത്രികൾ ഉണ്ടെങ്കിലും പഞ്ചായത്ത് അതിർത്തിയിൽ മികച്ച സംവിധാനങ്ങളുള്ള ആശുപത്രികളൊന്നുമില്ല. ചെറിയ രണ്ടു മൂന്നു സ്വകാര്യ അലോപ്പതി ആശുപതികളും വൈദ്യശാലകളും ഒരു പ്രകൃതി ചികിത്സാകേന്ദ്രവും വിവിധഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്നു.

മൂന്ന് ഹൈസ്ക്കൂളുകളും രണ്ട് അപ്പർ പ്രൈമറിസ്ക്കൂളുകളും എട്ട് L.P. സ്ക്കൂളുകളും ചേർന്ന് സാമാന്യവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ നല്കുന്നു. ഉപരിവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾവളരെ അകലത്തിൽത്തന്നെയാണിന്നും. സ്വാതന്ത്ര്യലബ്ധിക്കുശേഷം സ്ഥാപിച്ച ഗ്രാമസ്വരാജ് പബ്ലിക്ക് ലൈബ്രറി ഇടയിരിക്കപ്പുഴയിലും പഞ്ചായത്തു ലൈബ്രറി പത്തനാട്ടും

പ്രവർത്തിക്കുന്നു. രജിസ്റ്റർ ചെയ്തിട്ടുള്ള ഏതാനും ക്ലബുകളും മറ്റുസംഘടനകളും ചില റീഡിംഗ് റൂമുകളുമൊക്കെ അവിടവിടെയായി സാംസ്ക്കാരിക വളർച്ചക്കു സഹായകരമായി പ്രവർത്തിക്കുന്നുണ്ട്. ഏതാണ്ട് 1750 ദിനപ്പത്ര ങ്ങളും അത്രത്തോളം ആനുകാലികപ്രസിദ്ധീക രണങ്ങളും പഞ്ചായത്തിൽ വിതരണം ചെയ്യപ്പെ ടുന്നുണ്ട്.

വെല്ലുവിളികൾ:-

കാർഷികമേഖലയുടെ മുരടിപ്പാണ് ഈ പ്രദേ ശത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് പ്രതിബന്ധമായ അടിസ്ഥാകാരണമെന്ന് പൊതുവെ കരുതപ്പെടുന്നു. ആലസ്യതയിൽനിന്ന് ഉണർന്ന്, അദ്ധ്വാനശേഷി ഉത്പാദനമേഖലകളിലേക്ക് തിരി ച്ചുവിട്ട് വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാ ക്കുകയെന്നതാണ് ജനകീയാസൂത്രണത്തിന്റെ സങ്കല്പം. സാധാരണ – ഇടത്തരം കുടുംബങ്ങ ളിലെ അഭ്യസ്ത വിദ്യരായ യുവാക്കളും വനിത കളും നേരിടുന്ന തൊഴിലില്ലായ്മ രൂക്ഷമായ പ്രശ്നമായി തുടരുന്നു. സ്ത്രീകളുടെ പൊതു വായ സാമൂഹ്യപിന്നോക്കാവസ്ഥക്കും കാര്യമായ മാറ്റങ്ങളൊന്നും കാണുന്നില്ല. തൊഴിലില്ലായ്മ വർദ്ധിക്കുന്നതോടൊപ്പംതന്നെ അദ്ധ്വാനം ആവശ്യ മുള്ള തൊഴിലുകളിൽനിന്നും സ്വന്തം വീട്ടിലും പുര യിടത്തിലും ചെയ്യാവുന്ന ചെറിയ ജോലികളിൽനി ന്നുപോലും ഒഴിഞ്ഞുമാറാനുള്ള പ്രവണതയും അഭ്യ സ്തവിദ്യരിൽ വളർന്നുവരുന്നത് വിചിത്രമായ വൈരുദ്ധ്യമാണ്. സ്വയംതൊഴിലും സ്വയം പര്യാ പ്തതയുമെല്ലാം പുതിയ തലമുറക്ക് അന്യമാകുക യാണെന്നു തോന്നുന്നു.

A (IV)

ഭൂപ്രകൃതിയും വിഭവങ്ങളും





ചങ്ങനാശ്ശേരി താലൂക്കിന്റെ ഏറെക്കുറെ കിഴക്കുഭാഗത്തായി തെക്കുവടക്ക് ഏഴുകിലോമീറ്ററോളം നീളത്തിലും നാലരകിലോമീറ്റർ വീതിയിലും കിടക്കുന്ന പ്രദേശമാണിത്. ചെറിയകുന്നുകളും അവയുടെ ചെരിവുകളും ഇടയ്ക്കുള്ള സമതലങ്ങളും ഉൾപ്പെടെ 2657 ഹെക്ടർ വിസ്തീർണ്ണമുണ്ട്. കരിമല, കോമല, കാരമല, കോളമല, പിടിശേരിമല, തുപ്പനാമല, ചെങ്കമല, തെരളിക്കാടുകുന്ന്, ചില്ലാക്കുന്ന്, ചുരക്കുന്ന് മുതലായ പ്രദേശങ്ങൾ സ്ഥലനാമം പോലെ ഉയർന്ന ഭാഗങ്ങളാണ്. ഇതു മൊത്തം സ്ഥലവിസ്തൃതിയുടെ 15–20% വരും. നെടുമൺ, പല്ലിമറ്റം, ചീര മറ്റം, ചെല്ലിമറ്റം, കാരുവയൽ, എഴുത്തുകല്ലും വയൽ, വെട്ടുവയൽ, കാനം, ചേറ്റേടം, പഴുക്കാകുളം, അഞ്ചാനിമറ്റം, അടുക്കുവയൽ, മണ്ണുപ്പുരയിടം, ചാണകപ്പൊയ്ക മുതലായ പ്രദേശങ്ങൾ രണ്ട് പൂവും കൃഷിചെയ്തുവന്ന നെൽവയലുകളായിരുന്നു. ഇപ്പോൾ നെൽകൃഷി നിലച്ച താരതമ്യേന ഫലഭൂയിഷ്ടമായ ഇത്തരം സമതലപ്രദേശം 25% വരുമെന്നു കണക്കാക്കാം. കുന്നുകളുടെയും വയലുകളുടെയും ഇടയിലുള്ള ചരിവുപ്രദേശങ്ങൾ 50% ഉണ്ട്. ബാക്കിഭാഗം പാറപ്രദേശങ്ങളും റോഡുകൾ ഉൾപ്പെടെയുള്ള പുറമ്പോക്കുകളും മറ്റുമാണ്.

കുന്നിൻ പ്രദേശങ്ങൾ പൊതുവെ ചരലും ചെങ്കല്ലും കലർന്നമണ്ണും താഴ്വരപ്രദേശങ്ങൾ ഫലഭൂയിഷ്ടമായ കറുത്തമണ്ണും ഉള്ളതാണ്. മണ്ണിൽ ക്ഷാരാംശം കൂടുതലുള്ളതായി കാണുന്നു (P.H. 5.5). സമശീതോഷ്ണകാലാവസ്ഥയാണ് ഉള്ളത്. ചൂട് 25 ഡിഗ്രി മുതൽ 33 ഡിഗ്രി സെൽഷ്യസുവരെ. ഈർപ്പം 85%. മഴ 3392 മി.മീ. കണക്കാക്കപ്പെടുന്നു. ഇടവപ്പാതിയുടെ ദൈർഘ്യം കൂടിയും തുലാമഴ കുറഞ്ഞും വരുന്ന അനുഭവമാണ് സമീപകാലങ്ങളിലുള്ളത്. മാർച്ച് – ഏപ്രിൽ മാസങ്ങളിൽ ലഭിക്കുന്ന വേനൽ മഴയാണ് കഠിനമായ വരൾച്ചയിൽ നിന്ന് രക്ഷിക്കുന്നത്. ഡിസംബർ–ജനുവരി മാസങ്ങളിൽ തണുപ്പുകാലമായും അനുഭവപ്പെടുന്നു. 1983–ലും 87–ലും ഉണ്ടായ കഠിനമായ വരൾച്ച കാർഷിക മേഖലയ്ക്ക് കനത്ത നഷടം ഉണ്ടാക്കിയിട്ടുണ്ട്.

ജലസമ്പത്ത്

കാനം ഭാഗത്തും നിന്നും ആരംഭിച്ച് 2, 3, 4, 5, 6, 7 വാർഡുകളിലെ ഏകദേശം 20–ൽ പരം കൈത്തോടുകൾ സന്ധിച്ച് വെള്ളാവൂർ പഞ്ചായത്തിൽ കൂടി മണിമലയാറ്റിൽ എത്തിച്ചേരുന്ന ഇടയിരിക്കപ്പുഴ വലിയതോടാണ് ഈ പഞ്ചായത്തിലെ പ്രധാന നീരൊഴുക്ക്. ഡിസംബർ ജനുവരി മാസത്തോടെ മിക്കവാറും കൈത്തോടുകളും വലിയതോടും വറ്റും. ഒരു കാലത്ത് വറ്റാത്ത കയങ്ങളും വലിയ കുഴികളുമുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ മിക്കതും നികന്നുപോയി. പഞ്ചായത്തിന്റെ പടിഞ്ഞാറതിരിൽകൂടി ഒഴുകുന്ന നെടുമണ്ണിത്തോടും നാലാം വാർഡിന്റെ കിഴക്കെതിരിൽ ഉള്ള ഉള്ളായം തോടും മൂന്നാം വാർഡിൽ നിന്നാരംഭിച്ച് മീനച്ചിലാറ്റിൽ എത്തുന്ന പന്നഗം തോടിന്റെ ശാഖകളും ചേർന്ന് മറ്റുപ്രദേശങ്ങളെ ഫലസമൃദ്ധമാക്കുന്നു. കങ്ങഴ വാട്ടർഷെഡ് പദ്ധതിക്ക് അനുബന്ധമായി നെടുമണ്ണി, ഉള്ളായം, പന്നഗം തോടുകളെ കേന്ദ്രീകരിച്ച് മൂന്ന് വാട്ടർഷെഡ് പദ്ധതികളിലായി പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളേയും ഉൾക്കൊള്ളിക്കാൻ കഴിയുന്നതാണ്. ജലസേചനത്തിനുതകുന്ന കുളങ്ങളോ ജലസേചന സംവിധാനങ്ങളോ ഇവിടെ നിലവിൽ ഇല്ല. ഇടയപ്പാറ പ്രദേശമൊഴികെ മിക്ക ഭാഗത്തും ഭൂഗർഭ ജലം ലഭ്യമാണെന്നാണ് വിദഗ്ദ്ധാഭിപ്രായം. പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും ചരിവുകളിലും രൂക്ഷമായ ജലക്ഷാമം വേനൽക്കാലങ്ങളിലുണ്ട്.

ഭൂവിനിയോഗം

കാടുവെട്ടിത്തെളിച്ച് നെല്ലും, ചീനിക്കിഴങ്ങും പഴയതലമുറ കൃഷിചെയ്തുവന്നു. പിന്നീട് തെങ്ങ്, കമുക്, കുരുമുളക് മുതലായ സ്ഥിര ദേഹണ്ഡങ്ങളിലേക്കും മരിച്ചീനി, ചേന, കാച്ചിൽ, കിഴങ്ങ് മുതലായ ഭക്ഷ്യവസ്തുക്കളിലേക്കും, വാഴ, ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ മുതലായ വാർഷിക വിളകളിലേക്കും കൃഷി വ്യാപിച്ചു. വയൽ പ്രദേശങ്ങളിൽ നെല്ലും കരിമ്പും, കുന്നിൻ

പ്രദേശങ്ങളിൽ ഇഞ്ചിപ്പുല്ലു കൃഷിയും നടത്തിവ ന്നിരുന്നു. നാളികേരം, അടയ്ക്ക മുതലായവ യുടെ വിളവിന് ഒരു കാലഘട്ടത്തിൽ കങ്ങഴ പ്രദേശം വളരെ പ്രസിദ്ധമായിരുന്നു. നാളികേര വ്യാപാരവും കൊപ്രാ കളങ്ങളും പാക്കിൻ ചേരു കളും കരിമ്പാട്ടുകളങ്ങളും എണ്ണയാട്ടു ചക്കു കളും പുല്ലുവാറ്റുകേന്ദ്രങ്ങളും കൃഷി അനുബന്ധ പ്രവർത്തനങ്ങളും തൊഴിൽ മേഖലയെ സജീവ മാക്കിയിരുന്നു.

കാലക്രമേണ കൃഷി രീതികളിലും ഭൂവിനി യോഗത്തിലും കാര്യമായ വ്യതിയാനം സംഭവി ച്ചു. ഭൂമിയുടെ വീര്യം നഷ്ടപ്പെടുകയും മണ്ണിന്റെ ഘടനയിലും കാലാവസ്ഥയിലും മാറ്റം വരുകയും, മാരകമായ രോഗങ്ങൾ ബാധിക്കുകയും മറ്റും ചെയ്തതിനാൽ പരമ്പരാഗതമായിതുടർന്നുവന്ന കൃഷികൾ മിക്കതും ആദായകരമല്ലാതെ വന്നു. സ്വന്തം ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗകര്യങ്ങൾ പോലും ഇല്ലാതായി. ഇപ്രകാര മുള്ള സാഹചര്യത്തിലാണ് റബ്ബർ കൃഷിയിലേക്ക് ശ്രദ്ധതിരിയുവാനിടയായത്. റബ്ബർ ബോർഡിന്റെ പ്രവ്രർത്തനങ്ങൾ വിപുലപ്പെടുകയും ഉത്പാദന ക്ഷമത കൂടുതലുള്ള നടീൽ വസ്തുക്കൾ കണ്ടെ ത്തുകയും കാർഷിക പ്രവർത്തനങ്ങൾക്ക് സഹായം എത്തിക്കുകയും കർഷകരെ ബോധ വത്ക്കരിക്കുകയും മറ്റും ചെയ്തത് ഈ മാറ്റ ത്തിന്റെ ഗതിവേഗം വർദ്ധപ്പിക്കുവാൻ സഹാ യിച്ചു. ഒരു വിധത്തിൽ ഇവിടുത്തെ കാർഷിക സമ്പദ്ഘടനയെ പിടിച്ചു നിർത്തുന്നത് ഇപ്പോൾ റബ്ബർ കൃഷിയാണെന്നതിനു സംശയമില്ല.

മനുഷ്യ വിഭവശേഷി

ഏറ്റവും മികച്ച മനുഷ്യ വിഭവശേഷി കൊണ്ട് അനുഗ്രഹീതമാണ് കേരളം. എന്നാൽ നമ്മുടെ അദ്ധ്വാനശേഷി സ്വന്തം നാട്ടിലും സാഹ ചര്യങ്ങളിലും വിനിയോഗിക്കുന്നതിന് മടിക്കു കയും മറുനാടുകളിൽ പ്രശംസനീയമായി അദ്ധ്വാ നിക്കുകയും ചെയ്യുന്ന ഒരു പ്രവണത വളർന്നു വരുന്നതായി അനുഭവപ്പെടുന്നുണ്ട്. അഭ്യസ്ത, വിദ്യരായ ചെറുപ്പക്കാർ കാർഷികവൃത്തിയിൽ നിന്നും അകന്നുകഴിഞ്ഞു. സ്വന്തമായി ഭൂമിയും മറ്റു സൗകര്യങ്ങളും ഉണ്ടെങ്കിൽപ്പോലും കായി കാദ്ധ്വാനം ആവശ്യമില്ലാത്ത വെള്ളക്കോളർ ജോലിക്കുവേണ്ടിയുള്ള പരക്കംപാച്ചിലാണ്. കാർഷികവൃത്തി ഒരു ജീവിതമാർഗ്ഗമായി സ്വീക രിക്കാൻ തയ്യാറാകുന്നില്ല. മെച്ചപ്പെട്ടകൂലി ലഭി ക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കും തടിപ്പ ണിപ്പോലെയുള്ള ചിലകാര്യങ്ങൾക്കും ഒരു പക്ഷേ ജോലിക്കാരെ കിട്ടിയേക്കാം എങ്കിലും താരതമ്യേന അദ്ധ്വാനം കുറവുള്ള കൃഷിപ്പണി ക്കാർക്ക് പൊതുവെ ആളില്ല. കഴിഞ്ഞ കാൽ നൂണ്ടിനുള്ളിൽ അഭ്യസ്തവിദ്യരും അല്ലാത്തവരു മായ ധാരാളം ചെറുപ്പക്കാർ വിദേശങ്ങളിൽ പ്രത്യേകിച്ച ഗൾഫ് നാടുകളിൽ ജോലിക്കായി പോയിട്ടുണ്ട്. അവരിൽ നിന്ന് നാട്ടിൽ എത്തുന്ന വിദേശപ്പണത്തിന്റെ തിളക്കം കുറെയെല്ലാം പ്രത്യക്ഷത്തിലുണ്ട്. പ്രത്യുൽപ്പാദനപരമായി വിദേശപ്പണം വിനിയോഗിക്കാനുള്ള പശ്ചാത്തലം ഇനിയും സൃഷ്ടിക്കേണ്ടിയിരിക്കുന്നു.



B

വികസനമേഖലകൾ

1. പ്രാഥമികമേഖല

a. കൃഷിയും ജലസേചനവും

ഏകദേശം 500 വർഷത്തിനിപ്പുറമുള്ള മനുഷ്യാധിവാസ ചരിത്രമാണ് കങ്ങഴ പ്രദേശത്തിനുള്ളത്. കാടുവെട്ടിത്തെളിച്ചുള്ള കടും കൃഷിയിൽ നിന്നും ഇപ്പോൾ വ്യാപകമായിത്തീർന്നിട്ടുള്ള റബ്ബർ കൃഷി വരെ എത്തിനില്ക്കുന്ന വിളമാറ്റത്തിന് കാലത്തിന്റെയും കാലാവസ്ഥയുടെയും സ്വാധീനമുണ്ട്. ജനസംഖ്യാവർധനവും കൈവശഭൂമിക്ക് പരിധിനിർണ്ണയവും, കുടികിടപ്പുകാർക്കും കൈവശക്കാർക്കും സ്ഥിരാവകാശം നല്കിയതു മെല്ലാം കാർഷിക മേഖലയിൽ വലിയ പ്രതിഫലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കൃഷിക്ക് ഉപയുക്തമായുള്ള 2500 ഹെക്ടറോളം വരുന്ന കൃഷി ഭൂമി ഏതാണ്ട് നാലായിരത്തോളം കുടംബങ്ങളുടെ അധീനത്തിലാണ്. ചെറുകിട - നാമമാത്ര കർഷകരാണ് ബഹുഭൂരിപക്ഷവും.

ഈ നൂറ്റാണ്ടിന്റെ ഏഴുദശകങ്ങൾ വരെ കങ്ങഴയിലെ ജനജീവിതം കൃഷിയെമാത്രം ആശ്രയിച്ചാണ് നിലനിന്നിരുന്നത്. സ്വന്ത ആവശ്യത്തിനും പുറമേ വില്പനയ്ക്കും വേണ്ടി പച്ചക്കറികൃഷികളും നെല്ല്, മരച്ചീനി, ചേന, കാച്ചിൽ, കിഴങ്ങ്, മുതലായ ഭക്ഷ്യ വിഭവങ്ങളും, വാഴയും മറ്റ് ഫലവൃക്ഷങ്ങളും, നാളികേരം, അടയ്ക്കാ മുതലായ നാണ്യവിളകളും ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ഇഞ്ചിപ്പുല്ല്മുതലായ സുഗന്ധ വിളകളും ധാരാളം ഉല്പാദിപ്പിച്ചിരുന്നു. ഇടയിരിക്കപ്പുഴ, മുണ്ടത്താനം, ചന്തകൾ, പ്രദേശികമായ വിപണനകേന്ദ്രങ്ങളും ചങ്ങനാശ്ശേരി, ആലപ്പുഴ, പൊൻകുന്നം, പട്ടണങ്ങൾ മെച്ചപ്പെട്ട കമ്പോളങ്ങളുമായി ഉപയോഗിപ്പെടുത്തിവന്നു.

തെങ്ങ്

ഉല്പാദനത്തിലും, ഉപ്പാദന ക്ഷമതയിലും കങ്ങഴ പ്രദേശത്ത് തെങ്ങുകൃഷി വളരെ മുമ്പിലായിരുന്നു. 1950-60 കളിൽ കാറ്റുവീഴ്ച രോഗം വ്യാപകമാകുകയും ഉല്പാദനം തീരെ കുറയുകയും ചെയ്തു. 1970 കളിൽ ഉല്പാദനം കൊണ്ടും വിലകൊണ്ടും തെങ്ങുകൃഷി തീരെ അനാദായകരമായി. തെങ്ങ് മാത്രമായി കൃഷിചെയ്തിരുന്ന പുരയിടങ്ങൾ മിക്കവയും റബ്ബർ കൃഷിയിലേക്കുമാറ്റപ്പെട്ടു. എന്നാൽ അപൂർവ്വമായെങ്കിലും നെല്ലുകൃഷി ചെയ്തുവന്ന മറ്റു പ്രദേശങ്ങൾ തെങ്ങുകൃഷിക്കുവേണ്ടിയും മാറ്റപ്പെട്ടിട്ടുണ്ട്. എങ്കിലും കാര്യമായി വിജയിച്ചുകാണുന്നില്ല. ഉല്പാദനം ശരാശരി 26-ൽ കവിയുന്നില്ല. കൃഷിഭവൻ മുഖേന അത്യുല്പാദന ശേഷിയുള്ളതായി അവകാശപ്പെടുന്ന തെങ്ങിൻ തൈകൾ വിതരണം നടത്തുകയും കേരവികസന സമതിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും മാരകമായ കാറ്റു വീഴ്ച രോഗത്തിനു പ്രതിവിധിയുണ്ടാകാതെ കേരകൃഷി അഭിവൃദ്ധി

പ്പെടുവാൻ സാദ്ധ്യമല്ല. ഭാഗികമായി ഉല്പാദന ക്ഷമതയുള്ള തെങ്ങുകൾ നിലനിർത്തി ശാസ്ത്രീയമായി സംരക്ഷിക്കുകയും ഉല്പാദന ക്ഷമത യില്ലാത്തവ വെട്ടിക്കളഞ്ഞ് ആവർത്തന കൃഷി നടത്തുവാനുള്ള പരിപാടി നടപ്പാക്കുകയും വേണം. തെങ്ങുകൃഷി പുനരുദ്ധരിച്ച് കാർഷികസമ്പദ്ഘടനയുടെ അടിസ്ഥാനം ബലപ്പെടുത്തേണ്ടതുണ്ട്.

കമുക്

1950-60 കാലംവരെ ധാരാളം കമുകിൻ തോട്ടങ്ങൾ ഈപ്രദേശത്തുണ്ടായിരുന്നു. തെങ്ങിന് ഇടവിളയെന്നനിലയിലും കമുക് ആദായകരമായി കൃഷിചെയ്തുവന്നു. കാറ്റുവീഴ്ചരോഗം കാര്യമായി ആരംഭിച്ച 1970 കാലമായപ്പോഴേയ്ക്കും ഈ കൃഷി പൂർണ്ണമായി നശിച്ചു. ഈർപ്പമുള്ള പ്രദേശങ്ങളിൽ വീണ്ടും കമുകു കൃഷി ആരംഭിച്ചിട്ടുണ്ട്. കാര്യമായ ഉല്പാദനഘട്ടത്തിലായിട്ടില്ല.

കുരുമുളക്

1950 കളിൽ കുരുമുളകിനുണ്ടായ അനുഭൂതപൂർവ്വമായ വിലക്കയറ്റം കുരുമുളക് കൃഷിക്ക് വളരെ പ്രോത്സാഹനം നല്കിയിട്ടുണ്ട്. എന്നാൽ തുടർന്നുള്ള രണ്ടു ദശകങ്ങളിലും വന്ന വിലത്തകർച്ച ഈ കൃഷി ഉപേക്ഷിക്കാനും പ്രേരകമായി. ജൈവവളങ്ങൾ ഉപയോഗിച്ചു കൃഷി ചെയ്തുവന്ന പരമ്പരാഗതസമ്പ്രദായത്തിൽ നിന്നും രാസവള പ്രയോഗത്തിലെക്കുള്ള മാറ്റം കൊണ്ട് മാരകമായ രോഗങ്ങളും വ്യാപിച്ചു. നിരന്തരമായ ശുശ്രൂഷകളും പരിചരണവും ആവശ്യമാകയാൽ തൊഴിലാളികളെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു. സ്വന്തമായി അദ്ധ്വാനിക്കാൻ കഴിയുന്ന കർഷകർക്ക് തെങ്ങിന് ഇടവിളയായും വീടിന്റെ പരിസരങ്ങളിലുമൊക്കെ ആദായകരമായി കുരുമുളകു കൃഷി നടത്താൻ കഴിയും.

ഇഞ്ചി, മഞ്ഞൾ

ഈ പ്രദേശങ്ങളിൽ ധാരാളമായി കൃഷിചെയ്തു വന്ന വാർഷികവിളകളാണ് ഇഞ്ചിയും മഞ്ഞളും. നല്ല പരിചരണവും ശ്രദ്ധയും ആവശ്യമുള്ള ഈ കൃഷിയും അധഃപതിക്കുന്നത് യഥാകാലം പണിനടത്താനുള്ള തൊഴിലാളികളുടെ അഭാവം മൂലമാണ്. വിപണിയുടെ അനിശ്ചിതത്വവും അനിയന്ത്രിതമായ രോഗങ്ങളും മൂലം ഈ കൃഷികളും വ്യാപകമായി തുടരാൻ കഴിയാത്ത സ്ഥിതിയിലായിട്ടുണ്ട്.

കിഴങ്ങു വർഗ്ഗങ്ങൾ

കപ്പ, കാച്ചിൽ, ചേന, ചേമ്പ്, കിഴങ്ങ് മുതലായവ ഗ്രാമീണരുടെ ദൈനംദിന ജീവിതത്തിലെ അവിഭാജ്യഘടകമായിരുന്നു. ആണ്ടുവട്ടം മുഴുവൻ ഉപയോഗിക്കത്തക്കവിധം ഉല്പാദിപ്പിക്കുകയും പ്രത്യേകരീതികളിൽ സൂക്ഷിക്കുകയും അധികമുള്ളവ വിപണികളിലെത്തിച്ച് വരുമാനം നേടുകയും ചെയ്തുവന്ന പരിചയം വിസ്മരിക്കാറായിട്ടില്ല. തെങ്ങു കൃഷിവ്യാപകമായിരുന്ന കാലഘട്ടങ്ങളിൽ ഇടവിളയായി കുറമ്പുപ്പു കൃഷികൾ നടത്തുകയെന്ന സമ്മിശ്ര വിളക്രമം സ്വാഭാവികമായി സ്വീകരിച്ചിരുന്നു. എന്നാൽ റബ്ബർ കൃഷി വ്യാപകവും ആദായകരവുമായി തീർന്നപ്പോൾ ഇടവിളകളുടെ സൗകര്യം പൂർണ്ണമായി നഷ്ടപ്പെട്ടു. തുണ്ടു ഭൂമികൾ പോലും റബ്ബർ തോട്ടങ്ങളായിത്തീർന്നു. അദ്ധ്വാനത്തിന്റെ ആകർഷകത്വം നഷ്ടപ്പെടുക കൂടിയായപ്പോൾ ഭക്ഷ്യവിഭവങ്ങളുടെ കൃഷി മിക്കവാറും ഓർമ്മയായി മാറി. ആഗ്രഹത്തിനുവേണ്ടിയെങ്കിലും കപ്പയും കിഴങ്ങു വർഗ്ഗങ്ങളും ചെറിയ തോതിൽ കൃഷിചെയ്താൽ തന്നെ അനിയന്ത്രിതമായി വർദ്ധിച്ചിട്ടുള്ള എലികളുടെയും പെരുച്ചാഴികളുടെയും ആക്രമണത്തിൽ നിന്ന് രക്ഷിച്ചെടുക്കാനും കഴിയാത്ത സ്ഥിതിയായി. ചുരുക്കത്തിൽ നാട്ടിൻ പുറത്തെ പരമ്പരാഗത ആഹാരക്രമങ്ങ

ളിൽ പോലും മാറ്റം വന്നിരിക്കുന്നു. മരച്ചീനിയും മറ്റുകിഴങ്ങുവർഗ്ഗങ്ങളുമെല്ലാം തീൻമേശയിലെ അപൂർവ്വവിഭവങ്ങളായിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ അദ്ധ്വാനശീലത്തിലേയ്ക്ക് മടങ്ങിപ്പോകാനുള്ള പ്രേരണ ഗ്രാമീണ മനസ്സുകളിൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

വാഴയും പച്ചക്കറികളും

പാളയം തോടൻ, പൂവൻ, കണ്ണൻ, ഞാലിപ്പൂവൻ, ചിങ്കൻ മുതലായ വിവിധ ഇനം നാടൻവാഴയിനങ്ങളും പ്രത്യേക ശ്രദ്ധയിൽ കൃഷിചെയ്യുന്ന ഏത്തവാഴകളും നമ്മുടെ നാട്ടിൽ സുലഭമായിരുന്നു. ഇടയിരിക്കപ്പുഴ-മുങ്ങത്താനം ചന്തകളിൽ വൻതോതിൽ വാഴക്കുലകളും പച്ചക്കറികളും എത്തിച്ചിരുന്നതും മറ്റു പ്രദേശങ്ങളിലേയ്ക്ക് കയറ്റി അയച്ചിരുന്നതും മറ്റും പച്ചപിടിച്ചു നില്ക്കുന്ന ഓർമ്മയാണ്. ഇപ്പോൾ ഇത്തരം വിഭവങ്ങൾ വിലയ്ക്കു വാങ്ങുന്ന സ്ഥിതിയിലായിക്കഴിഞ്ഞു. ഇതിനുള്ള കാരണങ്ങൾ എന്തുതന്നെയായിരുന്നാലും സ്വന്ത ആവശ്യത്തിനുള്ള പഴവർഗ്ഗങ്ങളും പച്ചക്കറികളും ഉല്പാദിപ്പിക്കാനും ഗുണമേന്മയുള്ളവ ഉപയോഗിക്കാനുള്ള സൗകര്യം സ്വയം സൃഷ്ടിച്ചെടുക്കാനും കഴിയത്തക്കവിധം സംഘടിതമായ ഒരു പരിശ്രമത്തിന് കാലമായിട്ടുണ്ട്. എന്നതാണ് ഇന്നലെയുടെ കഥകൾ നല്കുന്ന സൂചനകൾ.

റബ്ബർ

കങ്ങഴയിലെ ഇന്നത്തെ കൃഷിയെന്നത് മിക്കവാറും റബ്ബർ എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വളരെവേഗം മാറി. 1935-നും 60 നും ഇടയ്ക്ക് അപൂർവ്വമായി, കൂടുതൽ ഭൂമിയുള്ളവർമാത്രം റബ്ബർ കൃഷിചെയ്തിരുന്നു. വ്യാപകമായി നിലനിന്നിരുന്നത് തെങ്ങുകൃഷി തന്നെയായിരുന്നു. എന്നാൽ തെങ്ങുരോഗം വ്യാപകമാകുകയും അക്കാലത്ത് ഭൂപരിധിനിയമത്തിൽ നിന്ന് റബ്ബർ തോട്ടങ്ങൾ ഒഴിവാക്കപ്പെടുമെന്ന വ്യവസ്ഥ ഉണ്ടാകുകയും ചെയ്തപ്പോൾ റബ്ബർ കൃഷിയുടെ വ്യാപനം വളരെ പെട്ടെന്നായി. റബ്ബർ ബോർഡിന്റെ പ്രവർത്തനങ്ങളും അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതയും താരതമ്യേന മെച്ചപ്പെട്ട വിലയും റബ്ബർ കൃഷി ആകർഷകവും ആദായകരവുമാക്കിത്തീർത്തു. ചെറിയ തുണ്ടുഭൂമികളിലേയ്ക്കും റബ്ബർ കൃഷി വ്യാപിക്കുവാൻ കാല താമസമുണ്ടായില്ല. ഇപ്പോൾ ഈ പ്രദേശത്തിന്റെ കാർഷികസമ്പത്ഘടനയെ സംപുഷ്ടമാക്കുന്ന സുപ്രധാന സ്ഥാനമാണ് റബ്ബർ കൃഷിയ്ക്കുള്ളത്.

സുലഭമായി ഫലം നല്കിവന്ന നാടൻ മാവിനങ്ങളും പ്ലാവിനങ്ങളും നമ്മുടെ പുരയിടങ്ങളെ ആകർഷകമാക്കിയിരുന്നു. സ്വാദിഷ്ടമായ മാമ്പഴവും വരിക്കച്ചക്കയും കുട്ടിക്കാലത്തിന്റെ ആഹ്ലാദങ്ങളിൽ ഇഷ്ടവിഭവങ്ങളായി ഓർമ്മയിൽ നില്ക്കുന്നു. ആഴത്തിൽ വേരോട്ടമുള്ള വൃക്ഷങ്ങൾ മണ്ണിൽ ജലസംഗ്രഹണശക്തി വർദ്ധിപ്പിച്ചിരുന്നു എന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്.

വിള വിസ്തീർണ്ണവും ഉല്പാദനവും

1. ക്രമനമ്പർ 2. വിള 3. വിസ്തീർണ്ണം 4. ഉല്പാദനക്ഷമത 5. ഉല്പാദനം

1	2	3	4	5
1.	നെല്ല്	5	2100Kg/htc	10,500 kg
2.	മരച്ചീനി	50	14000 kg/htc	700,000Kg
3.	തെങ്ങ്	300	4000 Nos/htc	1200000 Nos
4.	കമുക്	10	400 Kg/htc	4000Kg
5.	കുരുമുളക്	90	750Kg/htc	67500Kg
6.	വാഴ	120	2200 Kg/htc	264,000Kg
7.	കൈതച്ചക്ക	8	1000Kg	8,000Kg
8.	കൊക്കോ	20	500Kg	10000Kg
9.	കാപ്പി	10	800 Kg	8,000Kg
10.	ഇഞ്ചി	15	2240 Kg	33,600Kg
11.	മഞ്ഞൾ	10	2000 Kg	20,000Kg
12.	പച്ചക്കറികൾ	25	200 Kg	5,000Kg
13.	പ്ലാവ്	45	200Nos	90,00Nos
14.	കശുമാവ്	30	800kg	24,000Kg
15.	റബ്ബർ	1600.	1750 Kg	28,00000Kg

നൂതന കൃഷിസംരഭങ്ങൾ

പരമ്പരാഗത കൃഷി സമ്പ്രദായം അതേപടി തുടർന്നു പോകുവാനുള്ള സാദ്ധ്യതകളും സാഹചര്യങ്ങളും ക്രമേണ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് കാർഷികമേഖലയുടെ വികസനത്തെക്കുറിച്ച് നാം ആലോചിക്കുന്നത്. കുടിൽ വ്യവസായ രൂപേണയും ചെറുകിടവ്യവസായ രൂപേണയും നടത്താൻ കഴിയുന്ന സസ്യാധിഷ്ഠിത വികസന പ്രവർത്തനങ്ങളാണ് നമുക്ക് ഇനിയും പരീക്ഷിക്കാവുന്നത്. തീരെ ചെറിയ തുണ്ടുഭൂമിമാത്രം കൈവശമുള്ളവർക്കും ഭൂരഹിതർക്കുപോലും ഈ നിലയിൽ കാർഷിക വൃത്തിയിലേക്ക് കടന്നുവരാൻ കഴിയുമെന്നതിനു സംശയമില്ല.

വിവിധ ഇനം അലങ്കാരചെടികൾ നമ്മുടെ കാലാവസ്ഥയിൽ വളർത്തിയെടുക്കാൻ കഴിയുന്നവ ധാരാളമുണ്ട്. വമ്പിച്ച വ്യാപാരസാദ്ധ്യതകളുള്ള പുഷ്പകൃഷി നമ്മുടെ നാട്ടിൽ അവിടവിടെ ആരംഭിച്ചിട്ടുണ്ട്. ആയുർവ്വേദ വൈദ്യശാസ്ത്രത്തിന് കൂടുതൽ സ്വീകാര്യത ഉണ്ടായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഔഷധ സസ്യകൃഷിയ്ക്കും കേരളത്തിൽ അനല്പമായ സാദ്ധ്യതകളുണ്ട്. ഗുണമേന്മയിൽ നിഷ്കർഷ പുലർത്തുന്ന ഔഷധനിർമ്മാതാക്കളിൽ നിന്ന് വലിയ പ്രോത്സാഹനവും ലഭ്യമാകും. പോഷക ഗുണമുള്ള കൂൺകൃഷിയെപ്പറ്റി ബോധവൽക്കരിച്ചും ഉല്പാദനം വിപുലപ്പെടുത്തിയും ഈ രംഗത്ത് നേട്ടങ്ങളുണ്ടാക്കാൻ കഴിയും.

കൈതച്ചക്ക കൃഷി നമ്മുടെ പ്രദേശങ്ങളിൽ കാര്യമായ തോതിൽ പുരോഗമിച്ചു വരുന്നുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ വിപുലമായി പൈനാപ്പിൾ കൃഷി ചെയ്യുവാനുള്ള സാദ്ധ്യതകൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. പ്ലാവ്, മാവ് മുതലായവ ഫലവൃക്ഷങ്ങളും, കുടംപുളി, വാളൻപുളി,പേര, പപ്പായ, നെല്ലി, കശുമാവ് മുതലായവയും നമ്മുടെ പ്രദേശങ്ങളിൽ സംരക്ഷിച്ചു വളർത്താൻ കഴിയുന്നതാണ്.

മൊത്തത്തിൽ വിവിധ ഇനം സസ്യങ്ങളുടെ നഴ്സറി നിർമ്മാണ വിദ്യ, പ്രജനനം, കൃഷി, ഉല്പാദനം, സംഭരണം, സംസ്കരണം, സംരക്ഷണം, വിപണനം എന്നിങ്ങനെ വിപുലമായ ഒരു കർമ്മമേഖല വികസിപ്പിച്ചെടുക്കുവാൻ വലിയ ബുദ്ധിമുട്ടില്ല. ഗ്രാമീണ കേരളത്തിന്റെ വികസനത്തിൽ സുപ്രധാനമായ ഒരു പങ്ക് കൃഷിക്കുമാത്രം ഉള്ളതാണ്. പുതിയ തലമുറ ഈ സത്യം ഉൾക്കൊള്ളുകയും തദനുസരണമായി പ്രവർത്തിക്കാൻ സന്നദ്ധമാകുകയും, സമൂഹം ഈ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയുമാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്.

വളത്തിന്റെയും കീടനാശിനികളുടെയും ഉപയോഗം

പരമ്പരാഗതമായി ചാണകവും ചാരവും ചവറും വളമായി ഉപയോഗിച്ചു വന്നിരുന്നു. 1960 കൾക്കുശേഷം രാസവളപ്രയോഗം വ്യാപകമായി. ഉല്പാദനവർദ്ധനവിനു വേണ്ടിയുള്ള തീവ്ര പരിപാടികളും ജൈവവളങ്ങളുടെ ദൗർലഭ്യവും കൃഷിവകുപ്പിന്റെയും റബ്ബർ ബോർഡുപോലെയുള്ള സ്ഥാപനങ്ങളുടെയും ബോധവൽക്കരണ പരിപാടികളും പരിശീലനങ്ങളും ഇതിനു സഹായകരമായിട്ടുണ്ട്. പടിഞ്ഞാറൻ പ്രദേശങ്ങളിൽ നിന്ന് ഒരു കാലത്ത് ധാരാളം ചാണകം ലഭിക്കുമായിരുന്നു. എന്നാൽ ഇതിന്റെ വില കൂടുതലും വളപ്രയോഗത്തിന്റെ അദ്ധ്വാനകൂടുതലും മറ്റും കാരണം ചാണകം വാങ്ങി ഉപയോഗിക്കുന്നവർ ചുരുക്കമാണ്.

രാസവളത്തിന്റെ ക്രമരഹിതമായ ഉപയോഗം മണ്ണിന്റെ സ്വഭാവികമായ മേന്മ നഷ്ടപ്പെടുകയും ഉല്പാദനക്ഷമതയെയും ഉല്പാദനത്തെയും സാരമായി ബാധിക്കുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തു. ഓരോ തവണ കൃഷി

ചെയ്യുമ്പോഴും കൂടുതൽ രാസവളം ഉപയോഗിക്കാൻ നിർബ്ബന്ധിതമായി. രാസവളങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചതിനാൽ സാധാരണകൃഷികൾക്ക് ആവശ്യത്തിനുപോലും വളം ചേർക്കാൻ കഴിയാതെ വരുകയും ചെയ്തു. ആദായകരമായി അനുഭവപ്പെടുന്ന റബ്ബറിനും മറ്റും വളം ചേർക്കുവാൻ കുറെയെല്ലാം ശ്രദ്ധിക്കുന്നതൊഴിച്ചാൽ വളപ്രയോഗത്തിൽ പിന്നോക്കം പോകുന്ന സ്ഥിതിയയാണിന്ന്. ജൈവവളങ്ങളും രാസവളങ്ങളും സംയോജിപ്പിച്ചുള്ള ഒരു പ്രയോഗരീതി സ്വീകരിക്കേണ്ടിയിരിക്കുന്നു. കൃഷിയും അനുബന്ധമേഖലയായ കന്നുകാലി വളർത്തലും ഉൾപ്പെടെയുള്ള ഒരു സമഗ്ര വികസന സമീപനത്തിന്റെ ആവശ്യകത ഇപ്പോൾ എന്നത്തെക്കാളും വർദ്ധിച്ചിരിക്കുന്നു.

ശാസ്ത്രീയമായി പരിചരിക്കുന്ന റബ്ബർകൃഷിക്ക് കുറെയെല്ലാം കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും പൊതുവേ വളരെ കുറച്ചു കീടനാശിനികളാണ് പ്രയോഗത്തിലുള്ളത്. കീടനാശിനികൾ യഥാവസരം ലഭിക്കാനുള്ള സൗകര്യങ്ങളും കാര്യമായി നിലവിലില്ല. കങ്ങഴ സർവ്വീസ് സഹകരണബാങ്കും, പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള ഏതാനും റബ്ബർ ഉല്പാദന സംഘങ്ങളും വളരെ പരിമിതമായതോതിൽ സ്വകാര്യ ഏജൻസികളും വളം കീടനാശിനികളുടെ വിതരണം നടത്തുന്നു.

വിപണനം.

ഇപ്പോൾ ഈ മേഖലയിൽ വിപണനത്തിനുള്ള മുഖ്യമായ ഉല്പന്നം റബ്ബറാണ്. സ്വകാര്യ വ്യാപാരികൾ ധാരളമായി രംഗത്തുണ്ട്. എന്നാൽ ഗുണമേന്മക്കനുസരിച്ചുള്ള വില കർഷകർക്കു ലഭിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം കങ്ങഴ സർവ്വീസ് സഹകരണബാങ്കിൻറ റബ്ബർ വ്യാപാരവിഭാഗവും ചങ്ങനാശ്ശേരി സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘത്തിന്റെ പ്രവർത്തനങ്ങളും റബ്ബർ കർഷകരുടെ വ്യാപാരാവശ്യങ്ങലിൽ കാര്യമായ യാതൊരു സ്വാധീനവും ചെലുത്തുന്നില്ല, ഗ്രേഡ് റബ്ബറിന് കിലോഗ്രാമിന് 5 രൂപയോളം വില കൂടുതലുണ്ടെങ്കിലും കർഷകർക്കു ലഭ്യമാകാത്ത സ്ഥിയാണുള്ളത്. ചില റബ്ബർ ഉല്പാദകസംഘങ്ങളും സ്വകാര്യ ഏജൻസികളും ലാറ്റക്സ് സംഭരിക്കുന്നുണ്ട് ഇതും കർഷകന് ആദായകരമായ വില ലഭിക്കത്തക്കവിധം സഹായകമാകുന്നില്ല.

നാളികേരം ഉല്പാദനം കുറഞ്ഞതിനാൽ വിപണിയിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഭൂരിപക്ഷം വീട്ടുകാരും നാളികേരം ഭക്ഷ്യാവശ്യത്തിനു വിലയ്ക്കു വാങ്ങുന്ന സ്ഥിതിയിലാണ്. കുരുമുളകും കശുവണ്ടിയും സീസൺ അനുസരിച്ചുള്ള വിളകളാണെങ്കിലും വിപണനത്തിനു ബുദ്ധിമുട്ടില്ല.

വായ്പാസൗകര്യങ്ങൾ

കങ്ങഴ സർവ്വീസ് സഹകരണബാങ്ക് ആണ് പ്രധാനമായും കാർഷികാവശ്യങ്ങൾക്ക് വായ്പ നല്കുന്ന സ്ഥാപനം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കങ്ങഴ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഇടയിരിക്കപ്പുഴ, മുണ്ടത്താനം, ചമംപതാൽ ബ്രാഞ്ചുകൾ, ജില്ലാ സഹകരണബാങ്കിന്റെ പത്തനാട് ബ്രാഞ്ച്, സൗത്ത് ഇൻഡ്യൻ ബാങ്ക് പത്തനാട് മുതലായ പ്രമുഖസ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനനുസരണമായി വായ്പകൾ പ്രത്യേകിച്ച് കാർഷിക വായ്പകൾ നല്കാൻ ഇവയെക്കൊന്നും കഴിയുന്നില്ലെന്നതാണ് വസ്തുത. കർഷകർക്ക് യഥാസമയം വായ്പ ലഭിക്കുന്നതിനുള്ള സാഹചര്യവും അത് യാഥാവിധി വിനിയോഗിച്ച് ഉല്പാദന വർദ്ധനവിനുള്ള സംവിധാനവും കാര്യക്ഷമമാകേണ്ടതായിട്ടുണ്ട്.

നടപ്പു പദ്ധതി അവലോകനം

കാർഷികരംഗത്ത് കഴിഞ്ഞ നാലഞ്ചുവർഷങ്ങളായി കങ്ങഴ പഞ്ചായത്തിൽ നടന്നിട്ടുള്ള പ്രധാനപ്രവർത്തനം ഇടയിരിക്കപ്പുഴതോടിനെ അടിസ്ഥാനമാക്കിയുള്ള വാട്ടർഷെഡ് പദ്ധതിയാണ്. 94 ലക്ഷം രൂപയുടെ പദ്ധതികളാണ് ആവിഷ്ക്കരിക്കപ്പെട്ടിരുന്നത്. അതിൽ ഏതാണ്ട് 60 ലക്ഷം രൂപയോളം ഇതിനകം ചെലവഴിക്കപ്പെട്ടിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. പദ്ധതി പ്രദേശത്തെ ഒരു കുടുംബത്തിന് 5000 രൂപയുടെയെങ്കിലും പ്രയോജനം ലഭിക്കേണ്ടതാണ്. എന്നാൽ ഈ പദ്ധതിയെപ്പറ്റി ഗുണഭോക്താക്കൾക്ക് ശരിയായ വിവരം നല്കുകയോ, തങ്ങളുടെ കൃഷിയിടങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളിൽ കൃഷിക്കാരെ പങ്കാളികളാക്കുകയോ ചെയ്യാതെ നടത്തിയ പണികൾ കോൺട്രാക്ടറന്മാരെയും ഉദ്യോഗസ്ഥമേധാവികളെയും ഇടനിലക്കാരെയും മാത്രമേ സഹായിച്ചിട്ടുള്ളു. 30% പ്രയോജനം പോലും കൃഷിക്കാരനു ലഭിച്ചിട്ടില്ല.

കൃഷിഭവൻ വഴി ധനസഹായം നല്കി 80 കിണറുകൾ കുഴിക്കുകയും 56 പമ്പുസെറ്റുകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ജലസേചനാവശ്യത്തിനാണിവ നല്കിയതെങ്കിലും യഥാർത്ഥത്തിൽ അങ്ങനെ ഉപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. കാറ്റുമൂലം കൃഷിനാശം വന്ന 25 കർഷകർക്ക് സഹായധനമായി. 13100 രൂപ കൃഷിഭവനിൽ നിന്നു നല്കിയിട്ടുണ്ട്.

കഴിഞ്ഞ മൂന്നു വർഷം വിതരണം ചെയ്ത നടീൽ വസ്തുക്കൾ.

	ഇന വിവരം	1993–94	1994–95	1995–96
1.	തെങ്ങിൻ തൈകൾ	1457	300	800
2.	കമുക്	3000	–	–
3.	കുരുമുളക്	–	–	3200
4.	വാഴവിത്ത്	4000	2465	1176
5.	ഔഷധസസ്യങ്ങൾ	–	–	2000 രൂപയ്ക്ക്

കൃഷിക്ക് അനുയോജ്യമായ സമയങ്ങളിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്യാൻ കഴിയാതെ വരുമ്പോൾ കർഷകന് പ്രയോജനപ്പെടുന്നില്ല. കൃഷിഭവനിൽനിന്ന് കൃഷിസ്ഥലങ്ങൾ പരിശോധിച്ച് സാങ്കേതിക ഉപദേശങ്ങൾ നൽകാൻ നിലവിലുള്ള സംവിധാനം അപര്യാപ്തമാണെന്നു പരാതിയുണ്ട്.

കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ കങ്ങഴ പഞ്ചായത്തിലെ കർഷകരെ താഴെപ്പറയുന്ന പ്രകാരം തരംതിരിക്കാവുന്നതാണ്.

(1) വാർഡ് നമ്പർ (2) ഹെക്ടറിനുമേൽഭൂമിയുള്ളവർ. (3) 1 മു. 2വരെ ഹെക്ടർ ഭൂമിയുള്ളവർ (4) ഒരു ഹെക്ടറിൽ താഴെഭൂമിയുള്ളവർ (5) ആകെഭൂടമകൾ

1	2	3	4	5
1	35	110	700	845
2	45	115	650	810
3	48	120	750	918
4	39	113	700	852
5	32	120	800	952
6	40	110	740	890
7	38	95	675	808
8	35	110	640	785
9	30	117	677	824
ആകെ	**342**	**1010**	**6332**	**7684**

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ, പരിഗണനാർഹമായവ താഴെച്ചേർക്കുന്നു.

1. 75% കൃഷിഭൂമിയും ചരിവുപ്രദേശങ്ങളാകയാൽ ശക്തമായ മഴയിൽ വളക്കൂറുള്ള മേൽമണ്ണ് ഒലിച്ച് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.
2. കാലാവസ്ഥാമാറ്റം, രോഗം മുതലായ കാരണങ്ങളാൽ തെങ്ങ്, കുരുമുളക്, കമുക്, മുതലായ സ്ഥിര ദേഹണ്ഡങ്ങളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും കുറയുന്നു.

3 അധ്വാനശേഷിയുള്ള തൊഴിലാളികളെ കിട്ടുന്നില്ല.

4 ഉല്പാദനക്ഷമതയോടും വിലനിലവാരത്തോടും യാതൊരു ബന്ധവുമില്ലാത്ത കൂലിനിരക്കുവർദ്ധന

5 അദ്ധ്വാനത്തിനും മുതൽ മുടക്കിനും അനുസരിച്ച് ആദായകരമായ വിലകിട്ടായ്ക

6. ഉല്പന്നങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാനും സൂക്ഷിച്ചുവയ്ക്കാനുമുള്ള സൗകര്യക്കുറവ്

7. മണ്ണിന്റെ ഫലപുഷ്ടിയും ഘടനാ വൈശിഷ്ട്യവും നിലനിർത്താനാവശ്യമായ ജൈവ വളങ്ങളുടെ ലഭ്യതക്കുറവും വിലക്കൂടുതലും

8 രാസവളങ്ങളുടെ വിലക്കൂടുതൽ

9 കൃഷിവിദഗദ്ധന്മാരുടെ സേവനം കൃഷിയിടങ്ങളിൽ ലഭിക്കുന്നില്ല ഓഫീസുകളിൽ ഒരുങ്ങുന്നു.

10 നല്ലനടീൽ വസ്തുക്കൾ യഥാവസരം ലഭിക്കുന്നില്ല.

11 ജലസേചനസൗകര്യമില്ല

12 മണ്ണു പരിശോധിച്ച് വളങ്ങൾ ശുപാർശ ചെയ്യാൻ സംവിധാനമില്ല

13 കാർഷികാവശ്യങ്ങൾക്ക് ദീർഘകാല - ഹ്രസ്വകാലവായ്പകൾ യഥാവസരം കുറഞ്ഞ പലിശയ്ക്കു ലഭ്യമാകുന്നില്ല.

14 കാർഷികരോഗങ്ങൾക്കു പരിഹാരം കണ്ടെത്തിയിട്ടില്ല. പ്രതിരോധനടപടികൾ ഫലപ്രദമല്ല.

15 എലി - കീട ശല്യങ്ങൾ

സാദ്ധ്യതകൾ

1 മണ്ണൊലിപ്പുതടയുന്നതിന് ഇടക്കയ്യാലകൾ ആവശ്യമുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുകയും, ആവരണ ചെടികൾ വളർത്തുകയും ചെയ്യുക.

2 വെള്ളം ഒഴുകി പാഴായിപ്പോകാതെ കൃഷിയിടങ്ങളിൽ താഴ്ന്നിറങ്ങുന്നതിന് കാനകളും ചാലുകളും വ്യാപകമായി നിർമ്മിക്കുക.

3. തോടുകളിൽ സൗകര്യപ്രദമായ സ്ഥാനങ്ങളിൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്ത് കൃഷിഭൂമികളിൽ ജലംലഭ്യമാക്കുക.

4. പ്രാദേശികമായി കൃഷിചെയ്യാവുന്ന എല്ലാ വിളകൾക്കും ആവശ്യമായ നടീൽ വസ്തുക്കൾക്ക് നഴ്സറികൾ സ്ഥാപിക്കുക.

5. പച്ചിലവളം ധാരാളമായി ലഭ്യമാക്കുന്നതിന് ശീമക്കൊന്ന മുതലായവ വ്യാപകമായി നട്ടു വളർത്തുക

6 ഗാർഹികാവശ്യത്തിനുള്ള പച്ചക്കറികൾ ഓരോവീട്ടിലും ഉല്പാദിപ്പിക്കുവാൻ പരിശീലിപ്പിക്കുകയും ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാകുകയും ചെയ്യുക.

7. ഗ്രേഡ് റബ്ബർ ഷീറ്റ് ഉണ്ടാക്കുവാൻ കർഷകരെയും തൊഴിലാളികളെയും പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

8. റബ്ബർ ഷീറ്റ് ഉണക്കുവാൻ ചിലവുകുറഞ്ഞ പുകപ്പുര സംവിധാനം ഏർപ്പെടുത്തുക

9 വിപണന സംവിധാനം ശക്തിപ്പെടുത്തുവാനുതകുന്ന കാർഷികവിപണന സംഘങ്ങൾ രൂപീകരിക്കുക.

10 ന്യായമായ പ്രതിഫലം വാങ്ങി തൊഴിലെടുക്കുവാൻ സന്നദ്ധതയുള്ളവരുടെ സംഘങ്ങൾ രൂപീകരിച്ച് കാർഷിക പ്രവർത്തനങ്ങൾക്ക് കായികസേവനം നടത്തുക.

11 ഔഷധച്ചെടികൾ, ഉദ്യാനച്ചെടികൾ, കൂൺവളർത്തൽ മുതലായ നൂതന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക.

12 നേർവളങ്ങൾ വാങ്ങി ശാസ്ത്രീയമായി ഓരോ കൃഷിക്കും വിനിയോഗിക്കുന്നതിന്റെ സാങ്കേതികവും സാമ്പത്തികവുമായ നേട്ടങ്ങളെപ്പറ്റി കർഷകരിൽ ബോധവൽക്കരണം നടത്തുക.

13 ആവശ്യമുള്ള അളവിലും രീതിയിലും ഓരോ വിളകൾക്കും രാസവളം ഉപയോഗിക്കാൻ പരിശീലിപ്പിക്കുക.

14 പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്തവിധം, കൃഷിരീതികളുടെ പുതിയ സങ്കേതങ്ങളെക്കുറിച്ചും നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ചും കർഷകർക്ക് ശാസ്ത്രീയാവബോധം വളർത്തുവാനും വീട്ടമ്മമാർ വിദ്യാർത്ഥികൾ മുതലായി എല്ലാതുറകളിലുള്ളവർക്കും ബോധവൽക്കരണം നടത്തുവാനും സഹായകരമായ സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

15 മണ്ണിരവളർത്തുകയും, ജൈവാണുക്കളെ നിലനിർത്തുന്നതിന്റെ ആവശ്യകതയെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുക.

16 ജൈവാണുവളപ്രയോഗത്തെപ്പറ്റി പഠിപ്പിക്കുക

17 വളപ്രയോഗത്തിന്റെ വിശദാംശങ്ങളും രാസവളങ്ങളുടെ പ്രത്യേകതകളും കർഷകരെ ബോധ്യപ്പെടുത്തുക

18 അദ്ധ്വാന ഭാരം കുറയ്ക്കാൻ സഹായിക്കുന്ന ആധുനിക കാർഷീകോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക

19 ചെറുതും വലുതുമായ നീർമാറിപ്രദേശങ്ങൾക്ക് അനുയോജ്യമായ കാർഷികവികസന പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുക

20. രാസവളത്തിന്റെ വിലനിയന്ത്രിക്കുകയും കുറഞ്ഞ നിരക്കിൽ ലഭ്യമാകുകയും ചെയ്യുക.

21 ജൈവ കീടനാശിനികളുടെ ഉപയോത്തെപ്പറ്റി ബോധവൽക്കരിക്കുകയും ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക.

22 കാർഷീക നടീൽ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പാക്കാനുള്ള നടപടിക്രമങ്ങൾ ആവിക്കരിക്കുക. ഉല്പാദന നഷ്ടം ഉണ്ടാകുന്ന പക്ഷം നഷ്ടപരിഹാരത്തിന് സംവിധാനം ഏർപ്പെടുത്തുക.

മൃഗസംരക്ഷണം

ആഹാരാവശ്യത്തിന് പാലും തൈരും മോരും നെയ്യും ലഭിക്കുന്നതിനും, കൃഷിആവശ്യത്തിന് ഉഴവുമാടുകളായും വണ്ടിക്കാളകളായും ഉപയോഗിക്കുന്നതിനും കന്നുകാലികളെ വളർത്തിവന്നത് ഗ്രാമീണ ജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നു. എണ്ണയും കരിമ്പും ആട്ടുന്നതിനും ചക്കുകൾ പ്രവർത്തിപ്പിക്കുന്നതിനും കാളകളെ ഉപയോഗിച്ചിരുന്നു. കന്നുകാലികളുടെ ചാണകം എന്നും കർഷകനു പ്രിയപ്പെട്ട ജൈവ വളമാണ്. എല്ലാവീടുകളിലും സമ്പത്തിന്റെയും സുഭിക്ഷതയുടെയും ഐശ്വര്യത്തിന്റെയും പ്രതീകമായി കന്നുകാലി സമ്പത്ത് കണക്കാക്കിയിരുന്നു. വിവാഹം കഴിച്ച് അയയ്ക്കുന്ന പെൺകുട്ടികൾക്ക് ഒരു കറവപ്പശുവിനെ കൊടുത്തുവിടുകയെന്നത് മിക്കവാറും എല്ലവിഭാഗം ജനങ്ങളും സ്വീകരിച്ചു പോന്ന ഒരു നടപടിയായിരുന്നു. അടുക്കളയിൽ മിച്ചംവരുന്ന കാടിയും കഞ്ഞിവെള്ളവും മറ്റുഭക്ഷ്യാവശിഷ്ടങ്ങളും മാത്രമല്ല, മേച്ചിൽപ്പുറങ്ങളും പച്ചപ്പുല്ലും സുലഭമായിരുന്നതിനാൽ പ്രത്യേക സംരഷണച്ചെലവുകളൊന്നും കൂടാതെ കന്നുകാലിപരിപാലനം നടത്തിരുന്നു. എന്നാൽ പാൽ ഉല്പാദന ക്ഷമത തീരെ കുറവായിരുന്നു, ഇടങ്ങഴി രണ്ടിടങ്ങഴിവരെ മാത്രം.

ഇപ്പോൾ ഏകദേശം 30-35% വീടുകളിൽ മാത്രമേ കന്നുകാലികളെ വളർത്തുന്നുള്ളു 85%വും പശുക്കളും ബാക്കി ആടുകളുമാണ്. സ്വന്തം ആവശ്യത്തിന് അല്പം പാൽ ലഭിക്കുകയെന്ന

തിൽ കവിഞ്ഞ് ഉപജീവനത്തിന് ഒരു തൊഴിൽ എന്നനിലയിൽ പാൽ ഉൽപ്പാദിപ്പിച്ച് വില്ക്കുന്ന വർ ഇപ്പോൾ ചുരുക്കമാണ്. ഇപ്പോഴുള്ളപശുക്കൾ ഭൂരിപക്ഷവും ഉല്പാദന ശേഷിമെച്ചമായ ജഴ്സി - നാടൻ സങ്കര ഇനങ്ങളാണ്. പാൽ ഉല്പാദനത്തോത് വളരെ വർദ്ധിക്കുവാൻ ഇതു സഹായിച്ചിട്ടുണ്ട്. കൃത്രിമ ഗർഭോല്പാദന പ്രവർത്തനങ്ങൾ വളരെ വ്യപകമായിത്തീർന്നിരിക്കുന്നതിനാൽ പ്രജനനത്തിന് കാളമൂരികളെ സംരക്ഷിക്കുന്നപതിവ് നിന്നുപോയി.

കന്നുകാലിവളർത്തൽ പൊതുവേകുറയാനുള്ളപ്രധാനകാരണം അവയ്ക്കു തീറ്റി കൊടുത്തു വളർത്താനുള്ള ബുദ്ധിമുട്ടാണ് . പുരയിടങ്ങളുടെ വിസ്തൃതി കുറഞ്ഞു. തരിശുഭൂമികളോ മേച്ചിൽ സ്ഥലങ്ങളോ ഇല്ല. കൃഷിഇടങ്ങളിൽ പച്ചപ്പുല്ലുവളർത്താനാകുന്നില്ല. കാലിത്തീറ്റ ഉപോൽപ്പന്നമായി ഉണ്ടാകുന്ന കൃഷികളും ഇല്ലാതായി. സങ്കര ഇനം കന്നുകുട്ടികൾ ഉണ്ടാകുന്നതിനാൽ അവയ്ക്കു ശാസ്ത്രീയമായ രീതിലുള്ള സംരക്ഷണവും അപ്രകാരം സംവിധാനം ചെയ്ത തൊഴുത്തും ആവശ്യമായിത്തീരുന്നു. കന്നുകാലിവളർത്തൽ ഒരു ഒഴിവുസമയതൊഴിൽ എന്നതിനപ്പുറം വലിയബുദ്ധിമുട്ടും പണച്ചെലവും വേണ്ടിവരുന്ന ഏർപ്പാടായിമാറിക്കഴിഞ്ഞു. ഉപജീവനമാർഗ്ഗമായി കന്നുകാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർ ഈ പഞ്ചായത്തിൽ അൻപതിൽ അധികംഉണ്ടാകയില്ല ഗാർഹികാവശ്യങ്ങൾക്കുള്ള പാലിനുവേണ്ടി പശുവിനെ വളർത്തുകയും അധികം വരുന്നത് വിൽക്കുകയും ചെയ്യുന്ന രീതിയാണ് പൊതുവേ ഉള്ളത്. പാൽ വില്പനയ്ക്ക് ഇടയിരിക്കപ്പുഴ, മുണ്ടത്താനം, പടനിലം, കാഞ്ഞിരപ്പാറ എന്നി സ്ഥലങ്ങളിലുള്ള ക്ഷീരോല്പദകസഹകരണ സംഘങ്ങളിൽ സൗകര്യങ്ങളുണ്ട്. മിൽമായുടെ സംഭരണഡിപ്പോ കാനത്തിലും, പത്തനാടും പ്രവർത്തിക്കുന്നു. ഇപ്പോൾമലനാട് ഡവലപ്പ്മെൻറുസൊസൈറ്റിയുടെ പ്രവർത്തനങ്ങളും ഈ പ്രദേശത്തേയ്ക്കു വ്യാപിച്ചു വരുന്നു. ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു വനിതാചെറുകിട യൂണിറ്റ് ഇടയിരിക്കപ്പുഴയിൽ പ്രവർത്തിച്ചുവരുന്നു.

കങ്ങഴ പഞ്ചായത്തിൽ ഒരുമൃഗാശുപത്രിയുള്ളത് ഇപ്പോൾ കാഞ്ഞിരപ്പാറയിൽ പ്രവർത്തിക്കുന്നു. ഇതിനു കാനത്തിൽ സ്വന്തമായ കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. ഒരു ബീജസങ്കലന കേന്ദ്രം പ്ലക്കൽ പടിക്കൽ പ്രവർത്തിച്ചുവരുന്നു. മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിൻെറ മിക്കവാറും ഭാഗങ്ങളിൽ ഇപ്പോൾ ലഭ്യമല്ല. കഴിഞ്ഞ വർഷം 2263 പശുക്കൾക്ക് കൃത്രിമ ബീജോല്പാദനം നടത്തിയിട്ടുള്ളതായി കണക്കുകൾ കാണിക്കുന്നു. 1987-ലാണ് കന്നുകാലി സെൻസസ് നടത്തിട്ടുള്ളത് എങ്കിലും അതിൻെറ വിശദമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. ലഭ്യമായ കണക്കനുസരിച്ച് 3370 പശുക്കളും 33 എരുമകളും, ആട് 1572 എണ്ണവുമാണ്.

പൊതുവായപ്രശ്നങ്ങൾ:-

1. കന്നുകാലിവളർത്തലിന് തീരെ തുണ്ടഭൂമി മത്രം ഉള്ളവർക്ക് സ്ഥലസൗകര്യങ്ങളില്ല.
2. തീറ്റച്ചെലവ് അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുന്നു.
3. പുല്ലുവളർത്താനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്.
4. കന്നുകാലിത്തീറ്റയ്ക്ക് ഉപയുക്തമായ കാർഷിക വിളകൾ കുറയുന്നു.
5. മൃഗാശുപത്രിയുടെ സൗകര്യങ്ങൾ വളരെകുറവാണ്.
6. ശാസ്ത്രീയമായ സംരക്ഷണപ്രവർത്തനങ്ങൾക്ക് സൗകര്യങ്ങളില്ല.
7. തൊഴുത്തുകളുടെ നിർമ്മാണത്തിന് വലിയ ചെലവ് ഉണ്ടാകുന്നു.
8. വിപണനസൗകര്യങ്ങൾ പരിമിതമാണ്.
9. ഉല്പാദനച്ചെലവിനനുസരിച്ച് പാൽ വില ലഭിക്കുന്നില്ല.
10. പൊതുവേ ആദായകരമായി അനുഭവപ്പെടുന്നില്ല.

11. കാർഷിക രംഗത്തെമാന്ദ്യം അനുബന്ധമേഖലകളിലേയ്ക്കും വ്യാപിക്കുന്നു.

സാദ്ധ്യതകൾ–

1. ഗാർഹികാവശ്യത്തിനു പാൽ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് താരതമ്യേന തീരെ സംരക്ഷണച്ചെലവുകുറവുള്ള പഴയ വെച്ചൂർപശുക്കൾ പോലെയുള്ള നാടൻ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുക.
2. പോഷകപ്രധാനമായ തീറ്റപ്പുല്ല് കൃഷിചെയ്യുവാൻ കൂടുതൽ പ്രേരണയും സഹായങ്ങളും നല്കുക.
3. കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റകൾ നല്കുക.
4. ഇന്ധനാവശ്യത്തിന് ബയോഗ്യാസ് എന്ന രീതി വ്യാപകമായി പ്രചരിപ്പിക്കുകയും ഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണത്തിന്റെ സാങ്കേതികവും സാമ്പത്തികവും ആരോഗ്യപരവുമായ മെച്ചങ്ങളെപ്പറ്റി ബോധവൽക്കരിക്കുകയും ചെയ്യുക.
5. ജൈവവളം മണ്ണിന്റെ ഘടനയും പോഷകഗുണങ്ങളും നിലനിർത്താൻ അത്യാവശ്യമാണെന്നുള്ള ശാസ്ത്ര സത്യം കർഷകരെ ബോദ്ധ്യപ്പെടുത്തുകയും അതിന്റെ ഉല്പാദനത്തിന് ചാണകംപോലെ ചെലവു കുറഞ്ഞ മറ്റൊന്നില്ലെന്നു ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക.
6. തൊഴുത്തുകളുടെ നിർമ്മാണത്തിന് സാങ്കേതിക – സാമ്പത്തിക സഹായങ്ങൾ നല്കുക.
7. ആദയകരമായി കന്നുകാലികളെ വളർത്താൻ സാധിക്കുന്ന വിധത്തിൽ സംരക്ഷണച്ചെലവിന്റെ അടിസ്ഥാനത്തിൽ പാൽ വില ക്രമീകരിക്കുക.
8. പാൽ ഒരു സമ്പൂർണ്ണാഹാരം എന്ന നിലയിൽ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാൻ മാർഗ്ഗങ്ങൾ സ്വീകരിക്കുക.
9. കാർഷികസംസ്കാരത്തിന്റെ അഭിവാജ്യഘടകമാണ് മൃഗസംരക്ഷണമെന്നുള്ള യാഥാർത്ഥ്യം കർഷകരെ ബോദ്ധ്യപ്പെടുത്തുക.
10. മൃഗസംരക്ഷണം, വ്യാപകമായ പരിശീലന–ബോധവൽക്കരണ പരിപാടികളിലൂടെ ഒരു ഉപതൊഴിലെന്ന നിലയിൽ വളർത്തിയെടുത്ത് ചെറുകിട മാതൃകായൂണിറ്റുകൾ നടത്താൻ തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
11. മൃഗാശുപത്രിയുടെ സൗകര്യം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ലഭ്യമാക്കുക.
12. പകർച്ചരോഗങ്ങൾക്കും പേവിഷബാധയ്ക്കുമെതിരെ പ്രതിരോധ കുത്തിവെയ്പ്പുകൾക്ക് സംവിധാനം ഏർപ്പെടുത്തുക.
13. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുക.
14. കന്നുകാലി പ്രദർശനങ്ങൾ സംഘടിപ്പിക്കുക.
15. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി വ്യാപകമാക്കുക.
16. സ്ലോട്ടർ ഹൗസുകളുടെ സംവിധാനം നിർബന്ധമാക്കുകയും മാംസം, തോൽ, മറ്റു മാംസ്യവസ്തുക്കൾ മുതലായവയുടെ സംസ്കരണവും വിപണനവും ആധുനീകരിക്കുകയും ചെയ്യുക.

ആടുവളർത്തൽ

. ഗ്രാമപ്രദേശങ്ങളിൽ പാലിന്റെയും മാംസത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരുന്നത് ഒരു വലിയ പരിധിവരെ ആടു വളർത്തലിലൂടെ ആയിരുന്നു. ആട്ടിൻ പാൽ വിശിഷ്ടവും ഔഷധഗുണമുള്ളതുമായി അംഗീകരിക്കപ്പെട്ടിരുന്നു. പച്ചിലകളും, കഞ്ഞിവെള്ളവും കൊണ്ടു മാത്രം ആടുകൃഷി വിജയകരമായി ചെയ്തുവന്നിരുന്നതിനാൽ വളരെ ആദായകരവുമായിരുന്നു. ഇന്ന് സാഹചര്യങ്ങൾ മാറിയിരിക്കുന്നതിനാൽ

ആടുകൃഷിയും തീരെ ചുരുങ്ങിയിരിക്കുന്നു. വൃക്ഷങ്ങളും കാടുകളും ശേഷിക്കാതെ എല്ലാപ്രദേശങ്ങളും റബ്ബർ കൃഷിക്കായി വിനിയോഗിക്കപ്പെട്ടതിനാൽ പച്ചിലകൾ പോലും ദുർലഭമായി. ഇപ്പോൾ ചുരുക്കം ചില വീടുകളിൽ മാത്രമേ ആടുവളർത്തൽ തുടരുന്നുള്ളൂ.

അല്പം ശ്രദ്ധിക്കുകയും താല്പര്യപ്പെടുകയും ചെയ്യുന്നപക്ഷം ചെറുകിടവരുമാനക്കാർക്ക് ഇപ്പോഴും ആദായകരമായി ചെയ്യാവുന്ന ഒരു തൊഴിലാണ് ആടുവളർത്തൽ. ചിലസന്നദ്ധസംഘടനകൾ ഒരുകാലത്ത് Goat Bank പദ്ധതി നടപ്പാക്കിയിരുന്നു. ഇപ്പോഴും ഈ രീതിയിൽ ആടുവളർത്തൽ പ്രചരിപ്പിക്കുവാനും അതുവഴി വരുമാനം വർദ്ധിപ്പിക്കുവാനും നല്ല സാദ്ധ്യതകളുണ്ട്.

മത്സ്യം വളർത്തൽ

10 മാസമെങ്കിലും സുലഭമായി ശുദ്ധജലം കിട്ടുന്ന വെള്ളക്കെട്ടു പ്രദേശങ്ങളിലാണ് മത്സ്യകൃഷി ചെയ്യാൻ സാഹചര്യമുള്ളത്. കങ്ങഴ പഞ്ചായത്തിൽ നിലവിൽ ഇത്തരം സൗകര്യങ്ങൾ തീരെ അപൂർവ്വമാണ്. അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി വറ്റാത്ത കുളങ്ങൾ നിർമ്മിക്കാൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതായാൽ ചുരുങ്ങിയ തോതിൽ മത്സ്യം വളർത്താൻ കഴിഞ്ഞേക്കുമെന്നല്ലാതെ മത്സ്യകൃഷിക്കു വലിയ സാദ്ധ്യതകളൊന്നും കാണുന്നില്ല.

കോഴിവളർത്തൽ

വൻതോതിൽ മുട്ട ഉല്പാദിപ്പിക്കുന്നതിനോ ഇറച്ചിക്കോഴികളെ വളർത്തുന്നതിനോ ഉള്ള സ്ഥാപനങ്ങളൊന്നും ഇപ്പോൾ കങ്ങഴയിൽ ഇല്ല. ഒരു 10-15 വർഷം മുമ്പ് ഗവൺമെൻറിൻെറ പ്രചരണവും ധനസഹായ പരിപാടികളും മറ്റും മൂലം ചിലർ ഈ സംരഭത്തിൽ ഏർപ്പെട്ടെങ്കിലും പിടിച്ചു നില്ക്കാൻ കഴിഞ്ഞില്ല. അപ്രതീക്ഷിതമായി വരുന്ന പകർച്ചരോഗങ്ങൾ മൂലം വൻതോതിൽ കോഴികൾ ചത്തൊടുങ്ങിയ അനുഭവങ്ങൾ പലവർഷങ്ങളിലും ഉണ്ടായിട്ടുണ്ട്. കോഴിത്തീറ്റയുടെ വിലവർദ്ധനവ് അനിയന്ത്രിതമായിത്തീർന്നു. കോഴിവളർത്തൽ ആദായകരമല്ലാത്ത മറ്റുസാഹചര്യങ്ങളുമുണ്ട്. രോഗപ്രതിരോധശക്തിയുള്ള നാടൻ കോഴികളുടെയും ഉല്പാദനശേഷി കൂടുതലുള്ള മാറ്റിനങ്ങളുടെയും സങ്കരഇനം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് തുറസ്സായ സ്ഥലങ്ങളിൽ അഴിച്ചുവിട്ട് പ്രത്യേകം കിട്ടുന്ന തീറ്റകളും അടുക്കളയിലെ അവശിഷ്ടങ്ങളുമൊക്കെ കൊടുത്ത് പരമ്പരാഗതമായ രീതിയിൽ കോഴിവളർത്തുന്ന രീതിയാണ് ഇപ്പോഴും മിക്ക വീടുകളിലും സ്വീകരിച്ചുവരുന്നത്.

മുട്ടവിറ്റ് ഉണക്കമീൻ വാങ്ങുന്ന ചിന്താഗതിക്ക് വലിയമാറ്റം വന്നു കഴിഞ്ഞിട്ടുള്ള ഇക്കാലത്ത് കൂടുതൽ മുട്ടയും ഇറച്ചിയും വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ട്. അതിനാൽ വിപണികളിൽ എത്തുന്നവയുടെ എണ്ണം കുറവാണ്. ഏതാനും കോഴികളെ വളർത്തുന്നതിനു സഹായകമായ സാഹചര്യം നമ്മുടെ മിക്കവാറും വീടുകളിലുണ്ട്. ആഹാരത്തിൻെറ പോഷകമൂല്യം വർദ്ധിപ്പിക്കുവാനും അല്പം വരുമാനം കൂടി വർദ്ധിപ്പിക്കുന്നതിനും ഇതു മൂലം കഴിയുമെന്നതിനു സംശയമില്ല. മൃഗാശുപത്രികളുടെ സൗകര്യം വർദ്ധിക്കുന്നതോടു കൂടി കുറെ ചെറുകിട കോഴിവളർത്തൽ യൂണിറ്റുകൾ നടത്താനുള്ള സാദ്ധ്യയുണ്ട്.

പന്നിവളർത്തൽ

ഏതാണ്ട് 25 വർഷം മുമ്പുവരെ കങ്ങഴയിൽ ഏതാനും വീടുകളിലെങ്കിലും പന്നിവളർത്തലുണ്ടായിരുന്നു. പ്രകൃതിയിൽ നിന്നുള്ള ഭക്ഷ്യാവശിഷ്ടങ്ങളും മനുഷ്യവിസർജ്ജവും മറ്റും കൊണ്ട് അവ വളരുകയും വർദ്ധിച്ചു പെരുകുകയും ചെയ്തിരുന്നതിനാൽ ലാഭകരവുമായിരുന്നു. കാലം മാറിയപ്പോൾ ആരോഗ്യപ്രശ്നങ്ങളും പാരിസ്ഥിതികപ്രശ്നങ്ങളും മറ്റും കൊണ്ട് ഈ തൊഴിൽ നിലച്ചു.

ഇപ്പോൾ പുതിയ ഇനം പന്നികളെ ആദായകരമായി വളർത്താവുന്ന സാഹചര്യങ്ങളും ഡി

പ്പാർട്ടുമെൻറിൽ നിന്ന് അതിനാവശ്യമായ സഹായങ്ങളും ലഭ്യമാണ്. എന്നാൽ വളർത്തൽ രീതിയിൽ ഒരു പഞ്ചനക്ഷത്രശൈലി വേണ്ടിവരുന്നു. നല്ല കൂടും സാഹചര്യങ്ങളും ചിട്ടയായ ഭക്ഷണവും നല്കേണ്ടതാവശ്യമാണ്. ഭക്ഷണത്തിൻെറ അവശിഷ്ടങ്ങൾ ധാരാളമായി ലഭിക്കുന്ന ഹോസ്റ്റലുകൾ, ഹോട്ടലുകൾ മുതലായവയോടനുബന്ധിച്ച് വൻതോതിൽ പന്നിവളർത്തൽ നടത്തി വമ്പിച്ച ആദായം നേടുന്ന അനുഭവം പലേടത്തുമുണ്ട്.

മുയൽകൃഷി

കാട്ടുമുയൽ ധാരാളമുണ്ടായിരുന്ന ഈ പ്രദേശങ്ങളിൽ ഇപ്പോൾ ഇവ അപൂർവ്വമാണ്. ശുചിത്വവും രുചിയുമുള്ള ഇറച്ചി ലഭിക്കുന്നതിന് മുയൽ വളർത്തൽ അഭിവൃദ്ധിപ്പെടുത്തേണ്ടത് ആവശ്യമാണ്. ഇത് സാധാരണക്കാരൻെറ തീൻമേശയിലെ ഒരു ഇഷ്ടവിഭവമാക്കാൻ വലിയ ബുദ്ധിമുട്ടിൻെറ കാര്യവുമില്ല. അല്പം ശ്രദ്ധിക്കാൻ തയ്യാറാകുന്ന പക്ഷം പലവീടുകളിലും ആദായകരമായ ഒരു തൊഴിലായി മുയൽ കൃഷി നടത്താൻ സാദ്ധ്യതകളുണ്ട്. മുയലിൻെറ തോലിന് വലിയ വ്യവസായിക ആവശ്യമുള്ളതായി പറയപ്പെടുന്നു.

പരിമിതങ്ങളായ സ്ഥലസൗകര്യമുള്ള വലിയവിഭാഗം കർഷകരും തങ്ങളുടെ ചുരുങ്ങിയ സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കൃഷിയും കന്നുകാലി, ആട്, കോഴി, പന്നി, മുയൽ എന്നിങ്ങനെ ഏതെങ്കിലും താല്പര്യമുള്ള ഒരു അനുബന്ധ തൊഴിലുംകൂടി ഏറ്റെടുക്കുകയെന്ന ദൗത്യം നിർബ്ബന്ധമായി അംഗീകരിക്കുന്ന പക്ഷം തൊഴിൽ ഉല്പാദന മേഖലകൾ വളരെയധികം വികസിക്കുമെന്നതിനു യാതൊരു സംശയവുമില്ല.

2. ദ്വിതീയ മേഖല

a. വ്യവസായം

വ്യവസായിക രംഗത്ത് തിരെ പിന്നോക്കം നില്ക്കുന്ന പ്രദേശമാണ് കങ്ങഴ പഞ്ചായത്ത്. 1970 വരെ നാട്ടിൽ ഉല്പാദിപ്പിച്ചിരുന്ന നാളികേരം സംസ്ക്കരിക്കുന്ന കൊപ്രാക്കളങ്ങൾ ധാരാളം ഉണ്ടായിരുന്നു. എന്നാൽ തെങ്ങു കൃഷി നശിച്ചതോടെ അവനിലച്ചു. 1960 കളിൽ ചില എണ്ണയാട്ടു സഹകരണ സംഘങ്ങൾ കുടിൽ വ്യവസായമായി പ്രവർത്തിച്ചിരുന്നു. അലക്കു സോപ്പു നിർമ്മാണ യൂണിറ്റുകളും ചെറുകിട വ്യവസായ രംഗത്ത് ആരംഭിച്ചു പ്രവർത്തിച്ചിരുന്നു. 1970 നു ശേഷം ഇടയിരിപ്പുഴയിൽ ഒരു ഇടത്തരം തുണിമില്ല് പ്രവർത്തിപ്പിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിരുന്നു. ഉല്പാദനം ആരംഭിച്ചെങ്കിലും മുന്നോട്ടു നീങ്ങിയില്ല. 1980– നു ശേഷം ചില റബർ ബാൻഡു നിർമ്മാണയൂണിറ്റുകൾ ആരംഭിച്ചു. അവയിൽ ഒന്നുരണ്ടെണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. തടിയറപ്പുമില്ലും മെറ്റൽ ക്രഷറും ഒക്കെ ഇതിൽപ്പെടുന്നു. വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ചില ചെറുകിട തടിമില്ലുകളും ധാന്യങ്ങൾ പൊടിക്കുകയും അരയ്ക്കുകയും ചെയ്യുന്ന ചെറിയ സ്ഥാപനങ്ങളും ഉണ്ട്. തീപ്പെട്ടി വ്യവസായത്തിനാവശ്യമായ കൊള്ളിയും പെട്ടിയും ഉണ്ടാക്കാനുള്ള അസംസ്കൃത വസ്തുവും ഇവിടെ തയ്യാറാക്കി തമിഴ്നാട്ടിലേയ്ക്കു കൊണ്ടു പോകുന്ന ഒരു ഫാക്ടറി ഇടയിരിക്കപ്പുഴയിലുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഹോളോ ബ്രിക്സും, സിമിൻറു കട്ടയും, ജനൽ, വെൻറിലേറ്റർ തുടങ്ങിയ നിർമ്മിക്കുന്ന ഒരു യൂണിറ്റ് പഴുക്കാകുളത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്ന ചില സിമിൻറ് ഇഷ്ടിക നിർമ്മാണ പ്രവർത്തനവും നടക്കുന്നതായി അറിയാം.

വ്യാവസായിക രംഗത്ത് ഇതൊക്കെ അല്ലാതെ കൂടുതൽ ആളുകൾക്ക് തൊഴിലും ജീവിക്കാൻ മതിയായ വേതനവും ലഭ്യമാക്കുന്ന വൻകിടവ്യവസായസംരംഭങ്ങൾ ഒന്നും തന്നെ കങ്ങഴയിൽ ആരംഭിച്ചിട്ടില്ല. വ്യവസായിക മനോഭാവവും അന്തരീക്ഷവും ഇല്ലാത്തതാണു പ്രധാന കാര

ണം. നാട്ടിൽ ലഭ്യമായ പ്രധാന ഉല്പന്നം റബറാണ്. റബറിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കാണു സാദ്ധ്യത. റബ്ബർ തടിയും ധാരളമായി ലഭ്യമാണ്. ഇതൊന്നും ഈ പ്രദേശത്ത് സംസ്ക്കരിച്ച് വ്യവസായിക ഉല്പന്നമാക്കി മാറ്റപ്പെടുന്നില്ല. നാട്ടിൽ ഇപ്പോഴും ധാരാളമായി ലഭ്യമായിട്ടുള്ള ചക്ക, വാഴപ്പഴങ്ങൾ, കൈതച്ചക്ക, തുടങ്ങിയ പഴവർഗ്ഗങ്ങൾ ശാസ്ത്രിയമായി സംസ്ക്കരിച്ച് ഉപയോഗിക്കപ്പെടുന്നില്ല.

വിദേശ നാടുകളിൽ ജോലിനോക്കുന്ന ധാരാളം ആളുകൾ അവരുടെ സമ്പാദ്യം കങ്ങഴയിൽ എത്തിക്കുന്നുണ്ട്. റബർ പ്രധാന കൃഷി ആയതോടെ പ്രാദേശികമായും ഭേദപ്പെട്ട സാമ്പത്തിക അടിത്തറയുണ്ട്. ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ മൂലധനം കണ്ടെത്താൻ മേല്പറഞ്ഞ ആളുകളെ സംഘടിപ്പിച്ചാൽ ബുദ്ധിമുട്ടുണ്ടാവുകയില്ല, വൻ കിടവ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പശ്ചാത്തലങ്ങൾ ഈ ഗ്രാമത്തിലില്ല. റബ്ബർ പാൽ സംസ്ക്കരിച്ച് ക്രീം ആക്കി മാറ്റുക, റബ്ബർ തടി സംസ്ക്കരിച്ച് കെട്ടിടനിർമ്മാണത്തിനും ഉപകരണനിർമ്മാണത്തിനും ഉപയോഗിക്കുക തുടങ്ങിയവ എല്ലാകാലത്തും പ്രവർത്തിക്കാവുന്ന വ്യവസായങ്ങളാണ്. പ്രതിമാസം കുറഞ്ഞത് 3000 കിലോഗ്രാം അലക്കു സോപ്പ് കങ്ങഴ പഞ്ചായത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇത് മുഴുവൻ തന്നെയും വൻ കിട വ്യവസായ സ്ഥാപനങ്ങളുടെ ഉൽപന്നമായി ഇവിടെ എത്തുന്നവയാണ്. 50% എങ്കിലും പ്രാദേശികമായി ഉല്പാദിപ്പിച്ച് വിതരണം നടത്താൻ കഴിഞ്ഞാൽ അതൊരു നേട്ടമാകും. നിത്യോപയോഗത്തിനുള്ളവ വസ്ത്രങ്ങളുടെ നിർമ്മാണമാണ് മറ്റൊരുരംഗം. സംസ്ഥാനത്തിനുവെളിയിൽ നിർമ്മിച്ച് ഇവിടെവില്പന നടത്തുന്നവയാണ് കുട്ടികളുടെയും സ്ത്രീകളുടെയും ഉടുപ്പുകളും അടിവസ്ത്രങ്ങളും പുരുഷന്മാരുടെ മോടികൂടിയ വസ്ത്രങ്ങളും എല്ലാം. സാമാന്യ വിദ്യാഭ്യാസമുള്ള സ്വയം തൊഴിൽ സംരംഭകരെ സംഘടിപ്പിച്ച് ഇവയുടെ നിർമ്മാണം കുടിൽ വ്യവസായാടിസ്ഥാനത്തിൽ നടത്താവുന്നതാണ്.

കാർഷികമേഖലയിലാണ് കൂടുതൽ ആളുകൾ തൊഴിൽ ചെയ്യുന്നത്. കൂലിനിരക്ക് താരതമ്യേന ഉയർന്നതാണ്. അവിദഗ്ദ്ധതൊഴിലാളിക്ക് പുരുഷന് 100 രൂപയും സ്ത്രീക്ക് 75 രൂപയും വിദഗ്ദ്ധ തൊഴിലാളികൾക്ക് ഇതിന്റെ 50% കൂടുതലുമാണ്. വ്യവസായികരംഗത്തെ കൂലി തീരെ കുറവായാണു കാണുന്നത്. തീപ്പെട്ടി ഫാക്ടറികളിലും റബറുല്പന്ന നിർമ്മാണ യൂണിറ്റുകളിലും പണിയെടുക്കുന്ന സ്ഥിരം തൊഴിലാളികൾക്ക് മറ്റുരംഗങ്ങളിലുള്ളതിന്റെ $^1/_3$ കൂലി പോലും ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ

1. ജനങ്ങളിൽ വ്യാവസായിക മനോഭാവം ഇല്ലായ്മ.
2. പരമ്പരാഗത തൊഴിലുകൾ വിട്ട് പുതിയ സാദ്ധ്യതകൾ പരീക്ഷിക്കാനുള്ള തന്റേടക്കുറവ്.
3. ഉള്ളമൂലധനം സ്വരൂപിച്ച് സഹകരണാടിസ്ഥാനത്തിൽ വിനിയോഗിക്കാനുള്ള ഭാവനാ പൂർണ്ണമായ നേതൃത്വക്കുറവ്
4. സാദ്ധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മ.
5. ചെറുകിട വ്യാവസായങ്ങൾ മത്സരിച്ച് ലാഭകരമായി നടത്താൻ കഴിയാത്ത വിധം ഉയർന്ന വേതനനിരക്ക്
6. ഉർജ്ജ ക്ഷാമം
7. സാങ്കേതിക നിർദ്ദേശത്തിന്റെ അഭാവം
8. മാനേജ്മെൻറ് പരിശീലനക്കുറവ്
9. വിപണിയെ സംബന്ധിച്ച അറിവില്ലായ്മ
10. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള മടി
11. വായ്പാ സ്ഥാപനങ്ങളുടെ പ്രോത്സാഹനജനകമല്ലാത്ത സമീപനം.

12. സർക്കാർ സംവിധാനങ്ങളുടെ അഴിമതി നിറഞ്ഞ ഇടപെടലുകൾ

സാദ്ധ്യതകൾ

1. വ്യാവസായ തല്പരായ ചെറുപ്പക്കാരെ കണ്ടുപിടിച്ച് വിവധ വശങ്ങളെ സംബന്ധിച്ച് പരിശീലനം നല്കി ആത്മവിശ്വാസം ഉണ്ടാക്കുക.
2. മറുനാടുകളിൽ നിന്നും എത്തുന്നതും നാട്ടിൽ ഉണ്ടാക്കുന്നതുമായ സമ്പത്ത് പ്രത്യുല്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനെതിരെബോധവൽക്കരണം നടത്തുക.
3. സമ്പത്ത് ആകർഷകമായ വ്യവസ്ഥകളിൽ സ്വരൂപിച്ച് ഒരു വ്യവസായിക സഹകരണ സംഘം രൂപീകരിക്കുക.
4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റബ്ബർ പാൽ ശേഖരണം നടത്തി സംസ്ക്കരിക്കാൻ യൂണിറ്റ് സ്ഥാപിക്കുക.
5. ധാരാളമായി ലഭ്യമായിട്ടുള്ള റബ്ബർ തടി കെട്ടിട നിർമ്മാണത്തിനും ഉപകരണ നിർമ്മാണത്തിനും ഉപയോഗിക്കുന്നതിനു സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുക.
6. മഹിളാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ആധുനിക വസ്ത്ര നിർമ്മാണ പരിശീലനം നല്കി ഗാർമെൻറ്സ് മെക്കിംഗ് യൂണിറ്റു സ്ഥാപിക്കുക.
7. അലക്കു സോപ്പ്, നിർമ്മാണത്തിന് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു യൂണിറ്റ് സ്ഥാപിക്കുക.
8. കറിപ്പൊടികൾ തയ്യാറാക്കി വീടുകളിൽ വില്പന നടത്തുന്ന ഒരു ചെറുകിട സംരംഭം ആരംഭിക്കുക
9. പഴങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിച്ച് രുചികരമായ വിഭവങ്ങൾ ഉണ്ടാക്കുന്നതിനും കേടുകൂടാതെ സൂഷിക്കുന്നതിനും ഉള്ള പരിശീലനം നല്കി സ്കാഷ്, ജാം, അച്ചാറുകൾ ഇവ നിർമ്മിക്കാനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുക.
10. പാലുല്പന്നങ്ങളും പലഹാരങ്ങളും നിർമ്മിച്ച് കടകളിലും വീടുകളിലും വില്പന നടത്തുന്നതിനുള്ള ഒരു ചെറുകിട യൂണിറ്റ് സ്ഥാപിക്കുക.

b. ഊർജ്ജം

കങ്ങഴ പഞ്ചായത്തിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഊർജ്ജമാണു പ്രധാനം. വ്യവസായങ്ങൾ തീരെക്കുറവായതിനാൽ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഊർജ്ജം ഗണ്യമല്ല.

പാചകം:- ഗാർഹികാവശ്യത്തിൽ പ്രധാനം പാചകത്തിനും വെളിച്ചത്തിനും ഉള്ള ഊർജ്ജമാണ്. പാചകത്തിന് വിറകു തന്നെയാണ് മിക്ക വീടുകളിലും ഉപയോഗിക്കുന്നത്. പരമ്പരാഗത രീതിയിൽ തയ്യാറാക്കിയിട്ടുള്ള അടുക്കളയും ചിമ്മിനിയും അടുപ്പുമാണ് മിക്ക വീടുകളിലു മുള്ളത്. തെങ്ങിൽ നിന്നും ലഭിച്ചിരുന്ന മടലും കൊതുമ്പും ഒക്കെ ആയിരുന്നു വിറകായിട്ട് മുമ്പ് ഉപയോഗിച്ചിന്നത്. തെങ്ങു കൃഷിയുടെ നാശത്തോടെ റബ്ബർ തോട്ടങ്ങളിൽ നിന്നും കിട്ടുന്ന ഉണങ്ങിയ ശിഖരങ്ങളും കേടുവന്ന റബ്ബർ തടികളുമായി വിറക്.

ചെറുകിട റബ്ബർ കർഷകർ കൂടുതലുള്ളതു കൊണ്ട് റബ്ബർ ഷീറ്റു പുകച്ചുണ്ടാക്കുന്നതിനുള്ള പ്രാധനമാർഗ്ഗം ചിമ്മിനികൾക്കുള്ളിലെ പുകയാണ്. അതു കൊണ്ടു തന്നെ പുകയില്ലാത്ത അടുപ്പും ക്ഷമത കൂടിയ പരിഷ്കൃത അടുപ്പും സ്ഥാപിക്കുന്നതിന് ആളുകൾ കൂടുതൽ താല്പര്യം കാണിക്കുന്നില്ല. പാചകത്തിന് മണ്ണെണ്ണ ഭാഗികമായി ഉപയോഗിക്കുന്ന 348 കുടുംബങ്ങളുണ്ട്. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചുട്ടുള്ള ഇടത്തരക്കാരുടെ വീടുകളും ചുരുക്കമായി കാണാം. പെട്രോളിയം ഗ്യാസ് ഏജൻസി ഈ പഞ്ചായത്തിൽ ഇല്ല. എരുമേലി,

ചങ്ങനാശ്ശേരി, പാമ്പാടി എന്നിവിടങ്ങളിൽ നിന്നും ഗ്യാസ് വാങ്ങുന്ന കുറേ പരിഷ്കൃത കുടുംബങ്ങളും ഉണ്ട്. പാചകാവശ്യത്തിന്റെ ഒരു ഭാഗം മാത്രമേ അതു കൊണ്ടു നിറവേറ്റപ്പെടുന്നുള്ളു. ലഭ്യതക്കുറവാണു പ്രധാന കാരണം.

വൈദ്യുതി:- വെളിച്ചത്തിനു വേണ്ടിയാണ് ഇവിടെ വൈദ്യുതി പ്രധാനമായും ഉപയോഗിക്കുന്നത്. പഞ്ചായത്തിന്റെ എല്ലാഭാഗത്തും വൈദ്യുതി എത്തിയിട്ടുണ്ടെന്നാണു കണക്കാക്കപ്പെടുന്നത്; എന്നാൽ എല്ലാ വീടുകളിലും എത്തിയിട്ടില്ല. വിതരണ ശൃംഗലയുടെ അപര്യാപ്തതയും പാവപ്പെട്ട കുടുംബങ്ങളുടെ സാമ്പത്തിക പരിമിതികളുമാണ് അതിനു കാരണം. വോൾട്ടേജ് ക്ഷാമമാണ് 80% ഉപഭോക്താക്കളെയും നേരിടുന്ന പ്രശ്നം. 13 ട്രാൻസ്ഫോർമറുകൾ കങ്ങഴ പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഉപഭോക്താക്കളുടെ വർദ്ധനവും ആധുനിക ഇലക്ട്രിക്കൽ - ഇലക്ട്രോണിക് ഉപകരണങ്ങളുടെ അധികരിച്ച ഉപയോഗവും നിമിത്തം കിട്ടുന്ന വൈദ്യുതി പര്യാപ്തമാകുന്നില്ല. ഇടത്തരം വീടുകളിലും സമ്പന്ന കുടുംബങ്ങളിലും മിക്സി, ഗ്രൈൻഡർ, ടി.വി, ഫ്രിഡ്ജ്, ഫാൻ, അലക്കുയന്ത്രം, വെള്ളം പമ്പുചെയ്യുന്നതിനുള്ള മോട്ടോർ തുടങ്ങിയവ പ്രവർത്തിക്കുന്നതിന് വൈദ്യുതി ആവശ്യമായിത്തീർന്നു. വിതരണ ശൃംഖലയിലെ പ്രസരണ നഷ്ടം വോൾട്ടേജ് ക്ഷാമത്തിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. റബ്ബർ തോട്ടങ്ങൾ നിറഞ്ഞ ഗ്രാമത്തിൽ അവയ്ക്കിടയിലൂടെ പോകുന്ന വൈദ്യുതിലൈനിൽ തട്ടിക്കിടക്കുന്ന ശിഖരങ്ങൾ വെട്ടിമാറ്റപ്പെടുന്നില്ല. 30% വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ അവ കത്തിക്കാറില്ല. ഇനി ഏറെ റോഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കാനും ഉണ്ട്.

കങ്ങഴ പഞ്ചായത്തിൽ 588 സാധാരണ ബൾബുകളും 14 ട്യൂബു ലൈറ്റുകളും തെരുവു വിളക്കുകളായി ഉപയോഗിച്ചിട്ടുണ്ട്. അവയ്ക്കുള്ള വൈദ്യുതി ചാർജ്ജ് ഇനത്തിൽ 4901 രൂപാ പ്രതിമാസം അടയ്ക്കുന്നുണ്ട്.

വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിക്കുന്ന 4 തടിമില്ലുകളും ധാന്യം പൊടിക്കുകയും അരയ്ക്കുകയും ചെയ്യുന്ന ഏതാനും ചെറിയ ഫ്ലവർമില്ലുകളും ഒരു തീപ്പെട്ടിക്കൊള്ളി നിർമ്മാണ ഫാക്ടറിയും രണ്ടു ചെറുകിട റബ്ബറുല്പന്ന നിർമ്മാണ യൂണിറ്റും കങ്ങഴ പഞ്ചായത്തിലുണ്ട്.

വികസനത്തിന്റെ അടയന്തിരാവശ്യങ്ങൾ നേരിടുന്നതിനും വോൾട്ടേജിന്റെ കുറവ് പരിഹരിക്കുന്നതിനുമുള്ള ഏകമാർഗ്ഗം നിർദ്ദിഷ്ടമായ ഇലക്ട്രിക്കൽ സ്റ്റേഷൻ അടിയന്തിരമായി സ്ഥാപിക്കുക എന്നതാണ്.

പ്രശ്നങ്ങൾ:-

1. തീരെ അപര്യാപ്തമായ കുറഞ്ഞ വോൾട്ടേജ്.
2. കൂടെക്കൂടെയുള്ള വൈദ്യുതി മുടക്കം.
3. തെരുവുവിളക്കുകൾ കത്തിക്കുന്നില്ല.
4. ആവശ്യമുള്ള എല്ലാ സ്ഥലത്തും തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.
5. വ്യാപകമായി വോൾട്ടേജ് സ്റ്റെബിലൈസർ പ്രവർത്തിക്കുന്നതു നിമിത്തം സാധാരണ ഉപഭോക്താവിന് വൈദ്യുതി ക്രമമായി ലഭിക്കുന്നില്ല.
6. പാചകാവശ്യത്തിനുള്ള വിറക് വിലകൂടിയ വസ്തുവായിരിക്കുന്നു. കുറഞ്ഞ ചെലവിൽ ഇന്ധനം ലഭ്യമല്ലാത്തത് പാവപ്പെട്ട ജനവിഭാഗത്തെ ബുദ്ധിമുട്ടിക്കുന്നു.
7. വൈദ്യുതി ലൈനിൽ തട്ടിക്കിടക്കുന്ന വൃക്ഷ ശിഖരങ്ങൾ വെട്ടി നീക്കാത്തതു കൊണ്ടുള്ള പ്രസരണ നഷ്ടം.

സാദ്ധ്യതകൾ:-

1. നിർദ്ദിഷ്ടമായ ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ ഏറ്റവും വേഗം കങ്ങഴയിൽ സ്ഥാ

പിക്കുക. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

2. വൈദ്യുതി ലൈനിൽ തട്ടിയിട്ടുള്ള എല്ലാ വൃക്ഷക്കമ്പുകളും വെട്ടി നീക്കുക.

3. കുറഞ്ഞ വോൾട്ടേജിൽ കൂടുതൽ വെളിച്ചം നല്കുന്ന വിളക്കുകൾ എല്ലാ വീടുകളിലും, പൊതുനിരത്തിലും സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

4. എല്ലാ തെരുവു വിളക്കുകളും കൃത്യമായി കത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. ഇനിയും തെരുവു വിളക്കു സ്ഥാപിച്ചിട്ടില്ലാത്ത ഗ്രാമറോഡുകളിൽ അവ സ്ഥാപിക്കുകയും ചെയ്യുക.

5. റബ്ബറുണക്കാൻ ആവശ്യമില്ലാത്ത വീടുകളിൽ ദക്ഷത കൂടിയ അടുപ്പുകളും പുകയില്ലാത്ത അടുപ്പുകളും കുറഞ്ഞ ചിലവിൽ സ്ഥാപിച്ചു കൊടുക്കുക.

6. ചാണകം, റബർ ഷീറ്റിന്റെ വെള്ളം എന്നിവ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സാങ്കേതിക സഹകരണം നല്കുക.

7. അറക്കപ്പൊടി പോലുള്ള ചിലവു കുറഞ്ഞ ഇന്ധനം ഉപയോഗിക്കാൻ നിർബന്ധിക്കുക.

8. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വിളക്കുകൾ സ്ഥാപിക്കുകയും അവ പ്രചരിപ്പിക്കുകയും ചെയ്യുക.

9. ലഭ്യമായ പുറമ്പോക്കുകളിലും പാഴ്ഭൂമിയിലും വൃക്ഷങ്ങൾ വച്ചു പിടിക്കുക.

C. ഗതാഗതം

സഞ്ചാരയോഗ്യമായ റോഡുകളും ഗതാഗത സൗകര്യങ്ങളിലുള്ള പര്യാപ്തതയും ഒരു നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ കാര്യമാണ്. മലനാടിന്റെ കവാടമായ കങ്ങഴ ഗ്രാമം അരനൂറ്റാണ്ടുകൾക്ക് മുൻപ് ഗതാഗതസൗകര്യങ്ങളിൽ ഒറ്റപ്പെട്ട സ്ഥിതിയിലായിരുന്നു. ചെറുതോടുകളാലും കുന്നുകളാലും മലകളാലും ചുറ്റപ്പെട്ട ഈ പ്രദേശത്ത് ഗ്രാമീണ റോഡുകളുടെ എണ്ണം വളരെ കുറവായിരുന്നു. സഞ്ചാരത്തിന് ഊടുവഴികളായിരുന്നു അന്ന് ആശ്രയം. നിലവിലുണ്ടായിരുന്ന റോഡുകൾ തന്നെ വീതി കുറഞ്ഞ് സഞ്ചാരയോഗ്യവുമായിരുന്നില്ല. ഏതാണ്ട് ഇരുപത്തഞ്ച് വർഷത്തിനപ്പുറം കാളവണ്ടികളായിരുന്നു പ്രധാനമായും ചരക്കുഗതാഗതത്തിനും യാത്രയ്ക്കും ഉപയോഗിച്ചിരുന്നത്. മോട്ടോർവാഹനങ്ങളുടെ ആഗമനകാലഘട്ടത്തിലും സമ്പന്നർ കാളകളെ പൂട്ടിയ വില്ലുവണ്ടികളാണ് സ്വകാര്യയാത്രയ്ക്ക് ഉപയോഗിച്ചിരുന്നത്. ആദ്യത്തെ രണ്ട് പ്രധാന കച്ചറോഡുകളായിരുന്നു ഗ്രാമത്തിന്റെ വടക്കതിർത്തിയിൽ കൂടി കടന്നു പോകുന്ന കറുകച്ചാൽ - വാഴൂർ റോഡും ഏതാണ്ട് മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്ന കറുകച്ചാൽ - മണിമല റോഡും. ഈ രണ്ട് പ്രധാന റോഡുകളെ തമ്മിൽ അക്കാലത്ത് ബന്ധിപ്പിച്ചിരുന്ന ഏകറോഡ് 5 കിലോമീറ്റർ ദൈർഘ്യമുള്ള പത്തനാട് - മൂലേപ്പീടിക റോഡാണ്. കാലക്രമേണ ഈ റോഡുകൾ P.W.D നിയന്ത്രണത്തിലായി. പഞ്ചായത്തു സംവിധാനം ശക്തിപ്പെട്ടുവരുന്നതുവരെ ഗുണഭോക്താക്കൾ അദ്ധ്വാനിച്ച് ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്തു വന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം രൂപീകൃതമായ N.E.S. Blockകൾ ആദ്യഘട്ടങ്ങളിൽ ജനപങ്കാളിത്തത്തോടെ വിവിധ വികസന പദ്ധതികൾ ആസൂത്രണം ചെയ്കയും നടപ്പാക്കുകയും ചെയ്യുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജനപങ്കാളിത്തത്തോടെ അന്ന് നിർമ്മിച്ച റോഡുകളാണ് ഇന്നു നിലവിലുള്ളവയിൽ ഭൂരിപക്ഷം റോഡുകളും. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കൂട്ടായ യത്നത്തിന് ഉത്സവഛായ പകർന്നിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ഗ്രാമീണരും സന്നദ്ധസംഘപ്രവർത്തകരും വിദ്യാർത്ഥികളും ഏകമനസ്സോടെ

പ്രയത്നിച്ചതിന്റെ ഫലമായി ഗതാഗതയോഗ്യമായ ധാരാളം റോഡുകൾ അക്കാലത്തുണ്ടായി. കാലക്രമത്തിൽ മോട്ടോർവാഹനങ്ങളുടെ ആധിക്യവും ജനപ്പെരുപ്പവും ഈ റോഡുകളുടെ വികസനം അത്യന്താപേക്ഷിതമാക്കിത്തീർത്തു.

പത്ത് ചതുരശ്രമൈൽ ചുറ്റളവുമുള്ള കങ്ങഴ ഗ്രാമപഞ്ചായത്തിൽ പട്ടിക അനുസരിച്ച് നിലവിൽ 79 ഗ്രാമീണറോഡുകളാണ് ഉള്ളത്. ആകെ ദൈർഘ്യം 86.415 കി.മീറ്റർ. (വാർഡ് തിരിച്ചുള്ള പട്ടിക അന്യത്ര ചേർത്തിരിക്കുന്നു.) ഒരു കിലോമീറ്ററിൽ താഴെ ദൈർഘ്യമുള്ള റോഡുകൾ 36 എണ്ണമാണ്. മുൻപ് സൂചിപ്പിച്ചതുപോലെ ഏതു ഗ്രാമത്തിന്റെയും വികസനത്തിന്റെ അടിസ്ഥാനപരമായ ഘടകം സഞ്ചാരയോഗ്യമായ റോഡുകളാണ്. റോഡുകളുടെ എണ്ണത്തിൽ നമ്മുടെ ഗ്രാമം പിന്നിലല്ലെങ്കിലും അവയുടെ വികസനത്തിലും സംരക്ഷണപ്രവർത്തനത്തിലും മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ്. വാർഡ് തിരിച്ചല്ലാതെ പ്രാധാന്യമനുസരിച്ച് പഞ്ചായത്ത് വകയായി ടാറിംഗ് നടത്തിയിട്ടുള്ള 5 റോഡുകളും മറ്റു സ്കീമുകളിൽ ടാറിംഗ് നടത്തിയിട്ടുള്ള 5 റോഡുകളും നിലവിൽ ഉണ്ട്. ഇവയുടെ മെയിൻറനൻസ് യഥാകാലം നടക്കാത്തത് വലിയ ബുദ്ധിമുട്ടുകൾക്കിടയാക്കുന്നു. ഇതിന്റെ പ്രധാനകാരണം കാലാകാലങ്ങളിൽ സർക്കാരിൽ നിന്നും കിട്ടുന്ന സഹായധനങ്ങളെ മാത്രം ആശ്രയിക്കുന്നതാണ്. പ്രത്യേക ഫണ്ടുകൾ വക മാറ്റി ചിലവു ചെയ്യാനിടയാകയുമരുത്.

നിലവിലുള്ള എല്ലാ റോഡുകളുടെയും നിലവാരം തീർത്തും മോശമാണ്. കാനം – ഉള്ളായം റോഡ്, കാഞ്ഞിരപ്പാറ – കൊന്നക്കൽ റോഡ് എന്നീ പഞ്ചായത്ത് റോഡുകൾ നിശ്ശേഷം നശിച്ചതിനാൽ ബസ് സർവ്വീസുകൾ ഉണ്ടായിരുന്നതുപോലും നിലച്ചു. പഴുക്കാക്കുളം – ഇടയിരിക്കപ്പുഴ റോഡു മാത്രമാണ് ബസ് സർവ്വീസ് നിലവിലുള്ളത്. ബസ് സർവ്വീസുകൾ പുനരാരംഭിക്കത്തക്കവിധം ഈ റോഡുകളുടെ സംരക്ഷണം മുൻഗണന നല്കി അടിയന്തിരപ്രാധാന്യത്തോടെ നടത്തുകയും വേണം. നിലവിലുള്ള എല്ലാ റോഡുകളും വീതികൂട്ടുകയും ഓടകൾ നിർമ്മിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ നിർമ്മിക്കുകയും ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ഇപ്പോൾ ഓരോ വാർഡിലും പുതുതായി റോഡുകൾ നിർമ്മിച്ചു വരുന്നുണ്ട്. കൂടാതെ വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ പുതിയ റോഡുകൾ നിർമ്മിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങളുമുണ്ട്. നിലവിലുള്ള റോഡുകളിൽ പഞ്ചായത്തു രജിസ്റ്ററിൽ ചേർക്കാത്തവ ചേർക്കേണ്ടതായുമുണ്ട്.

ഗതാഗത വിഷയത്തിൽ വാർഡു ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടതും സാദ്ധ്യതകൾ നിർദ്ദേശിക്കപ്പെട്ടതുമായ പ്രശ്നങ്ങൾ പരാമർശയുക്തമാണെന്ന് കാണുന്നു.

രണ്ടാം വാർഡിലെ കാരമല – പാതിപ്പാലം റോഡ്. 1971 ൽ Food for work സ്കീമിൽ പെടുത്തി നിർമ്മിച്ച ഈ റോഡ് കൊന്നക്കൽ – ചേറ്റേടം റോഡിൽ നിന്നും 100 മീറ്റർ ദൂരം പൂർത്തിയായിട്ടുണ്ട്. അതുപോലെ തന്നെ കാരമല നിന്നും ആരംഭിച്ച് ഞാളിയേടത്ത് പടിവരെ എത്തി തടസ്സപ്പെട്ട് നിൽക്കുന്നു. അതായത് കൊന്നക്കൽ – ചേറ്റേടം റോഡിലേക്ക് പ്രവേശിക്കുവാൻ ഇടഭാഗത്ത് പരമാവധി 100 മീറ്റർ ദൂരം റോഡ് പൂർത്തീകരിക്കാതെ നിൽക്കുന്നു. ഈ റോഡ് പൂർത്തീകരിക്കുവാൻ പഞ്ചായത്തിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനാവശ്യമായ സാമ്പത്തികവും കായികവുമായ വിഭവസമാഹരണം ഗ്രാമസഭയിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ രണ്ടാം വാർഡിലും മൂന്നാം വാർഡിലും റോഡുകളുടെ പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് തുകയുടെ 5% ത്തിൽ അധികം തുക ജനങ്ങൾ വഹിച്ചുകൊള്ളാമെന്നും, നാലാം വാർഡിൽ അഞ്ചാനി – പള്ളിപ്പടി റോഡിന്റെ പുനർനിർമ്മാണത്തിനും 40% വിഭവസമാഹാരണം നടത്തിയും അദ്ധ്വാനശേഷി സംഘടിപ്പിച്ചും പരി

ഹരിച്ചുകൊള്ളാമെന്ന് ഗ്രാമസഭയിൽ വാഗ്ദാന മുണ്ടായിട്ടുണ്ട്.

കോട്ടയത്തുനിന്നും തീർത്ഥാടനകേന്ദ്രമായ ശബരിമലയിലേക്ക് പോകുന്നതിന് ഏറ്റവും ദൂരം കുറഞ്ഞ റൂട്ട് ആയ കോത്തല - കുമ്പന്താനം - കങ്ങഴ - കാഞ്ഞിരപ്പാറ - ചേറ്റേടം - കൊന്നക്കൽ - ഇടയിരിക്കപ്പുഴ റോഡ് P.W.D ഏറ്റെടുത്ത് സഞ്ചാരയോഗ്യമാക്കണം.

വിവിധ വാർഡുകളിലായി ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്ന പുതിയ റോഡുകളുടെ പട്ടിക അന്യത്ര കൊടുത്തിരിക്കുന്നു.

പത്തനാട് കവലയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിലേക്ക് ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ പുനരർപ്പണദിനമാചരിച്ചപ്പോൾ സാർത്ഥകമായിട്ടുള്ളത് ശുഭോദാർക്കമാണ്. ഇനി ഈ വിഷയത്തിൽ അവശേഷിക്കുന്നത് പത്തനാട് കാവിന് തെക്കുവശത്തുള്ള ഇടവഴി വിപുലപ്പെടുത്തി കുളത്തൂർമൂഴി റോഡിലേക്ക് ഒരു ബൈപാസ് നിർമ്മാണവും കുളത്തൂർമൂഴി റോഡ് ജംഗ്ഷനിൽ ട്രാഫിക് ഐലൻറ് നിർമ്മിച്ച് റോഡ് ഉയർത്തി വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുന്നതുമാണ്. പത്തനാട് - കുളത്തൂർമൂഴി റോഡ് നെടുമണ്ണി - കുളത്തൂർമൂഴി റോഡ്, കാഞ്ഞിരപ്പാറ - കാനം റോഡ്, മൂലേപ്പീടിക - പത്തനാട് റോഡ് എന്നീ P.W.D റോഡുകൾ വികസിപ്പിക്കേണ്ടതാണ്.

പത്തനാട്, ഇടയിരിക്കപ്പുഴ മുണ്ടത്താനം ജംഗ്ഷനുകളിൽ വെയിറ്റിംഗ് ഷെഡുകളും അതോടനുബന്ധിച്ച് കംഫർട്ട് സ്റ്റേഷനുകളും സ്ഥാപിക്കുന്നത് ഉപകാരപ്രദമാണ്. യാത്രാക്ലേശം പരിഹരിക്കുന്നതിന് പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ കൂടി കടന്നു പോകുന്ന ബസ് സർവ്വീസുകൾ ഉണ്ടാവുന്നതിനുള്ള നടപടികൾ താമസംവിനാ ഉണ്ടാകേണ്ടതാണ്.

ഓരോ വാർഡിലെയും ഗ്രാമസഭകൾ അടിയന്തിരപ്രാധാന്യത്തോടെ സഞ്ചാരയോഗ്യമാക്കേണ്ട റോഡുകളെപ്പറ്റി നിർദ്ദേശിച്ചിട്ടുള്ളത് വാർഡടിസ്ഥാനത്തിൽ കൊടുത്തിരിക്കുന്നു.

1-ാം വാർഡ്

1. ശ്രായിപ്പള്ളി - എമ്പ്രാണ്ടിപ്പടി റോഡ്
2. പരുത്തിമൂട് - കങ്ങഴ റോഡ്
3. ഇലക്കാട് - കങ്ങഴപ്പാറ റോഡ്
4. കങ്ങഴപ്പാറ - അമ്പലംപടി റോഡ് ടാർ ചെയ്യുക
5. പാണ്ടിയാംകുഴി - ചൂളപ്പടി റോഡ് ടാർ ചെയ്യുക

2-ാം വാർഡ്

1. കാഞ്ഞിരപ്പാറ - കൊന്നക്കൽ റോഡ്, പുതുവാക്കുന്ന് - ചേറ്റേടം എന്നീ റോഡുകൾ റീടാറിംഗ് നടത്തുക.
2. കരിമ്പനാക്കുഴി - ചേറ്റേടം റോഡ് ടാർ ചെയ്യുക.
3. ചീരമറ്റം പുതുവാക്കുന്ന് റോഡ്
4. പുതുവാക്കുന്ന് - പുല്ലാന്നിപ്പാറപ്പടി റോഡ്
5. കാരുവേലി - ചീരമറ്റം റോഡ്
6. കാരമല - പാതിപ്പാലം, കാരമല - പാങ്ങാവുങ്കൽ എന്നീ റോഡുകൾ പണി പൂർത്തീകരിച്ച് ടാർ ചെയ്തത് സഞ്ചാരയോഗ്യമാക്കണം.

3-ാം വാർഡ്

1. കാനം - പടിഞ്ഞാറ്റുപകുതി - പാലക്കുളം റോഡ് വീതി കൂട്ടി ടാർ ചെയ്യണം.
2. ഡാണാവുങ്കൽ - MLA ജംഗ്ഷൻ റോഡ് സഞ്ചാരയോഗ്യമാക്കണം.
3. കാനം ചന്തക്കവല - പിടിശ്ശേരിമല റോഡ് പണികൾ പൂർത്തീകരിച്ച് ടാർ ചെയ്യുക.
4. കാനം - കാരുവേലി റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കുക.
5. ഉദയപുരം - പടിഞ്ഞാറ്റു പകുതി റോഡ് പൂർത്തീകരിക്കണം.

6. പാതിപ്പലം – പിടിശ്ശേരിമല റോഡ് വീതി കൂട്ടണം.
7. കാനം – കപ്പേൽപടി റോഡ് വീതി കൂട്ടണം.

വാർഡ് 4

1. കാവറുകണ്ണി – അഞ്ചാനി – തലക്കുളം റോഡിന്റെ ടാറിംഗ് നടപ്പാക്കണം
2. കൊന്നക്കൽ – പതീത്തോട് വഴി കടയനിക്കാട് പള്ളിപ്പടി റോഡ് ഗതാഗത യോഗ്യമാക്കണം.
3. ചേറ്റേടം – കൂനം വേങ്ങ കോളണിറോഡ് വീതി കൂട്ടി ടാർ ചെയ്യുക.
4. കാനം – ഉള്ളായം റോഡ് ടാറിംഗ് പൂർത്തീകരിക്കുക.
5. ഗണപതിച്ചിറ – കാവറുകണ്ണി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
6. അഞ്ചാനി – പുതുമനപ്പടി റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
7. തൊക്കനാട്ടുപടി – കൂനം വേങ്ങ റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

വാർഡ് 5

1. പഴുക്കാകുളം – ഇടയിരിക്കപ്പുഴ റോഡ് ടാറിംഗ് പൂർത്തീകരിക്കുക.
2. ഇടയിരിക്കപ്പുഴ – ഇലവുങ്കൽ റോഡ് റീടാർ ചെയ്യുക.
3. പഴുക്കാകുളം – അഞ്ചാനി റോഡ് ടാറിംഗ് പൂർത്തീകരിക്കുക.
4. വേട്ടമലപ്പടി – P.H.C റോഡ് ടാർ ചെയ്യുക.
5. പടനിലം – കൈയ്പയിൽ റോഡ് ടാറിംഗ് പൂർത്തിയാക്കുക.
6. കാവുങ്കൽ – കാരമല റോഡ് വികസിപ്പിക്കുക.
7. ചാമക്കാലാപടി – ഒറ്റപ്ലാക്കൽ പടി റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
8. ചിറക്കുന്നേൽ – പാറക്കൽ റോഡ് പൂർത്തിയാക്കി ടാർ ചെയ്യുക.
9. കൂവപ്പുഴ – ഇലവുങ്കൽ റോഡിന്റെ കലുങ്കുകൾ പണിത് വീതി കൂട്ടി ടാർ ചെയ്യുക.

വാർഡ് 6

1. കങ്ങഴ അമ്പലം – പടനിലം റോഡ് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.
2. D.B.H.S – മുസ്ളീം H.S. (കുടപ്പനക്കുന്നു വഴി) റോഡ് സഞ്ചാരയോഗ്യമാക്കണം.
3. പത്തനാട് – കാനം റോഡ് വശങ്ങളിൽ ഓടതീർത്ത് സംരക്ഷിക്കണം.
4. പടനിലം – പുതുവാക്കുന്നു റോഡിൽ ചാരം പറമ്പ് ജംഗ്ഷനിൽ വസ്തു ഉടമകൾ റോഡിന്റെ ഓടകൾ നികത്തിയത് തെളിച്ച് ജലനിർഗ്ഗമനം സുഗമമാക്കണം. റോഡ് റീടാർ ചെയ്യണം.
5. കാരമല – പാണ്ടിയാംകുഴി റോഡ് (ചാരംപറമ്പുവഴി) ടാർ ചെയ്തത് സഞ്ചാരയോഗ്യമാക്കണം.
6. പടനിലം – കൊറ്റംചിറ കോളണി – പ്ലാക്കൽ പടി റോഡ് അറ്റകുറ്റപ്പണികൾ നടത്തണം.
7. കക്കാട്ടുപടി കങ്ങഴ അമ്പലം റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
8. പത്തനാട് – പടനിലം റോഡിൽ പറമ്പേട്ടു താഴെ പടിക്കലെ കലുങ്ക് തെളിച്ചുവിടണം.

വാർഡ് 7

1. കുളത്തൂർ – മണ്ണുപ്പുരയിടം റോഡ് നന്നാക്കി ടാർ ചെയ്യുക.
2. മണ്ണുപ്പുരയിടം – ഇടയിരിക്കപ്പുഴ റോഡ് ടാറിംഗ് പൂർത്തീകരിക്കുക.

3. മണ്ണുപ്പുരയിടം – കളരിപ്പടി റോഡ് ടാർ ചെയ്യുക.
4. മുണ്ടത്താനം – കീച്ചേരി റോഡ് ഗതാഗത യോഗ്യമാക്കണം.
5. മുണ്ടത്താനം – കുളത്തൂർമൂഴി റോഡിൽ നിന്നും യാക്കോബാ വളവിൽകൂടി വെള്ളാവൂർ റോഡിൽ ചെന്നു ചേരുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യുക.
6. കുറ്റിക്കൽ – വടക്കേറോട്ടുപടി റോഡ് ടാർ ചെയ്യുക.
7. കോഴാമലപ്പടി – പ്ലാക്കുഴി റോഡ് നന്നാക്കുക.
8. ഒറ്റപ്ലാക്കൽ – മാമുണ്ട റോഡ് നന്നാക്കുക.
9. ചെളിക്കുഴി ഹരിജൻ കോളണി റോഡ് നന്നാക്കുക.

വാർഡ് 8

1. പത്തനാട് – കുളത്തൂർമൂഴി റോഡ് അടിയന്തിരമായി സഞ്ചാരയോഗ്യമാക്കണം. അതുപോലെ ടി റോഡ് വീതികൂട്ടുകയും ആവശ്യമായ സ്ഥലങ്ങളിൽ കലുങ്കുകൾ പണിയുകയും വശങ്ങളിൽ ഓട തീർത്ത് വെള്ളം സുഗമമായി ഒഴുകുന്നതിന് സൗകര്യമുണ്ടാക്കുകയും വേണ്ടിയിരിക്കുന്നു. പത്തനാട് കവലയിൽ നിന്നും റോഡ് ആരംഭിക്കുന്ന ഭാഗം അവിടെയുള്ള ആൽവൃക്ഷം പരിരക്ഷിച്ച് ട്രാഫിക് ഐലൻറ് നിർമ്മിച്ച് റോഡ് ഉയർത്തിയും ഓടതെളിച്ചും സംരക്ഷിക്കണം.
2. കോവൂർ – പൂതക്കുഴി – മുണ്ടത്താനം, മുണ്ടത്താനം – പാലക്കൽ, ചില്ലാക്കുന്ന് – മുള്ളൻകുഴി, തത്തംപാറ – ലക്ഷംവീട് കോളണി എന്നീ റോഡുകൾ മെയിൻറനൻസ് നടത്തി സഞ്ചാരയോഗ്യമാക്കണം.

വാർഡ് 9

1. ഇടവെട്ടാൽ – ചൂരക്കുന്ന്, കോവൂർ – പാലക്കൽ റോഡുകളുടെ ടാറിംഗ് പൂർത്തീകരിക്കണം.
2. പത്തനാട് – ചൂരക്കുന്ന് റോഡ് ടാറിംഗ് പൂർത്തീകരിക്കണം.
3. ഒന്നാം മൈൽ – ചൂരക്കുന്ന് റോഡിൻെറ വശങ്ങൾ ഭിത്തി കെട്ടി ടാർ ചെയ്ത് സംരക്ഷിക്കണം.
4. കുളമക്കാട് – മുതുമരം റോഡിലെ കയറ്റം കുറക്കണം.
5. തണ്ണിപ്പാറ ഹരിജൻ സെറ്റിൽമെൻറ് കോളണിയുടെ ഭാഗമായ മണ്ണനാനിക്കൽ ഭാഗത്തുള്ള നടപ്പുവഴിക്ക് വാലുമണ്ണേൽ തോടിന് കുറുകെ മണ്ണനാനിക്കൽ പടിക്കൽ പാലം നിർമ്മിക്കണം.
6. കുളമക്കാട് തെക്ക് റോഡ്, തണ്ണിപ്പാറ – മൂശാരിപ്പടി റോഡ്, മുതുമരം – ചാലക്കൽ റോഡ് എന്നിവ അടിയന്തിരമായി മെയിൻ റൻസ് ജോലികൾ ചെയ്യണം.

സഞ്ചാരയോഗ്യമാക്കുവാൻ ഗ്രമസഭകൾ നിർദ്ദേശിച്ച റോഡുകൾ

1. ഇലക്കാട് – കങ്ങഴപ്പാറ റോഡ് പണിപൂർത്തിയാക്കുക.
2. കാനം – ഉള്ളായം റോഡ് റീടാറിംഗ് നടത്തുക.
3. ഉള്ളായം – വെള്ളച്ചിറ റോഡ്.
4. പ്ലാക്കൽപടി – കൊറ്റഞ്ചിറ റോഡ്
5. കുളത്തുങ്കൽ – മണ്ണുപ്പുരയിടം റോഡ്
6. എടേപ്പാറ – ഒറ്റപ്ലാക്കൽ റോഡ്
7. വടക്കേറോട്ട് പടി – മണ്ണുപ്പുരയിടം റോഡ്
8. മുരിക്കനാനിപ്പടി – എടവെട്ടാൽ റോഡ്
9. താന്നിക്കൽ പടി – മന്ത്രിക്കൽ – മുരിക്കനാനിപ്പടി റോഡ്

10. ഏറത്തേടത്ത് പടി – മണ്ണനാനിപ്പടി റോഡ്
11. മുണ്ടത്താനം മാർത്തോമ്മോ ചർച്ച് – ഇളപ്പുങ്കൽ റോഡ് ഓട നിർമ്മിച്ച് മണ്ണാലിപ്പിച്ച് തടഞ്ഞ് ടാർ ചെയ്യുകയോ കല്ല് പാകുകയോ ചെയ്യുക.
12. കാവുങ്കൽ പടി റോഡ് ടാർ ചെയ്യുക.
13. ഡാണാവുങ്കൽ പടി – പുളിമൂട്ടിൽപ്പടി റോഡിൽ ടാറിംഗ് നടത്തുക.
14. ഡാണാവുങ്കൽ പടി – മാലം റോഡ് വീതികൂട്ടി പഞ്ചായത്ത് റോഡ് ലിസ്റ്റിൽ ചേർക്കുക.
15. താന്നിക്കൽപടി – മന്ത്രിക്കൽപടി റോഡ് സഞ്ചാരയോഗ്യമാക്കുക.
16. റാന്നീറ്റുപാറ – ഒതുവുകുന്നേൽ പടി റോഡ് കയറ്റം കുറച്ച് ടാർ ചെയ്യണം.
17. കങ്ങഴപ്പാറ – PRDS റോഡ് ടാർ ചെയ്യണം.

പഞ്ചായത്ത് റോഡ് ലിസ്റ്റിൽ ചേർക്കേണ്ടവ

1. മുട്ടാറ്റിൽപ്പടി – പരിയാരം
2. തെക്കാട്ട് പടി – കൂനംവേങ്ങ
3. അഞ്ചാനി – ചെങ്കമല – കടയനിക്കാട് പള്ളിപ്പടി
4. പുതുമനപ്പടി – പാട്ടേരി
5. മഠത്തിപ്പറമ്പ് – അഞ്ചാനി

പഞ്ചായത്തിലെ ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ട പൊതു നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. റോഡുകൾക്ക് വീതികൂട്ടുമ്പോൽ നിലവിലുള്ള ഇലക്ട്രിക് ടെലിഫോൺ പോസ്റ്റുകളും ജലവിതരണത്തിനുള്ള കുഴലുകളും കേബിൾ സംവിധാനങ്ങളും ഉടൻതന്നെ മാറ്റി സ്ഥാപിക്കേണ്ടതാണ്.
2. റോഡു കുറുകെ മുറിച്ച് ജലവിതരണപൈപ്പുകൾ സ്ഥാപിക്കുമ്പോൾ റോഡു മുറിക്കുന്ന ഭാഗം ഉടനടി ടാർ ചെയ്തു കാണുന്നില്ല. ആയത് ഉടനെ തന്നെ ചെയ്യേണ്ടതാണ്.
3. വിദ്യാലയങ്ങൾ, അസ്പത്രികൾ, പൊതുസ്ഥാപനങ്ങൾ, വളവുകൾ തുടങ്ങിയ സ്ഥാനങ്ങളിൽ സൈൻബോർഡുകൾ സ്ഥാപിക്കണം.
4. പത്തനാട്, ഇടയിരിക്കപ്പുഴ, മുണ്ടത്താനം എന്നീ സ്ഥലങ്ങളിൽ മൂത്രപ്പുരകൾ സ്ഥാപിക്കുക.
5. പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ, ഇലക്കാട് പരുത്തിമൂട്, ഇടയിരിക്കപ്പുഴ, പത്തനാട് south ജംഗ്ഷൻ എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.
6. എല്ലാ റോഡുകൾക്കും ഓട നിർമ്മിക്കുക.

യാത്രാസൗകര്യം വർദ്ധപ്പിക്കുന്നതിലേക്കായി:

കോട്ടയം – കുളത്തൂർമൂഴി, (പാമ്പാടി കങ്ങഴ ആശുപത്രി – പരുത്തിമൂട് പത്തനാട് വഴി)

കോട്ടയം – എരുമേലി, (മൂലേപ്പീടിക – പത്തനാട് മണിമല വഴി)

എരുമേലി – ആലപ്പുഴ (പത്തനാട് – ചങ്ങനാശ്ശേരി വഴി)

കോട്ടയം – ചുങ്കപ്പാറ (14–ാം മൈൽ – കാഞ്ഞിരപ്പാറ– ചേറ്റേടം – പത്തനാട് വഴി)

കോട്ടയം – കുളത്തൂർമൂഴി (14–ാം മൈൽ കാഞ്ഞിരപ്പാറ – കാനം – പത്തനാട് വഴി)

മെഡിക്കൽ കോളജ് – മണിമല (പത്തനാട് പടനിലം – പഴുക്കാകുളം – കാഞ്ഞിരപ്പാറ വഴി)

എന്നീ റൂട്ടുകളിൽ K.S.R.T.C ബസ്സുകൾ അനുവദിക്കുകയോ, മറ്റു ബസ്സുകൾക്ക് പെർമിറ്റ് നൽകുകയോ ചെയ്യേണ്ടതാണ്.

റോഡിന്റെ വശങ്ങളിൽ വാഹനങ്ങൾ സ്ഥിരമായി ഇട്ട് നന്നാക്കുന്നതും തടി, കല്ല്, മണൽ, ഇഷ്ടിക തുടങ്ങിയവ സ്വകാര്യവ്യക്തികളും വ്യാപാരികളും സൂക്ഷിക്കുന്നത് അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു. ഈ നടപടി കർശനമായി നിരോധിച്ച് റോഡുകൾ അപകടമുക്തമാക്കണം.

ഓടകൾ നികത്തി വീടുകളിലേക്ക് റോഡു വെട്ടുന്നതും കയ്യാലവയ്ക്കുന്നതും മറ്റു ജലനിർഗ്ഗമനസൗകര്യങ്ങൾ തടയുന്നതും നിയമപ്രകാരം നിരോധിക്കുകയും കുറ്റക്കാരെ ശിക്ഷിക്കുകയും വേണം.

പൊതു ഗതാഗതത്തിന് പ്രൈവറ്റ് ബസ്സുകളാണുള്ളത്. കെ. എസ്. ആർ. ടി. സി നടത്തിയുരുന്ന ബസ് സർവ്വീസുകൾ എല്ലാം തന്നെ നിർത്തിയിരിക്കുകയാണ്. ഗ്രാമത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് എത്തുന്നതിന് ഓട്ടോറിക്ഷായും ടാക്സികാറുകളും ജീപ്പുമാണ് ആശ്രയം. സാധനങ്ങൾ എത്തിക്കുന്നതിന് ജീപ്പും വാനും ആവശ്യത്തിനുണ്ട്. റോഡുകളുടെ ശോച്യാവസ്ഥ പരാതിക്കും കൂടുതൽ കൂലി ആവശ്യപ്പെടുന്നതിനും ഇടയാക്കുന്നു.

ടാക്സിവാഹനങ്ങൾക്ക് പ്രത്യേക സ്റ്റാൻറില്ലാത്തതുകൊണ്ട് പത്തനാട് ജംഗ്ഷനിലുള്ള തിരക്കേറിയ റോഡുവക്കുകളിൽ തന്നെ പാർക്കു ചെയ്യുന്നു. ഇത് ഗതാഗതതടസ്സത്തിനും അപകടസാദ്ധ്യതയും വർദ്ധിപ്പിക്കുന്നു. വാഹനങ്ങളുടെ പാർക്കിംഗിന് പ്രത്യേകമായ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. യാത്രക്കാരുടെ സൗകര്യാർത്ഥം പത്തനാട് ഒരു പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഉണ്ടാവേണ്ടത് അടിയന്തിരാവശ്യമാണ്.

എല്ലാവാർഡുകളിലുമായി സഞ്ചാരയോഗ്യമാക്കുവാൻ ഗ്രാമസഭകൾ നിർദ്ദേശിച്ചിട്ടുള്ള റോഡുകളിൽ ആവശ്യമായ സ്ഥാനങ്ങളിൽ ജലനിർഗ്ഗമനത്തിനായി കലുങ്കുകൾ നിർമ്മിക്കുക.

ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

കലുങ്കുകൾ പണിയേണ്ടത്

1. എമ്പ്രാണ്ടിപ്പടി – ശ്രായിപ്പള്ളി റോഡിൽ എമ്പ്രാണ്ടിപ്പടിക്കൽ
2. പാണ്ടിയാംകുഴി – ചൂളപ്പടി റോഡിൽ നിലവിലുള്ള പുതുപ്പറമ്പിൽ പടിക്കലെ കലുങ്ക് ബലപ്പെടുത്തണം.
3. കങ്ങഴപ്പാറ ജംഗ്ഷനിൽ റൂറൽക്കവല റോഡു തിരിയുന്ന ഭാഗത്ത് പുതിയ കലുങ്ക് നിർമ്മിക്കണം.
4. പത്തനാട് – മൂലേപ്പീടിക റോഡിൽ പര്യാത്ത് പടിക്കൽ കലുങ്കു നിർമ്മിക്കണം
5. പൂർത്തിയാക്കുവാനുള്ള കാരമല – പാതിപ്പാലം റോഡിൽ പാറക്കൽ ഭാഗത്ത് തോടിന് കുറുകെ പാലം നിർമ്മിക്കണം.
6. കരിമ്പനാക്കുഴി ചേറ്റേടം റോഡിൽ രക്ഷാസൈന്യപ്പള്ളി വളവിൽ
7. കാരമല ചാരംപരമ്പ് റോഡിൽ ചാരംപറമ്പിന് തിരിയുന്ന ജംഗ്ഷനിൽ
8. ടി റോഡിൽ കീച്ചേരി കുളത്തിന്റെ ഭാഗത്ത്
9. കാരമല – പാതിപ്പലം റോഡിൽ പടിപ്പുരക്കൽ ഭാഗത്തും, കാരമല, പൊട്ടങ്കൽ, തെക്കെ ഞാളിയേടം, ഞാളിയേടത്ത് ഭാഗത്തും വെള്ളം ഒഴുകിപ്പോകുന്നതിന് ചപ്പാത്തുകൾ നിർമ്മിക്കണം.
10. പാണ്ടിയാംകുഴി – ചൂളപ്പടി റോഡിൽ പുതുപ്പള്ളി പറമ്പിൽ പടിക്കൽ
11. നെടുമണ്ണി തോടിന് കുറുകെ നടപ്പാലം
12. ശ്രായിപ്പള്ളി തോടിന് കുറുകെ M.G.D.M ആശുപത്രി പമ്പ് ഹൗസിന്റെ അടുത്ത് നടപ്പാലം
13. ഡാണാവുങ്കൽ പടി – പുളിമൂട്ടിൽപ്പടി റോഡിൽ പാറമടക്കടുത്തും, കളപ്പുരപ്പടിയിലും കലുങ്കുകൾ

14. പുളിക്കൽ കവല - കാനം MLA പ്പടി റോഡിലെ കലുങ്ക് ബലപ്പെടുത്തുക.
15. ഉദയപുരം - കാനം റോഡിൽ ശവക്കോട്ട ക്കടുത്ത് ഒരു കലുങ്ക്
16. ഇലക്കാട് കങ്ങഴപ്പാറ റോഡിൽ തട്ടാപ റമ്പിൽ അൻവർ സാദത്തിന്റെ വീടിനു സമീപം ഒരു കലുങ്ക്
17. ടി റോഡിൽ മുഞ്ഞനാട്ട് ആൻറണിയുടെ വീടിന് സമീപം കലുങ്ക്
18. കങ്ങഴപ്പാറക്കു സമീപം കുഞ്ഞുമോന്റെ വീടിനു സമീപം കലുങ്ക്
19. ഒറ്റപ്ലാക്കൽ - മാവുങ്കൽ റോഡിൽ മാവു ങ്കൽ ഭാഗത്ത് വെള്ളാവൂർ പഞ്ചായത്തുമായി സന്ധിക്കുവാൻ പാലം പണിയണം
20. പഴുക്കാകുളം - കൊന്നക്കൽ റോഡിൽ കൊന്നക്കൽ ഭാഗത്ത് കലുങ്ക്
21. കാരമല - കാവുങ്കൽ റോഡിൽ കാരമ ലഭാഗത്ത് കലുങ്ക് പണിയുക
22. കൂവപ്പുഴ - ഇലവുങ്കൽ റോഡിൽ കൂവപ്പുഴ ഭാഗത്തും കൊട്ടാരം ഭാഗത്തും കലുങ്കുകൾ
23. പടനിലം - കൈപ്പയിൽ പടി റോഡിൽ കൈപ്പയിൽ ഭാഗത്ത് കലുങ്ക്
24. മൂക്കൻപാറ - ഒറ്റപ്ലാക്കൽ റോഡിൽ മൂക്കൻ പാറ ഭാഗത്ത്
25. മുണ്ടത്താനം - മാർത്തോമ്മോ ചർച്ച് ഇളപ്പു ങ്കൽ റോഡ് മുതിരപ്പാറ ഭാഗത്ത് ചപ്പാത്ത് നിർമ്മിക്കുക.
26. വടക്കേറോട്ട് - മണ്ണുപ്പുരയിടം റോഡിൽ ചിറവാലുങ്കൽ തോട്ടിൽ കലുങ്ക്
27. മുണ്ടത്താനം - കൂരാന്തറ വഴിയുടെ ഇളപ്പു ങ്കൽ റോഡിൽ കൂരാന്തറ ഭാഗത്ത് കലുങ്ക്
28. ഇടയപ്പാറ - ഒറ്റപ്ലാക്കൽ റോഡിൽ ചിറവാ ലുങ്കൽ തോട്ടിൽ കലുങ്ക്
29. ഏറത്തേടത്ത് പടി - മണ്ണനാനിക്കൽ പടി റോഡിൽ അരീക്കൽ തോട്ടിൽ കലുങ്ക്
30. പത്തനാട് മുണ്ടത്താനം റോഡിൽ ഇളപ്പു ങ്കൽ കലുങ്ക്
31. ഇടയപ്പാറ ഹാഫീസ് റബർ ഫാക്ടറിക്ക് സമീപം
32. കൂടത്തിങ്കൽ പടി കലുങ്ക് തെളിക്കണം
33. പത്തനാട് കുഴിയിൽ പ്പടി കലുങ്ക് തെളി ക്കണം
34. അരിക്കതോടിന് കുറുകെ പാലം പണിയുക
35. കാഞ്ഞിരപ്പാറ - കൊന്നക്കൽ റോഡിൽ കാഞ്ഞിപ്പാറ കവലയിൽ കലുങ്ക്
36. ടി റോഡിൽ മാടപ്പാട് തോമ്മസിന്റെ പടി ക്കൽ
37. ടി റോഡിൽ കാരുവേലിഭാഗത്ത് തോമ്മ സിന്റെ കടയുടെ ഭാഗത്ത്
38. ടി റോഡിൽ ചേറ്റേടം പള്ളിക്കവലയിലും സി. എം തോമ്മസിന്റെ പടിക്കലും ഐക്ക രപ്പടി ഭാഗത്തും പുരുഷന്റെ കടയുടെ ഭാഗത്തും കലുങ്ക്
39. കരിമ്പനാക്കുഴി - ചേറ്റേടം റോഡിൽ കരി മ്പനാക്കുഴി ഭാഗത്തും രക്ഷാസൈന്യപ്പള്ളി ഭാഗത്തും
40. കാരമല - ചാരംപറമ്പ് റോഡിൽ കീച്ചേരി ഭാഗത്തും പടിപ്പുരക്കൽ ഭാഗത്തും ചാരമ്പ റമ്പിൽ തിരിയുന്ന ജംഗ്ഷനിലും കലുങ്ക്

കങ്ങഴ ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭകൾ പുതുതായി നിർമ്മിക്കുവാൻ ആവശ്യപ്പെട്ട റോ ഡുകൾ.

1. ഇലക്കാട്- കങ്ങഴപ്പാററോഡിൽ നിന്നും പരു ത്തിമൂട് - കങ്ങഴ റോഡിലേക്ക് എത്തിച്ചേ രുവാൻ മണക്കുഴിപ്പടിയിൽ നിന്നു പീലിയാ നിപ്പടിക്കലേക്ക്.

2. അഞ്ചാനിയിൽനിന്നും തൂപ്പാനാമല വഴികൊന്നക്കാൽ ഭാഗത്തേക്ക്.
3. മൂക്കൻ പാറ – കുളത്തുർ ഇടവഴി നികത്തി റോഡാക്കണം.
4. കൂവപ്പുഴ നിന്നും ഇലവുങ്കലേക്കുള്ള വഴി റോഡാക്കണം.
5. കങ്ങഴ അമ്പലം – പുള്ളോലിപ്പടിയിലേക്ക് വെട്ടി പകുതിയായിരിക്കുന്ന റോഡ് പൂർത്തിയാക്കണം.
6. പത്തനാട് കെട്ടിടത്തുങ്കൽ വളവിൽ നിന്നും കോരോട്ട് പടിക്കലേക്ക് ഉള്ള ഇടവഴി വികസിപ്പിച്ച് കക്കാട്ടുപടി അമ്പലം റോഡുമായി യോജിപ്പിക്കുക.
7. ഇടയപ്പാറ ഒറ്റപ്ലാക്കൽ റോഡ് നിർമ്മാണം പൂർത്തിയാക്കണം.
8. ചിറവാലുങ്കൽ മണ്ണുപ്പുരയിടം വഴി ഇടയപ്പാറക്ക് ഒരു പുതിയ റോഡുണ്ടാകണം.
9. ചില്ലാക്കുന്ന് പൊതുശ്മശാനം– മൂക്കുങ്കൽ പ്രദേശവുമായിബന്ധിപ്പിക്കുന്ന പുതിയറോഡ്
10. പത്തനാട് മുരിക്കനാനിൽ സോമില്ലിന് സമീപമുള്ള ഇടവഴി തെളിച്ച് പത്തനാട് കൈതമലപ്പടി റോഡിലേക്ക് റോഡു നിർമ്മിക്കണം.
11. അരിക്കൽ – കൊട്ടാരം പടിറോഡ്.
12. ശ്രായിപ്പള്ളി – പടലുങ്കൽ റോഡ്
13. കരിമ്പോലി – പടലുങ്കൽ റോഡ്.

സംരക്ഷണ ഭിത്തികൾ കെട്ടേണ്ടത്

1. പത്തനാട് – മൂലേപ്പീടിക റോഡിൽ ഇരവികുളങ്ങര പടിക്കൽ
2. പാണ്ടിയാം കുഴി – ചൂളപ്പടി റോഡിൽ പാണ്ടിയാംകുഴി മുതൽ പര്യാത്ത് പടിവരെ.
3. കങ്ങഴ 1–ാം വാർഡിനെയും നെടുംകുന്നം 5–ാം വാർഡിനെയും ബന്ധിപ്പിക്കുന്ന ശ്രായിപ്പള്ളി പാലത്തിന്റെ അപ്രോച്ച് റോഡിന്
4. തകിടിയേൽ തോടിനും, ശ്രായിപ്പള്ളി തോടിനും.
5. കൂവപ്പുഴ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ വശങ്ങൾ.
6. പടനിലം – കൈപ്പയിൽ പടിറോഡിൽ കാവുങ്കൽ ഭാഗത്ത്.
7. കുവപ്പുഴ ഇലവുങ്കൽ റോഡിൽ മുതുമരം ഭാഗത്ത്.
8. പത്തനാട് കുളത്തുർ മൂഴി റോഡിൽ കാവുങ്കൽ ജോണിയുടെ പുരയിടത്തിന് ചേർന്ന്.
9. കൊന്നക്കൽ – പഴക്കാകുളം റോഡിൽ കൊന്നക്കൽ കലുങ്കിന് വശങ്ങളിൽ
10. കാരമല – പാങ്ങാവുങ്കൽ റോഡിൽ കോളനി ഭാഗത്ത്.
11. കരിമ്പനാക്കുഴി – ചേറ്റേടം റോഡിൽ രക്ഷാസൈന്യപ്പള്ളി ഭാഗത്ത്.

കങ്ങഴ ഗ്രാമപഞ്ചായത്ത് റോഡുകളുടെ വിവരണപ്പട്ടിക

വാർഡ് 1

1. ഇലക്കാട് – എമ്പ്രാണ്ടിപ്പടി
   ദൂരം : 1.500 X 6മി ഇനം : കച്ച
2. എമ്പ്രാണ്ടിപ്പടി – ശ്രായിപ്പള്ളി
   ദൂരം : 1.200 X 6. ദൂരം : ടി.
3. പരുത്തിമൂട് – കങ്ങഴ
   ദൂരം : 4..700X6 ഇനം : ടാർ
4. റാണീറ്റുപാറ – ശ്രായിപ്പള്ളി
   ദൂരം : 0.400. ഇനം : കച്ച
5. കങ്ങഴപ്പാറ – മുണ്ടിമല
   ദൂരം : 1.000X4മീ ഇനം : ടി
6. പാണ്ടിയാംകുഴി – ശ്രായിപ്പള്ളി
   ദൂരം : 1.000X4മീ ഇനം : ടി

7. പാണ്ടിയാംകുഴി – ചൂളപ്പടി.
ദൂരം : 1.000X4മീ ഇനം : ടി

ആകെ **10.800**

വാർഡ് 2

1. കാഞ്ഞിരപ്പാറ – കൊന്നക്കൽ
ദൂരം : 2.750 ഇനം : ടാർ
2. കരിമ്പനാക്കുഴി – ചേറ്റേടം
ദൂരം : 1.500 ഇനം : കച്ച
3. പാതിപ്പലം – ചേറ്റേടം
ദൂരം : 0.750 ഇനം : ടി
4. പുതുവാക്കുന്ന് – ചീരമറ്റംപള്ളി
ദൂരം : 1.400 ഇനം : ടാർഭാഗികം
5. ചെമ്പകശേരി – പാങ്ങാവുങ്കൽ
ദൂരം : 1.000 ഇനം : മണ്ണ്
6. പുതുവാക്കുന്ന് – ചേറ്റേടം
ദൂരം : 0.800 ഇനം : ടാർ
7. കാരമല – പാതിപ്പലം പൂർത്തീകരിച്ചിട്ടില്ല
ദൂരം : 0.800 ഇനം : കച്ച
8. പുതുവാക്കുന്ന് – കോമലക്കുന്ന്
ദൂരം : 1.065 ഇനം : കച്ച
9. ചാരംപറമ്പ് – പുതുവാക്കുന്ന്
ദൂരം : 0.400 ഇനം : ടാർ

ആകെ **10.465**

വാർഡ് 3

1. കാനം – 14-ാം മൈൽ
ദൂരം : 2.200 ഇനം : ടാർ
2. കാനം – കാരുവേലി
ദൂരം : 1.000 ഇനം : ടാർ
3. ഉദയപുരം – കാനം
ദൂരം : 0.900 ഇനം : കച്ച
4. ഡാണാവുങ്കൽ – കാപ്പുകാട്
ദൂരം : 1.300 ഇനം : കച്ച
5. പടിഞ്ഞാറ്റ്പകുതി – തെക്കേടത്തുപടി
ദൂരം : 1.000 ഇനം : ടി
6. പടിഞ്ഞാറ്റുപകുതി – പാലക്കുളം
ദൂരം : 1.500 ഇനം : കച്ച
7. കാനം – പെരുമ്പ്രാൽ
ദൂരം : 0.700 ഇനം : ടി
8. ഉദയപുരം – കാവുംഭാഗം
ദൂരം : 0.300 ഇനം : ടി
9. കാനം – പിടിശ്ശേരിമല – പാതിപ്പലം
ദൂരം : 2.00 ഇനം : ടി

ആകെ **10.900**

വാർഡ് 4

1. അഞ്ചാനി – പഴംക്കാകുളം
ദൂരം : 1.000 ഇനം : $^3/_4$ഭാഗം ടാർ
2. പള്ളിപ്പടി – പഴംക്കാകുളം
ദൂരം : 1.400 ഇനം : കച്ച
3. പാതിപ്പലം – കുനംവേങ്ങ
ദൂരം : 0.800 ഇനം : കച്ച
4. തലക്കുളം – അഞ്ചാനി
ദൂരം :1.200 ഇനം : ടാർഭാഗികം
5. മാപ്പിളക്കുന്ന് – കടയനിക്കാട്
ദൂരം : 1.800 ഇനം :മെറ്റൽ
6. കാവർകണ്ണി – അഞ്ചാനി
ദൂരം : 1.200 ഇനം :കച്ച
7. തെക്കനാട്ട് – കൂനംവേങ്ങ
ദൂരം : 0.800 ഇനം :കച്ച
8. കാവർകണ്ണി – ഗണപതിച്ചിറ
ദൂരം : 1.000 ഇനം :കച്ച
9. കൊന്നക്കൽ – പഴുക്കാകുളം
ദൂരം : 0.800 ഇനം : കച്ച
10. പാലനോലിൽ – കുരിശുപള്ളി
ദൂരം : 0.500 ഇനം :ടി

11. കൊണേക്കടവ് – കോത്തലപ്പടി
ദൂരം : 2.750 ഇനം :ടി

ആകെ **13.250**

വാർഡ് 5

1. P.H സെൻറർ – വേട്ടമല
ദൂരം : 0.800 ഇനം : കച്ച
2. മൂക്കൻപാറ – ഒറ്റപ്ലാക്കൽ
ദൂരം : 0.400 ഇനം : ടി
3. കൂവപ്പുഴ – ഇലവുങ്കൽ
ദൂരം : 1.500 ഇനം : ടി
4. ഇടയിരിക്കപ്പുഴ – ഇലവുങ്കൽ
ദൂരം : 1.200 ഇനം : ടാർ
5. ചാമക്കാലാപ്പടി – ഒറ്റപ്ലാക്കൽ
ദൂരം : 0.700 ഇനം : കച്ച
6. ചിറക്കുന്നേൽ പടി – DBHS
ദൂരം : 0.900 ഇനം : ടി
7. ഇടയിരിക്കപ്പുഴ – പഴുക്കാകുളം
ദൂരം : 1.800 ഇനം : ടാർ

ആകെ **7.300**

വാർഡ് 6

1. പടനിലം – ചാരംപരമ്പ്
ദൂരം : 0.800 ഇനം : ടാർ
2. പടനിലം – ശിവക്ഷേത്രം
ദൂരം : 0.700 ഇനം : കച്ച
3. ശിവക്ഷേത്രം – മംഗലത്തുപടി
ദൂരം : 0.650 ഇനം : ടി
4. പാണ്ടിയാംകുഴി – ചാരമ്പറമ്പ്
ദൂരം : 1.200 ഇനം : ടി
5. വണ്ടാനത്ത് വയലിൽ – കരിമ്പോലിൽ
ദൂരം : 0.600 ഇനം : ടി
6. പടനിലം – കൈയ്പയിൽ പടി
ദൂരം : 1.500 ഇനം : ടാർഭാഗികം
7. കക്കാട്ടുപടി – മുണ്ടമ്പള്ളി പാറ
ദൂരം : 0.750 ഇനം : കച്ച
8. പ്ലാക്കൽ പടി – കൊറ്റംചിറ
ദൂരം : 0.700 ഇനം : കച്ച

ആകെ **6.800**

വാർഡ് 7

1. മുണ്ടത്താനം – രാമറ്റം
ദൂരം :1.200 ഇനം : കച്ച
2. മുണ്ടത്താനം – മോന്തനോലിൽ
ദൂരം : 1.000 ഇനം : ടി
3. പ്ലാക്കുഴി – രാമറ്റം
ദൂരം : 0.600 ഇനം : ടി
4. ഒറ്റപ്ലാക്കൽ – ഇലവുങ്കൽ
ദൂരം : 1.200 ഇനം : കച്ച
5. ഇലവുങ്കൽ – കുളത്തിങ്കൽ
ദൂരം : 1.200 ഇനം :ടാർ ഭാഗികം
6. തുമ്പോളി – ഇടമൺ
ദൂരം : 0.700 ഇനം : ടാർ
7. കളരിപ്പടി – മണ്ണുപ്പുരയിടം
ദൂരം :1.200 ഇനം : കച്ച
8. കോഴമലപ്പടി –മണ്ണുപ്പുരയിടം
ദൂരം : 0.750 ഇനം : ടി
9. ഓർത്തഡോക്സ് ചർച്ച് – ഇടമൺ
ദൂരം : 1.100 ഇനം : ടി
10. മണ്ണുപ്പുരയിടം – കുളത്തൂർപടി
ദൂരം :1.000 ഇനം : ടി

ആകെ **9.950**

വാർഡ് 8

1. കോവൂർ – പാലക്കൽ
ദൂരം : 2.600 ഇനം : ടാർ
2. മുണ്ടത്താനം – മുള്ളൻകുഴി
ദൂരം : 0.800 ഇനം :ടാർ ഭാഗികം

3. ചൂരക്കുന്ന് – തണ്ണിപ്പാറ
ദൂരം : 0.759 ഇനം : കച്ച

4. മുണ്ടത്താനം – പൂതക്കുഴി (കോവൂർ വഴി)
ദൂരം : 1.000 ഇനം : ടി

5. ഇടയപ്പാറ – ഒറ്റപ്ലാക്കൽ
ദൂരം : 1.000 ഇനം : ടി

6. പത്തനാട് – ചൂരക്കുന്ന്
ദൂരം : 1.500 ഇനം : ടാർ ഭാഗികം

7. കുളത്തുങ്കൽ – മണ്ണുപ്പുരയിടം
ദൂരം : 1.000 ഇനം : കച്ച

8. ഇടയപ്പാറ – കൂരാന്ത്ര (നത്തൻപാറ വഴി)
ദൂരം : 0.400 ഇനം : കച്ച

9. ചില്ലാക്കുന്ന് – മുള്ളൻകുഴി
ദൂരം : 0.700 ഇനം : കച്ച

10. കൂടത്തിങ്കൽ പടി – കുളങ്ങര
ദൂരം : 0.600 ഇനം : ടി

11. മൂശാരിപ്പടി – കുളങ്ങര
ദൂരം : 1.400 ഇനം : ടി

ആകെ **11.750**

വാർഡ് 9

1. കുളമക്കാവ് തെക്ക് – ഇടവെട്ടാൽ
ദൂരം : 0.800 ഇനം : കച്ച

2. കുളമക്കാവ് വടക്ക് –ചൂരക്കുന്ന്
ദൂരം : 0.800 ഇനം : ടി

3. റീത്തുപള്ളി – ചെങ്ങാട്ട്
ദൂരം : 0.300 ഇനം : ടി

4. മുരിക്കനാനിക്കൽ – ഇടവെട്ടാൽ
ദൂരം : 1.000 ടി

5. അമ്പലത്തിനാംകുഴി – ചൂരക്കുന്ന്
ദൂരം : 0.900 ഇനം : ടി

6. മുരിക്കനാനിക്കൽ – താന്നിക്കൽപടി
ദൂരം : 0.600 ഇനം : ടാർ ഭാഗികം

7. മാങ്ങോട്ട് പടി – പാലക്കൽ
ദൂരം : 0.700 ഇനം : കച്ച

ആകെ **5.100**

റോഡുകളുടെ ആകെ നീളം 86.415 കി.മീറ്റർ

ആകെ റോഡുകൾ 79

1 കി.മീറ്ററിൽ കുറവുള്ള റോഡുകൾ 36

d. പാർപ്പിടം

ചെറുകിടകർഷകരും കർഷകത്തൊഴിലാളികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും ഏറെയുള്ള ഒരു ഗ്രാമമാണ് കങ്ങഴ പഞ്ചായത്ത്. 4563 വീടുകളാണ് കങ്ങഴ പഞ്ചായത്തിൽ – 1995–96 –ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

നാല്പതു വർഷം മുമ്പുവരെ ഓലമേഞ്ഞ ചെറിയവീടുകളും ചെറ്റക്കുടിലുകളുമായിരുന്നു ബഹുഭൂരുപക്ഷം. അപൂർവ്വമായി മാത്രം ഓടിട്ട വീടുകൾ കാണാമായിരുന്നു. സമ്പന്ന കർഷക കുടുംബങ്ങൾക്ക് അറയും നിരയും നിലവറയും ഒക്കെയുള്ള അന്നത്തേ നിലയിൽ വലിയ വീടുകൾ ഉണ്ടായിരുന്നു. അവ കേരളാ വാസ്തുശില്പകലയുടെ സൗകുമാര്യവും ചൈതന്യവും ഉൾക്കൊള്ളുന്നവയും കാലാവസ്ഥക്കും പ്രകൃതിക്കും ഇണങ്ങിച്ചേരുന്നവയും ആയിരുന്നു. ഒന്നു രണ്ടു മാളികകൾ ഉണ്ടായിരുന്നെങ്കിലും കോൺക്രീറ്റ് സൗധങ്ങൾ എങ്ങും ഉണ്ടായിരുന്നില്ല. കൂട്ടുകുടുംബങ്ങൾ ഭാഗിക്കപ്പെടുകയും ജീവിതസാഹചര്യങ്ങൾ മാറുകയും ചെയ്തതനുസരിച്ച് ആവാസ വ്യവസ്ഥയ്ക്കും മാറ്റമുണ്ടായി. പൊതുവിലുണ്ടായ സാമ്പത്തികവളർച്ചയുടെ ഭാഗമായ മെച്ചപ്പെട്ട ഭവനങ്ങൾ നിർമ്മിക്കപ്പെട്ടു. തെങ്ങിനുണ്ടായ കാറ്റു വീഴ്ചരോഗം മൂലം നല്ല ഓലകിട്ടാതാവുകയും കുതിർത്ത് മെടയാൻ വെള്ളവും ആൾക്കാരും ഇല്ലാതാവുകയും ചെയ്തതോടെ കെട്ടിടങ്ങൾക്ക് ഓടുമേഞ്ഞു തുടങ്ങി. പുതിയ വീടുകൾ പണിയുന്നതിന് തടിയും ആശാരിയും ഇല്ലാതെ വന്നപ്പോൾ സാമ്പത്തിക ശേഷിക്കനുസരിച്ച് മേൽക്കൂര കോൺക്രീറ്റിന്റേ

റതായി. ഇതിന് സൗകുമാര്യത്തിനേറയും ഫാഷനേറയും പിൻബലവും കിട്ടി. ഭവനനിർമ്മാണരംഗത്ത് ഇടത്തട്ടുകാരായ മേസ്തിരി കോൺട്രാക്ടർമാരുടെയും തമിഴ്നാട്ടിൽ നിന്നുമുള്ള കെട്ടിടനിർമ്മാണതൊഴിലാളികളുടെയും കടന്നുകയറ്റവും ഇതൊടെ ഉണ്ടായി.

ആകെയുള്ള 4563 വീടുകളിൽ 1176 എണ്ണം (25.6%) കുടിലുകളുടെ പട്ടികയിൽപെടുന്നു. 2146 എണ്ണം (47%) സാമാന്യസൗകര്യങ്ങളുള്ള ഓടിട്ട വീടുകളാണ്. 765 എണ്ണം (17%) മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ഭാഗികമായി കോൺക്രീറ്റു ചെയ്ത വീടുകളാണ്. 77 മാളികകൾ ഉൾപ്പെടെ 476 കോൺക്രീറ്റു കെട്ടിടങ്ങൾ എല്ലാ ആധുനികസൗകര്യങ്ങളും ഉള്ളവയാണ്. പുതിയ വീടുകളുടെ നിർമ്മാണത്തിൽ 2% ത്തിൽ കൂടിയ വർദ്ധനവ് കാണുന്നില്ല.

കങ്ങഴ പഞ്ചായത്തിൽ 1995-96-ൽ നിലവിലുള്ള വീടുകളുടെയും മറ്റു കെട്ടിടങ്ങളുടെയും വാർഡു തിരിച്ചുള്ള കണക്ക്

(1) വാർഡ് നമ്പർ (2) കുടിലുകൾ (3) ഓടു മേഞ്ഞ വീടുകൾ (4) ഭാഗികമായി കോൺക്രീറ്റു ചെയ്തവ (5) പൂർണ്ണമായി കോൺക്രീറ്റു ചെയ്ത വീടുകൾ (6) ആകെ വീടുകൾ (7) പൊതുസ്ഥാപനങ്ങൾ (8) വ്യവസായ സ്ഥാപനങ്ങൾ-തുടങ്ങിയവ

1	2	3	4	5	6	7	8
I	242	295	55	51	643	112	755
II	83	191	111	30	415	30	445
III	100	204	85	37	426	26	452
IV	153	176	91	33	453	43	496
V	111	207	83	62	463	50	513
VI	79	247	135	73	534	63	597
VII	74	232	113	63	482	48	530
VIII	210	374	34	82	700	72	772
IX	124	220	58	45	447	56	503
ആകെ	1176	2146	765	476	4563	500	5063

വീടില്ലാതെ കടത്തിണ്ണകളിൽ അന്തിയുറങ്ങുന്ന ചില ആളുകൾ പഞ്ചായത്തിലുണ്ട്. പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുണ്ട്. ഇവരുൾപ്പെടെ 1200 ഓളം കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. മുണ്ടത്താനം ലക്ഷംവീടുകോളനിയിലെ വീടുകളുടെ അറ്റകുറ്റപ്പണി അടിയന്തിരശ്രദ്ധ അർഹിക്കുന്നു. അഞ്ചാനി, ചെളിക്കുഴി, ശ്രായിപ്പള്ളി എന്നി പട്ടികജാതികോളനികളിലും കരിമല അംബേദ്കർ ഗ്രാമത്തിലും ഉള്ള വീടുകളിൽ പലതിനും അനുബന്ധസൗകര്യങ്ങളും അറ്റകുറ്റപ്പണികളും നടത്തേണ്ടതുണ്ട്. കാനം, ചെങ്കമല, തൂപ്നാമല, കൊറ്റംചിറ, കുമരംചേരി, ചിറവാലുങ്കൽ, ഇടപ്പറമ്പ്, മലോട്ടുപാറ തുടങ്ങിയ ദുർബലവിഭാഗങ്ങൾ പാർക്കുന്ന പ്രദേശങ്ങളിൽ കുടിലുകൾ മാറ്റി കക്കൂസും കുടിവെള്ളവും ലഭ്യമാക്കി കൊണ്ട് വാസയോഗ്യമായ വീടുകൾ ഉണ്ടാക്കികൊടുക്കേണ്ടതുണ്ട്.

ചിലവു കുറഞ്ഞതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ ഭവനങ്ങൾ എന്ന ശാസ്ത്രീയ സമീപനത്തിനുപകരം, ആഡംബരപ്രൗഢികൾക്ക് പ്രാമുഖ്യം നല്കി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാവുകയും കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലാത്തതുമായ വൻകോൺക്രീറ്റ്സൗധങ്ങൾ രൂപകല്പന ചെയ്യുന്നതിലാണ് ആധുനിക വാസ്തുശില്പവിദഗ്ദ്ധരുടെ ശ്രദ്ധ. വിദേശപണത്തിന്റെ കൊഴുപ്പിൽ ലക്ഷങ്ങൾ മുടക്കി പണിചെയ്യിക്കുന്ന ഈ സൗധങ്ങൾ ഏറെ സാമൂഹ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

കെട്ടിടനിർമ്മാണസാമഗ്രികളായി മുമ്പു പയോഗിച്ചിരുന്ന തടിയും വെട്ടുകല്ലും വളരെ അപൂർവ്വമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. കതകു ജനലുകളുടെ ചട്ടങ്ങൾക്കും കട്ടിളക്കും തടി കൂടിയേ തീരൂ എന്നുള്ളതുകൊണ്ട് അതിനു പയോഗിക്കുന്നുണ്ട്. വെട്ടുകല്ല് വെട്ടിയെടുക്കാനും പണിയാനും ആളില്ല. വിലക്കു വാങ്ങുന്ന ചുടുകട്ടയും നാട്ടിൽ സുലഭമായിക്കഴിഞ്ഞ സിമൻറുകട്ടകളുമാണ് ഭിത്തികൾക്കുപയോഗിക്കുന്നത്.

ഇടത്തരക്കാരുടെയും അതിൽ കൂടിയവരുടേയും വീടുനിർമ്മാണത്തിന് മൊസൈക്കും മാർബിളും തന്നെ വേണമെന്ന നിർബന്ധമായി കഴിഞ്ഞു. 1960 കളിലെ വിലയുടെ ഇരുപതിരട്ടിയാണ് കമ്പി-സിമൻറ് തുടങ്ങിയ നിർമ്മാണസാധനങ്ങളുടെ വില. നിർമ്മാണതൊഴിലാളിയുടെ വേതനവും ഏതാണ്ട് അതേതോതിൽ വർദ്ധിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണരംഗത്ത് സമർത്ഥരായ തച്ചന്മാർ നാട്ടിൽ ഇല്ലാതായിരിക്കുന്നു. ആകർഷകമായ കൂലി ലഭിക്കുന്നുണ്ടെങ്കിലും വൈദഗ്ദ്ധ്യം നേടി രംഗത്തുവരുന്ന പാരമ്പര്യതൊഴിൽകാർ കുറയുന്നു. മേസ്തിരിപ്പണി മിക്കവാറും തമിഴ്നാട്ടുകാരായ തൊഴിലാളികൾ കയ്യടക്കിക്കഴിഞ്ഞു. ഇപ്പോൾ വിദഗ്ദ്ധതൊഴിലാളിക്ക് 150 രൂപയും അവിദഗ്ദ്ധ തൊഴിലാളിക്ക് 100 രൂപയും ഈ രംഗത്ത് ദിവസക്കൂലിയുണ്ട്.

പ്രശ്നങ്ങൾ:-

1. താഴ്ന്നവരുമാനക്കാരായ തൊഴിലാളികൾക്കും പ്രത്യേകവരുമാനമില്ലാത്തവർക്കും പാർപ്പിട നിർമ്മാണം താങ്ങാനാവാത്ത ചിലവുള്ളതായിരിക്കുന്നു.
2. 25% കുടുംബങ്ങൾക്ക് സ്വന്തനിലയിൽ സുരക്ഷിതമായ ഭവനങ്ങൾ ഉണ്ടാക്കാനുള്ള സാമ്പത്തികശേഷി ഇല്ല.
3. പാർപ്പിടത്തോടനുബന്ധിച്ച് കുടിവെള്ളവും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യം ഇല്ലായ്ക
4. റോഡുപുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഭൂമിയും പണവും ഇല്ലായ്ക
5. ഭൂമിയുടെയും കെട്ടിടനിർമ്മാണ സാമഗ്രികളുടെയും അമിതമായ വിലവർദ്ധനവ്
6. നിർമ്മാണരംഗത്തു വിദഗ്ദ്ധതൊഴിലാളികളുടെ അഭാവവും വർദ്ധിച്ചകൂലിനിരക്കും
7. ഭവനനിർമ്മാണത്തിന് ന്യായമായ പലിശ നിരക്കിൽ വായ്പലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ട്
8. സർക്കാർ പദ്ധതികളിൽ നിർമ്മിക്കുന്ന വീടുകൾക്ക് മതിയായ തുക ലഭ്യമാകാത്ത അവസ്ഥ.
9. ഗുണനിലവാരം കുറഞ്ഞ നിർമ്മാണസാമഗ്രികൾ
10. കുറഞ്ഞ ചിലവിൽ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക ഉപദേശവും സഹായവും ലഭ്യമല്ലാത്ത അവസ്ഥ.

സാദ്ധ്യതകൾ

1. ഭൂരഹിതർക്കും നിർദ്ധനർക്കും ഉള്ള പ്രത്യേക ഭവനനിർമ്മാണപരിപാടി നടപ്പാക്കുക.
2. പുറമ്പോക്കിൽ താമസിക്കുന്നവരേയും കടത്തിണ്ണകളിൽ കഴിയുന്നവരെയും അടിയന്തിരമായി പുനരധിവസിപ്പിക്കുക.
3. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതികഉപദേശവും സഹായവും നല്കുകയും പരിശീലനം ലഭിച്ച തൊഴിലാളികളെ ലഭ്യമാക്കുകയും ചെയ്യുക.
4. അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് ആധുനികനിർമ്മാണപ്രവർത്തനങ്ങൾക്ക് പരിശീലനം നല്കി സേവനസന്നദ്ധരാക്കുക.
5. കട്ടിള, ജനൽ, വെൻറിലേറ്റർ തുടങ്ങിയ കെട്ടിടനിർമ്മാണത്തിനാവശ്യമുള്ള സാധനങ്ങൾ കുറഞ്ഞ ചിലവിൽ സാങ്കേതിക മേന്മയോടെ നിർമ്മിച്ച് ലഭ്യമാക്കുക.
6. കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകൾക്കും ഒരു വർഷത്തിനകം കക്കൂസുകൾ നിർമ്മിച്ചു നല്കുക.
7. ചിലവേറിയ വൻസൗധങ്ങൾ ഉണ്ടാക്കുന്ന സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്ത് അവയുടെ നിർമ്മാണം

നിരുത്സാഹപ്പെടുത്തത്തക്ക നികുതി ചുമത്തുക.

8. ചെറുകിട ഭവനങ്ങൾ നിർമ്മിക്കുന്നതിന് അത്യാവശ്യമായ വായ്പ കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുക.

9. ഭവനനിർമ്മാണസംഘം രൂപീകരിച്ച് ചെറുകിടക്കാർക്കുവേണ്ടി ഭൂമി വാങ്ങി വികസിപ്പിച്ചു വീടുവയ്ക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

10. വീടുകൾക്കുചുറ്റും മതിലുകൾക്കുപകരം ജൈവവേലി നിർമ്മിക്കുക.

C സേവനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും

1. ആരോഗ്യം

പൊതുജനാരോഗ്യ പ്രവർത്തനങ്ങൾലക്ഷ്യമാക്കി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1. P.H.സെന്റെർ, ഇടയിരിക്കപ്പുഴ
2. ലക്ഷ്മി നഴ്സിംഗ് ഹോം, പ്ലാക്കപ്പടി
3. S.N.മെഡിക്കൽ സെന്റെർ, പ്ലാക്കപ്പടി.
4. അൽ അമീൻ, നഴ്സിംഗ് ഹോം, പത്തനാട്
5. സാൽവേഷൻ ആർമി മെഡിക്കൽ സെന്റെർ, ഇടയപ്പാറ
6. ഗവ: ആയുർ വേദ ഡിസ്പെൻസറി, പാണ്ടിയാം കുഴി.
7. ചിറക്കുന്നേൽ ആയുർവേദ വൈദ്യശാല, പത്തനാട്
8. താമരശ്ശേരി ആയുർവേദ വൈദ്യശാല, പത്തനാട്
9. സഞ്ജീവിനി ആയുർവേദ വൈദ്യശാല, കാനം
10. ബിഷപ് കുര്യാളശ്ശേരി മെമ്മോറിയൽ പ്രകൃതി ചികിത്സാ കേന്ദ്രം & യോഗാ സെന്റർ, ഇടയിരിക്കപ്പുഴ.
11. സിമിലിയാ ഹോമിയോ ഡിസ്പെൻസറി, പത്തനാട്

ഇടയിരിക്കപ്പുഴ P.H,സെന്റെർ പ്രവർത്തനം ആരംഭിച്ചിട്ട് മുപ്പതു വർഷത്തോളം ആയെങ്കിലും ഇപ്പോഴും ഒരു പ്രഥമിക ആരോഗ്യ കേന്ദ്രത്തിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഉണ്ടായിട്ടില്ല. 3 ഡോക്ടർമാർ വേണ്ട ഈ സ്ഥാപനത്തിൽ ഒരിക്കലും 3 പേർ ഒന്നിച്ചു പ്രവർത്തിച്ചിട്ടില്ല. രോഗികളിൽ അധികവും സ്ത്രീകൾ ആയിട്ടുള്ള ഈ സ്ഥാപനത്തിൽ ഒരു ലേഡി ഡോക്ടറുടെ സേവനം ഒരിക്കലും തുടരെ കിട്ടിയിട്ടില്ല. ഗർഭകാല ശുശ്രൂഷയ്ക്ക് ഇവിടെ എത്തുന്ന സ്ത്രീകൾ പ്രസവത്തിന് പ്രൈവറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ട ഗതികേടാണ്. ലാബോറട്ടറിടെക്നീഷ്യനും ഉപകരണങ്ങളും ഒക്കെ ഉണ്ടെങ്കിലും അവരുടെ സേവനം ഒരിക്കലും രോഗികൾക്ക് ലഭ്യമായിട്ടില്ല. 18 കിടക്കകളുള്ള വാർഡുണ്ടെങ്കിലും ഒരു രോഗിയും ഇവിടെ രാത്രികാലങ്ങളിൽ കിടക്കാറില്ല. ഡോക്ടറുടെ സേവനവും വൈദ്യുതിയും വെള്ളവും തുടർച്ചയായി ലഭിക്കാത്തതാണ് രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിൽസിക്കുന്നതിനുള്ള പ്രധാന തടസ്സം. എന്നാൽ രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിത്സിക്കുന്നതായി രേഖകൾ ഉള്ളതു കൊണ്ട് അനുബന്ധ ചിലവുകൾക്കും സർക്കാർ പണം അനുവദിക്കുന്നുണ്ടെന്നും അത് ദുർ വിനിയോഗം ചെയ്യപ്പെടുന്നു എന്നും കണക്കാക്കേണ്ടിയിരിക്കുന്നു.

രോഗ ചികിത്സക്ക് ആവശ്യമായ ആധുനിക സജ്ജീകരണങ്ങളോ ഉപകരണങ്ങളോ ഇല്ലാത്ത ഡിസ്പൻസറികളാണ് മറ്റുള്ള സ്ഥാപനങ്ങളും, ലക്ഷ്മി നഴ്സിഗ് ഹോം പ്രധാനമായും മറ്റേർണിറ്റി സെന്റെർ എന്ന നിലയിലാണു പ്രവർത്തിക്കുന്നത്. ചെറിയ രോഗങ്ങൾക്ക് താല്ക്കാലിക ആശ്വാസത്തിനു സമീപിക്കാവുന്ന സ്ഥാപനങ്ങൾ മാത്രമാണ് ഈ ഡിസ്പെൻറികൾ. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും പരിശോധനയും ആവശ്യമായി വരുന്ന രോഗികൾ കങ്ങഴ,

കറുകച്ചാൽ, കാഞ്ഞിരപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെ പ്രൈവറ്റ് ആശുപത്രികളെയോ കോട്ടയം മെഡിക്കൽ കോളേജിനെയോ ആശ്രയിക്കേണ്ടി വരുന്നു.

ഗവ: ആയുർവേദ ഡിസ്പെൻസറി ഉൾപ്രദേശമായ പാണ്ടിയാങ്കുഴി ഭാഗത്തെ ആളുകളുടെ പ്രാഥമിക ശുശ്രൂഷാ കാര്യങ്ങളിൽ നല്ല സേവനം കാഴ്ച വയ്ക്കുന്നുണ്ട്. ആയുർവേദ വിധി പ്രകാരമുള്ള എല്ലാ ചികിത്സകളും നടത്തുന്നതിന് യോഗ്യനായ വൈദ്യരുടെ സേവനം ഇവിടെ ലഭ്യമാണ്. എന്നാൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനവും സ്ഥലവും ഇല്ലാത്തത് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. സ്വകാര്യ സ്ഥാപനങ്ങളായ മറ്റ് ആയുർവേദ വൈദ്യശാലകളും മോശമല്ലാത്ത പ്രവർത്തനം നടത്തുന്നു. ഹോമിയോ വിഭാഗത്തിൽ പ്രൈവറ്റ് ഹോമിയോ ഡിസ്പെൻസറികളാണ്. അവിടെ ചികിത്സയ്ക്കെത്തുന്നത് പ്രധാനമായും കുട്ടികളാണ്.

പോഷണക്കുറവുകൊണ്ടോ പരിസരമലിനീകരണം കൊണ്ടോ പരിസ്ഥിതി പ്രശ്നങ്ങൾ കൊണ്ടോ ഉണ്ടാകുന്ന രോഗങ്ങളും പകർച്ച വ്യാധികളും അധികമായി ചികിത്സക്കെത്താറില്ല. വയറിളക്കരോഗങ്ങളും സാധാരണയല്ല. ചുമ, പനി, പ്രമേഹം, വാതരോഗങ്ങൾ തുടങ്ങിയവയാണ് ചികിത്സിക്കപ്പെടുന്ന അധികരോഗങ്ങളും.

കഴിഞ്ഞ ഒരു വർഷക്കാലത്ത് കങ്ങഴ പഞ്ചായത്തിൽ നടന്ന ജനന മരണ വിവരങ്ങളും അനുബന്ധ ആരോഗ്യ പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

പ്രസവം (ആശുപത്രിയിൽ)	180
പ്രസവം (വീടുകളിൽ)	11
ആകെ	**191**
ഒരുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ	191
1-നും 5-നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾ	3159
അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികൾ	847
ഗർഭിണികൾ	153
മുലയൂട്ടുന്ന അമ്മമാർ	142

ഇരുമ്പ് - ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച

ഗർഭിണികൾ	193
കുട്ടികൾ	3039
വിറ്റാമിൻ Aഗുളികൾ ലഭിച്ച കുട്ടികൾ	3052

കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്പുകൾ

ഗർഭിണികൾ,
ടെറ്റനസ് ടോക്സോയിഡ്. (T.T)
ID - 51, 2D - 65, BD - 21.

കുട്ടികൾ

പ്രായം	BCG	DPT				പോളിയോ വാക്സിൻ				DT	മീസിൽസ്
1 വയസ്സിനു താഴെ	105	ID	2D	3D	BD	1D	2D	3D	BD	BD	
1 - 3		203	179	188	148	203	179	188	148	167	246

പ്രശ്നങ്ങൾ : –

1. ഇടിയിരിക്കപ്പുഴ ഹെൽത്തു സെന്ററിൽ ഒരു ഡോക്ടറുടെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ. പൂർണ്ണ സമയം പ്രവർത്തിക്കുന്നില്ല.
2. ഡോക്ടർമാർ ക്വാർട്ടേഴ്സിൽ താമസിക്കുന്നില്ല. രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല.
3. കിടത്തി ചികിത്സിക്കുന്നതായി റിക്കാഡുകൾ ഉണ്ടാക്കുന്നതു കൊണ്ട് രോഗികൾക്ക് ആഹാരത്തിനുള്ള ചിലവും അനുവദിക്കപ്പെടുന്നുണ്ടാകണം – അവ ദുരുപയോഗം ചെയ്യുന്നു.
4. P.H സെന്ററിലെ ലാബോറട്ടറി ഒരിക്കലും പ്രവർത്തിക്കുന്നില്ല.
5. ചീട്ടെഴുതാനുള്ള കടലാസു പോലും P.H സെന്ററിൽ ഇല്ല.
6. സബ് സെന്ററുകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഇല്ല.
7. വിദഗ്ധ ഡോക്ടറുമാരുടെ സേവനം ലഭ്യമല്ല.
8. X' ray, പരിശോധനക്കു പോലുമുള്ള സൗകര്യം പഞ്ചായത്തിൽ എങ്ങുമില്ല.
9. 2000 ഓളം വീടുകളിൽ കക്കൂസുകൾ ഇല്ല.
10. എല്ലാക്കാലത്തും എല്ലാ പ്രദേശത്തും ശുദ്ധ ജലം ലഭിക്കുന്നില്ല.
11. റബർ റോളറുകളിൽ നിന്നുള്ള മലിന ജലം അന്തരീക്ഷ മലിനീകരണവും കൊതുകു വളർത്തലും നടത്തുന്നു.

സാദ്ധ്യതകൾ : –

1. P.Hസെന്ററിൻ ഗൈനക്കോളജിസ്റ്റും, ശിശു രോഗ വിദഗ്ദ്ധനും ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ സേവനം മുഴുവൻ സമയം ലഭ്യമാക്കുക.
2. P.H സെന്ററിന്റെ ലാബോറട്ടറി പൂർണ്ണമായി പ്രവർത്തിപ്പിക്കുക.
3. ഒരു ഡോക്ടർ എങ്കിലും ക്വാട്ടേഴ്സിൽ താമസിക്കുകയും രാത്രികാല സേവനം ലഭ്യമാക്കുകയും ചെയ്യുക.
4. രോഗികളെ കിടത്തി ചികിത്സിക്കുകയും അവർക്ക് ആഹാരം കൊടുക്കുകയും ചെയ്യുന്നതിനുള്ള പൂർണ്ണ സംവിധാനം ഉണ്ടാക്കുക.
5. X'ray സ്ഥാപിക്കുക.
6. പാണ്ടിയാം കുഴി ആയുർവേദ ഡിസ്പെൻസറി രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ സൗകര്യമുള്ള ആശുപത്രി ആയി വികസിപ്പിക്കുക.
7. ഒരു ഗവ: ഹോമിയോ ഡിസ്പെൻസറി സൗകര്യപ്രദമായ സ്ഥാനത്ത് സ്ഥാപിക്കുക.
8. മുണ്ടത്താനം, കാനം ഈ പ്രദേശങ്ങളിൽ പുതിയ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, തണ്ണിപ്പാറയിലെ ആരോഗ്യ കേന്ദ്രം മെച്ചപ്പെടുത്തുകയും ചെയ്യുക
9. കക്കൂസില്ലാത്ത എല്ലാ വീടുകളിലും ഒരു വർഷത്തിനകം കക്കൂസുകൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
10. കുടിവെള്ളം ലഭ്യമല്ലാത്ത എല്ലാ പ്രദേശത്തും എല്ലാക്കാലത്തും ആവശ്യത്തിനുള്ള ശുദ്ധ ജലം ആവശ്യമാണ്.
11. റോഡു വക്കുകളിൽ മീൻ കച്ചവടം, മാട് അറുത്തു വില്പനയും നടത്തുന്നതു നിരോധിക്കുക.
12. റബർ റോളർ സ്ഥാപിച്ചിട്ടുള്ളവർ അതിൽ നിന്നും ഒഴുകുന്ന മലിന ജലം അന്തരീക്ഷ മലിനീകരണത്തിനിടയാക്കാതെയും കൊതുകു വർദ്ധനവിനു് സഹായകമാവുകയും ചെയ്യാത്ത വിധം സംസ്ക്കരിക്കാൻ നിർബന്ധിക്കുക.

13. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു കൊല്ലുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
14. പേപ്പട്ടി വിഷ ചികിത്സക്കും, പാമ്പു വിഷ ചികിത്സക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
15. ക്ഷയരോഗം, മലമ്പനി, തുടങ്ങിയ രോഗങ്ങളുടെ തിരിച്ചു വരവിനെയും എയ്ഡ്സ് പോലുള്ള ലൈംഗിക രോഗങ്ങളുടെ വ്യാപനത്തെയും സംബന്ധിച്ച് കൗമാര പ്രായക്കാർ മുതൽ വൃദ്ധ ജനങ്ങൾ വരെയുള്ളവരിൽ വ്യാപകമായ ബോധവൽക്കരണം നടത്തുക.
16. ആരോഗ്യ ശീലങ്ങൾ വിദ്യാലയങ്ങളിൽ പ്രത്യേകമായി പഠിപ്പിക്കുക.
17. സഹകരണ മേഖലയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ആരോഗ്യ കേന്ദ്രം സ്ഥാപിക്കുക.

2. കുടിവെള്ളം

കങ്ങഴ പഞ്ചായത്തിൽ കുടിവെള്ളത്തിന് പ്രധാനമായും ആശ്രയിച്ചു പോരുന്നത് പുരിയിടങ്ങളിൽ സ്വന്തമായി പണി കഴിപ്പിച്ച് ഉപയോഗിച്ചു പോരുന്ന കിണറുകളെയാണ്. മണിമലയാറ്റിൽ കുളത്തൂർമുഴി ഭാഗത്ത് നിന്നും വെള്ളം പമ്പുചെയ്ത് മുണ്ടത്താനത്തുള്ള ടാങ്കിൽ ശേഖരിച്ച് കങ്ങഴ നെടുങ്കുന്നം പഞ്ചായത്തുകളിൽ വിതരണത്തിനുള്ള സംവിധാനം കഴിഞ്ഞ 5 വർഷമായി നിലവിലുണ്ട്. ഇതിന്റെ പ്രയോജനം പഞ്ചായത്തിന്റെ 6 വാർഡുകളിൽ ഭാഗികമായി ലഭിക്കുന്നുണ്ട്. 2, 3, 4 എന്നീ വാർഡുകളിലേക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതിയിൽ 88 പൊതു ടാപ്പുകളും, 642 ഹൗസ് കണക്ഷനുകളും കൊടുത്തിട്ടുണ്ട്. ഈ പദ്ധതിയിൽ ജല വിതരണം എല്ലാ ദിവസവും ക്രമമായും ചിട്ടയായും നടത്താറില്ല. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമാണ് വിതരണം. ജല ദൗർലഭ്യമുള്ള വേനൽക്കാലത്ത് ചുരുങ്ങിയ സമയത്തു മാത്രമേ വിതരണം നടത്താറുള്ളു. പഞ്ചായത്തു വകയായി 21 പൊതു കിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും എല്ലാക്കാലത്തും വെള്ളം കിട്ടുന്നവ 6 എണ്ണം മാത്രമാണ്. ബാക്കിയുള്ളവയിൽ 8 മാസം വരെ മാത്രമേ വെള്ളം കിട്ടുകയുള്ളു.

എല്ലാ വാർഡിലേയും കുന്നിൻ പ്രദേശങ്ങൾ ജനുവരി മദ്ധ്യം മുതൽ ജൂൺ വരെ ഗുരുതരമായ കുടിവെള്ളക്ഷാമമുണ്ട്. ഇക്കാലത്ത് ജല വിതരണസംവിധനം ഊർജ്ജിതപ്പെടുത്തുന്നില്ലെങ്കിൽ വീട്ടമ്മമാർ ഒന്നും രണ്ടും ഫർലോംഗ് ദൂരത്തു നിന്നും വെള്ളം ചുമക്കേണ്ടനിലയാണുള്ളത്.

പഞ്ചായത്തിലെ കുടിവെള്ള ലഭ്യതക്കുള്ള സംവിധാനം

സ്വന്തം കിണറുകൾ പഞ്ചായത്ത് കിണർ/കുളം പൊതു ടാപ്പുകൾ ഹൗസ് കണക്ഷൽ കുഴൽ കിണിറുകൾ ഒരു മാസത്തിൽ കൂടുതൽ ജലക്ഷാമമുള്ള വീടുകൾ

3765	21	88	642

പഞ്ചായത്തിൽ ലഭ്യമാകുന്ന ജലത്തിൽ കിണറ്റുവെള്ളം ശുദ്ധജലമാണ്. കാര്യമായ ശുദ്ധീകരണ പ്രവർത്തനങ്ങൾ നടത്താതെയാണ് ആറ്റുവെള്ളം പമ്പു ചെയ്ത് വിതരണം നടത്തുന്നത്.

പ്രശ്നങ്ങൾ :-

1. കുന്നിൻ പ്രദേശങ്ങളിലെ കിണറുകൾ മകരമാസത്തിനു മുമ്പു തന്നെ വറ്റിപ്പോകുന്നു.
2. പൊതു വിതരണ സംവിധാനം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമായി ഒതുങ്ങി നില്ക്കുന്നു.
3. പൊതു വിതരണ സംവിധാനത്തിൽ എല്ലാ ദിവസവും ജല വിതരണം നടക്കുന്നില്ല. പ്രവർത്തനം കാര്യക്ഷമമല്ല.

സാദ്ധ്യതകൾ :-

1. കുന്നിൻ പ്രദേശങ്ങളിൽ കൂടുതൽ കുഴൽ ക്കിണറുകൾ സ്ഥാപിക്കുക.
2. പൊതു വിതരണ സംവിധാനം എല്ലാ പ്രദേശത്തും എത്തിച്ച് കാര്യക്ഷമമായി പ്രവ ർത്തിപ്പിക്കുക. അതിന് ആവശ്യമായ ഓവർ ഹെഡ് ടാങ്കുകൾ കുന്നും പുറങ്ങളിൽ സ്ഥാ പിച്ച് വെള്ളം ശേഖരിക്കുക.
3. എല്ലാക്കാലത്തും ജലം ലഭ്യമായിട്ടുള്ള നെടു മള്ളി, കാനം, വേട്ടമല. പതാൽ, മണ്ണുപ്പുര യിടം, കൊറ്റൻച്ചിറ, അമ്പലച്ചിറ, തുടങ്ങിയ പ്രദേശങ്ങിലെ വെള്ളം സമീപ കുന്നിൻ പ്രദേശങ്ങളിൽ ടാങ്കുകൾ കെട്ടി പമ്പു ചെ യ്ത് പരിസര പ്രദേശത്ത് വിതരണത്തിനു സംവിധാനം ഉണ്ടാക്കുക.
4. ഇപ്പോഴത്തെ വാട്ടർ സപ്ലൈ സ്ക്കീമിൽ നിന്നു നെടുങ്കുന്നം പഞ്ചായത്തിനെ ഒഴിവാ ക്കി കങ്ങഴ പഞ്ചായത്തിനു മാത്രമായി പൂർ ണ്ണമായി സേവനം ലഭ്യമാക്കുക.
5. വലിയ തോട്ടിൽ തടയണകൾ നിർമ്മിച്ച് വേനൽക്കാല ആരംഭത്തോടെ വെള്ളം തട ഞ്ഞു നിർത്തി പ്രദേശങ്ങളിലെ കിണറുകളി ലും കുളങ്ങളിലും വെള്ളം ലഭ്യമാക്കുക.
6. ജല ലഭ്യതയുള്ള പ്രദേശങ്ങളിൽ പൊതു കുളങ്ങൾ നിർമ്മിച്ച് വൃത്തിയായി സംരക്ഷി ക്കുക.
7. രൂക്ഷമായ വേനൽ അനഭവപ്പെടുമ്പോൾ ജല ലഭ്യതയില്ലാത്ത പ്രദേശങ്ങളിൽ ലോ റികളിൽ വെള്ളമെത്തിച്ച് സംഭരിക്കാനുള്ള സംഭരണികൾ സ്ഥാപിക്കയും കൃത്യമായി വെള്ളം എത്തിച്ചു കൊടുക്കുകയും ചെയ്യുക.

3. വിദ്യാഭ്യാസം

വിദ്യാഭ്യാസ കാര്യത്തിൽ കങ്ങഴ സമീപ പ്രദേശങ്ങളിലെ അപേക്ഷിച്ചു കൂടുതൽ മെച്ചപ്പെട്ട നിലയിലായിരുന്നു. ഒരു നൂറ്റാണ്ടിനു മുമ്പ് ക്രൈസ്തവൻ മിഷനറിമാർ സ്ഥാപിച്ച കോവൂർ C.M.S എൽ. പി. സ്ക്കൂൾ കാനം C.M.S.L.P സ്ക്കൂൾ എന്നിവയും പത്തനാട് ഗവൺമെൻറ് എൽ. പി. സ്ക്കൂളുമാണ് ആദ്യ വിദ്യാലയങ്ങൾ. ഉന്നത വിദ്യാഭ്യാസത്തിനുള്ള ആദ്യ സ്ഥാപനം 1932- ൽ അഞ്ചും ആറും ക്ലാസുകളോടെ ആരംഭിച്ച് തുടർന്ന് മലയാളം ഒൽപതാം ക്ലാസ്സു വരെയും 1949 മുതൽ S.S.L.C വരെയും ഉള്ള ഹൈ സ്ക്കൂളായി തീർന്ന ഇപ്പോഴത്തെ ദേവസ്വം ബോർഡു ഹൈസ്കൂ ളാണ്.

ഏതാനും കരപ്രമാണിമാരുടെ ഒരു സഹകര സ്ഥാപനമായിട്ടാണ് കങ്ങഴ മലയാളം ഹൈസ് ക്കൂൾ ആരംഭിച്ചതെങ്കിലും പിന്നീട് അത് ഏറെ നാട്ട് A.Sകരുണാകരൻ പിള്ളയുടെ സ്വന്തമാ യിത്തീർന്നു. 1964 - ൽ ദേവസ്വം ബോർഡ് വിലയ്ക്കു വാങ്ങി.

എട്ട് എൽ.പി.സ്ക്കൂളുകളും ഒരു യു.പി. സ്ക്കൂളും മൂന്നു യു.പി.യോടു കൂടിയ ഹൈസ് ക്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഹൈസ്ക്കൂ ളുകൾ മൂന്നും സ്വാതന്ത്ര്യാനന്തര കാലഘട്ട ത്തിൽ മാത്രം പ്രവർത്തനം ആരംഭിച്ചവയാണ്. പത്തനാട് ഗവ. എൽ.പി.സ്ക്കൂൾ മാത്രമാണ് സർക്കാർ ഉടമയിലുള്ള വിദ്യാഭ്യാസ സ്ഥാപനം. പ്രി- പ്രൈമറി വിദ്യഭ്യാസത്തിന് അഞ്ചു ബാലവാടികളും അഞ്ചു നഴ്സറി സ്ക്കൂളുകളും പ്രവർത്തക്കുന്നു വിദ്യാലയസഥാപനങ്ങളിൽ രണ്ട് നഴ്സറി സ്ക്കൂൾ ഒഴിച്ച് എല്ലാം മലയാളം മാദ്ധ്യമമായി നടത്തുന്നവയാണ്. ഇവയെ ക്കൂടാതെ എഴുത്തു പഠിപ്പിക്കുന്ന ചില നിലത്തെ ഴുത്തു ആശാന്മാരും പ്രവർത്തിക്കുന്നുണ്ട്.

ബാലവാടികളിൽ കുഞ്ഞുങ്ങൾക്ക് ആവശ്യമായകളിക്കോപ്പുകളും പഠനോപകരണങ്ങളും തീരെക്കുറവാണ്. അവർക്ക് ഉച്ചഭക്ഷണം നല്കുന്ന സംവിധാനം ഇപ്പോഴില്ല. നഴ്സറി സ്ക്കൂളുകൾ രണ്ടെണ്ണം പ്രൈമറി സ്ക്കൂളുകളോടു ചേർന്നു നടത്തുന്നവയാണ്. ഇവിടെ പരിശീലനം ലഭിച്ച ടീച്ചറൻമാരോ ആയമാരോ ഇല്ല. അംഗികാരമില്ലാത്ത സ്വതന്ത്ര സ്ഥപനങ്ങൾ നടത്തുന്ന മൂന്നു പ്രൈമറിവിദ്യാലയങ്ങളോടു ചേർന്നുള്ളവയാണ് മൂന്നുനഴ്സറി സ്ക്കുളുകൾ. ഇവയിലും ശാസ്ത്രിയമായ പരിശിലനം ലഭിച്ചിട്ടുള്ള ടീച്ചറന്മാരോ ആയമാരോകുട്ടികളുടെ സംരക്ഷണത്തിനും പരിചരണത്തിനും ഇല്ല. പ്രൈമറി സ്ക്കുളുകളിലെ കുട്ടികളുടെ എണ്ണം ഓരോവർഷവും കുറഞ്ഞുകൊണ്ടിരിക്കുന്നു. ഓരോക്ലാസ്സിലുമുള്ള കുട്ടികളുടെ എണ്ണം 14-നും 36- നും ഇടക്കാണ്. വച്ചെഴുതാനുള്ള ഡസ്ക്ക് ഇല്ലാതെ പഴയ സമ്പ്രദായത്തിലുള്ള ബഞ്ചുകൾ മാത്രമാണ് സ്ക്കൂളുകളിലുള്ളത്. കുട്ടികളുടെ എണ്ണം വളരെ കുറവായതു കൊണ്ട് ഓരോ കുട്ടിയേയും പ്രത്യേകം ശ്രദ്ധിച്ച് പഠന നിലവാരം മെച്ചപ്പെടുത്താൻ അദ്ധ്യപകകർക്കു കഴിയാവുന്നതാണ്. എന്നാൽ ആരീതിയിൽ ഒരിടത്തും പ്രവർത്തിച്ചു കാണുന്നില്ല. കളികളിലൂടെ പഠിപ്പിക്കാനും നിശ്ചിത നിലവാരം എത്തിക്കനും അദ്ധ്യാപകർ ശ്രദ്ധിക്കുന്നില്ല. ഇവിടെ അദ്ധ്യാപകർ സാമൂഹ്യ പ്രതി ബദ്ധതയോ അർപ്പണ മനോഭാവമോ ഇല്ലാത്ത ശമ്പള മോഹികൾ മാത്രമായി കാണുന്നു. അതു കൊണ്ടു തന്നെ കൂടുതൽ മെച്ചപ്പെട്ട പഠന നിലവാരമുള്ള സ്ക്കുളുകൾ അന്വേഷിച്ചു രക്ഷകർത്താക്കൾ കുട്ടികളെ കൊണ്ടു പോകുന്നു.

മുന്നു ഹൈസ്ക്കൂളുകളിലും ഒരു യു.പി. സ്ക്കൂളിലും ആവശ്യത്തിനുള്ള സ്ഥല സൗകര്യങ്ങളും ബഞ്ചും ഡസ്ക്കും ഒക്കെയുണ്ട്. അദ്ധ്യാപകരും കുറവില്ല. ലാബറട്ടറിയും ലൈബ്രറിയും മൂന്നു സ്ക്കൂളുകളിലുമുണ്ട്. പക്ഷേ ഇവ മേലധികാരികളുടെ പരിശോധനക്കു വേണ്ടി മാത്രമണ്. കുട്ടികൾക്ക് വായനക്ക് പുസ്തകം വിതരണം ചെയ്യുകയോ വായനാശീലം വളർത്താൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. ശാസ്ത്ര പഠനത്തിന് പരീക്ഷണശാല ഉപയോഗിക്കപ്പെടുന്നേ ഇല്ല, എന്നതാണു സത്യം കളിസ്ഥലങ്ങൾ നാമമാത്രമായൊക്കെയുണ്ട്. കായികാദ്ധ്യാപകരും നിലവിലുണ്ട്. കുട്ടികൾക്ക് കായിക വിനോദങ്ങൾ പരിശീലനം നല്കുകയോ കളികൾ നടത്തുകയോ ചെയ്യുന്ന ഇടപാട് ഈ സ്ക്കൂളുകളിൽ എങ്ങും ഇല്ല. അദ്ധ്യാപക രക്ഷകർത്തൃ സമിതികളും പ്രവർത്തിക്കുന്നുണ്ട്. മൂന്നു സ്ക്കൂളുകളിലെയും പഠന നിലവാരം മെച്ചപ്പെട്ടതല്ല. അദ്ധ്യാപകരിൽ 80% വനിതകളാണ്.പരിഷ്കൃത വേഷവിധാനങ്ങൾ നിശ്ചയിച്ച്, സ്വന്തം വാഹനസംവിധാനങ്ങളോടെ ഉയർന്ന ഫിസ് ഈടാക്കി നടത്തുന്ന അംഗികാരം പോലുമില്ലാത്ത വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെ അയക്കുന്നത് സാമൂഹ്യപദവിയുടെഭാഗമായി ഇടത്തരം കുടുംബങ്ങളിലെ വീട്ടമ്മമാരും മറ്റും കരുതുന്നു. ഈ വിദ്യാലയങ്ങൾ ആവശ്യമായ നിലവാരം പുലർത്തുന്നവയോ യോഗ്യതനേടിയ അദ്ധ്യാപകർ ഉള്ളവയോ അല്ല. അങ്ങിനെയുള്ള മൂന്നു സ്ഥാപനങ്ങൾ ഉണ്ടെങ്കിലും അവയെപ്പറ്റി പ്രത്യേകം പറയാനില്ല.

സമാന്തരവിദ്യാഭ്യാസസ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്നില്ല. ഒന്നു രണ്ടു ട്യൂഷൻസെൻററുകളുണ്ട്. കോളേജ് വിദ്യാഭ്യാസം ആഗ്രഹിച്ച് അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾക്ക് പ്രൈവറ്റ് വിദ്യാഭ്യാസത്തിനുതകത്തക്കനിലവാരമുള്ള സ്ഥാപനങ്ങളല്ല ഒന്നും.

സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നുപറയാൻ നാലുടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾമാത്രമാണുള്ളത്.അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വായനശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. പത്തനാടും ഇടയിരിക്കപ്പുഴയും ഒരു ബി. ക്ലാസ് ലൈബ്രറികളും, ഉള്ളായം, മുണ്ടത്താനം, എടേപ്പാറ, കാരമല, റാണിറ്റുപാറ, മണ്ണൂപ്പുറയിടം,പരത്തിമുട് തുടങ്ങിയകേന്ദ്രങ്ങളിൽ

ചിലവായനശാലകളും ക്ലബ്ബുകളും ഉണ്ടെങ്കിലും അനൗപചാരിക വിദ്യാഭ്യാസകാര്യത്തിൽ ഇവ യൊന്നും കാര്യമായ സംഭാവനചെയ്യുന്നില്ല. 1990 – ൽ ആരംഭിച്ച സാക്ഷരതാപ്രവർത്തനം 400–ൽ അധികം നിരക്ഷരരെസാക്ഷരരാക്കാൻ സഹാ യിച്ചിട്ടുണ്ട്. സാക്ഷാരതാ പ്രവർത്തനം സജീ വമായിരുന്നു.

പ്രശ്നങ്ങൾ:–

1. പ്രീപ്രൈമറി വിദ്യാഭ്യാസം കാര്യക്ഷമമായി നടക്കുന്നില്ല.
2. പ്രൈമറി വിദ്യാലയങ്ങളിൽ പഠനോപകര ണങ്ങളും ഫർണിച്ചറും അപര്യാപ്തം.
3. അദ്ധ്യാപനനിലവാരംതൃപ്തികരമല്ല.
4. രക്ഷാകർത്താക്കളുടെ ശ്രദ്ധയും താല് പര്യവും ഇല്ലായ്മ
5. സ്കൂൾ ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല.
6. ലാബറട്ടറികൾ പ്രവർത്തിക്കുന്നില്ല
7. പ്രൈമറിതലത്തിൽ മാതൃസംഘങ്ങളും, സെക്കൻററി തലത്തിൽ P.T.A.യും കാര്യ ക്ഷമമായി പ്രവർത്തിക്കുന്നില്ല.
8. വീട്ടമ്മമാരായ അദ്ധ്യാപികമാർക്ക് വിദ്യാർഗ്ഗ ത്ഥികളുടെ കാര്യത്തിൽ മുഴുവൻ ശ്രദ്ധയും ചെലുത്താൻ കഴിയുന്നില്ല
9. വിവിധസാമൂഹിക പശ്ചാത്തലത്തിലുള്ള കു ട്ടികളെ ഒരേനിലവാരത്തിലെത്തിക്കാൻ പരിഹാരബോധനം നടക്കിന്നില്ല.
10. കായിക പരിശീലനത്തിനും പാഠ്യേതരവി ഷയങ്ങൾക്കും തിരെ പ്രധാന്യം കല്പി ക്കുന്നില്ല.

സാദ്ധ്യകൾ:–

1. നഴ്സറി– ബാലവാടികളിൽ ശാസ്ത്രിയമായ പരിശിലനം ലഭിച്ച ടീച്ചറും ആയയും നിർ ബന്ധിതമാക്കണം– അല്ലാതുള്ളവനിരോധി ക്കണം.
2. നഴ്സറി – ബാലവാടികളിൽ ആവശ്യമായ കളിക്കോപ്പുകളും പഠനോപകരണങ്ങളും ഉച്ചഭക്ഷണവും നിർബന്ധിതമാക്കണം.
3. പ്രീ– പ്രൈമറിവിദ്യാഭ്യാസത്തിന് മാതൃകാ വിദ്യാലയം സ്ഥാപിക്കണം.
4. പ്രൈമറിസ്കൂളുകളിൽ ബുക്കിൽ എഴുതുന്ന തുകൊണ്ട് ഡസ്ക്കു നിർബന്ധിതമാക്കണം.
5. എല്ലാപ്രൈമറിസ്ക്കുളിലും നിർബന്ധമായും ക്രമമായും ഉച്ചഭക്ഷണം നല്കുന്നു എന്നു റപ്പുവരുത്തണം.
6. കുട്ടുകളുടെ എണ്ണം കുറവായതുകൊണ്ട് ഓരോ കുട്ടിയിലും പ്രത്യേകശ്രദ്ധനല്കാൻ അദ്ധ്യപകർക്ക് കഴിയും– പ്രൈമറിതലത്തിൽ ഇതുനടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
7. പ്രൈമറിതലം പിന്നിടുമ്പോൾ വിദ്യാർത്ഥി നിശ്ചതനിലവാരം നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം. ഇല്ലാത്തിടത്ത് അദ്ധ്യാപകർ ഉത്തരവാദികളായികാണണം.
8. U.P തലം മുതൽ നിശ്ചിതനിലവാരത്തി ലെത്താത്ത വിദ്യാർത്ഥികൾക്ക് മോശമായ വിഷയങ്ങളിൽ പരിഹാരബോധനത്തിനുള്ള സംവിധാനം ഏർപ്പെടുത്തണം. തൊഴിൽ ര ഹിതരായ അഭ്യസ്ഥവിദ്യരുടെ സേവനം ഇ തിന് സ്കൂളുകളിൽ പ്രയോജനപ്പെടുത്താം.
9. കായികാദ്ധ്യാപകരും മറ്റു സ്പെഷ്യൽ അ ദ്ധ്യാപകരും അവരുടെ ജോലികൾ കൃത്യമാ യി ചെയ്യുന്നു എന്നുറപ്പുവരുത്തണം. അതി നാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കികൊ ടുക്കുകയും വേണം.
10. സ്കൂൾ ലൈബ്രറികളിലുള്ള പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്ത് വായിപ്പിക്കു കയും നോട്ടു കുറിപ്പിക്കുകയുംവേണം. ഒരു സ്പെഷ്യൽ ടിച്ചർക്ക് ഇതിൻെറ ചുമതല നല്കാവുന്നതാണ്.

11. സയൻസ് ലാബറട്ടറികളിൽ ആവശ്യമായ ഉപകരണങ്ങൾ ഉണ്ടാക്കുകയും പരീക്ഷണങ്ങൾ നടത്തി പഠിപ്പിക്കുന്നു എന്നുറപ്പുവരുത്തുകയും വേണം.

12. പഠനവിഷയങ്ങളിൽ പഞ്ചായത്തിലെ സ്കൂളുകൾ തമ്മിൽ ആരോഗ്യകരമായ മത്സരം സംഘടിപ്പിക്കുന്നതിനും പ്രോത്സാഹനസമ്മാനം നല്കുന്നതിനും ഗ്രാമപഞ്ചായത്തു മുൻകൈ എടുക്കണം.

13. സ്കൂൾ P.T.A കളും പ്രൈമറി സ്കൂളുകളിൽ മാതൃസംഘങ്ങളും കാര്യമായി പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തുമെമ്പറന്മാർ പങ്കെടുത്തുകൊണ്ട് നേതൃത്വം നല്കണം.

14. തൊഴിലില്ലാത്ത ബിരുദ- ബിരുദാനന്തബിരുദധാരികളെ സംഘടിപ്പിച്ച് പഞ്ചായത്തുതലത്തിൽ ബിരുദവിദ്യാഭ്യാസത്തിനുവരെയുള്ള സമാന്തരസംവിധാനം രൂപപ്പെടുത്തണം.

കങ്ങഴ പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം 1996-97

ക്രമ നമ്പർ	സ്കൂളിന്റെ പേര്	അദ്ധ്യാപകർ	മറ്റുജീവനക്കാർ	വിദ്യാർത്ഥികൾ													
				stdI	stdII	stdIII	stdIV	stdV	stdVI	stdVII	stdVIII	IX	X	ആകെ	sc& st	ആൺ	പെൺ
1.	ഗവ.എൽ.പി.എസ്. പത്തനാട്	4	–	30	30	53	36	–	–	–	–	–	–	149	12	76	73
2.	C.M.S.എൽ.പി.എസ്. കോവൂർ	3	–	25	18	22	15	–	–	–	–	–	–	80	12	49	31
3.	C.M. എൽ.പി.എസ് മുണ്ടന്താനം	4	–	26	26	27	27	–	–	–	–	–	–	106	7	51	55
4.	C.M. L.P.S അമ്പലത്തിനാംകുഴി	4	–	15	18	15	19	–	–	–	–	–	–	67	4	31	36
5.	E.A. L.P.S ഇലവുങ്കൽ	4	–	19	18	16	13	–	–	–	–	–	–	66	2	35	31
6.	V.K.V.M. L.P.S കൊന്നക്കൽ	4	–	24	30	27	23	–	–	–	–	–	–	104	11	56	48
7.	മുസ്ലീം എൽ.പി.എസ്. പടനിലം	4	–	40	39	39	36	–	–	–	–	–	–	154	8	68	86
8.	സെൻറ് തോമസ് L.P.S ചീരമറ്റം	4	–	26	26	26	28	–	–	–	–	–	–	106	11	46	60
9.	N.M. U.P.S. തുമ്പോളി	5	–	–	–	–	–	24	25	27	–	–	–	76	11	47	29
10.	C.M.S. H.S കാനം	23	–	–	–	–	–	71	77	73	101	97	74	493	36	266	227
11.	മുസ്ലീം എച്ച്.എസ്. കങ്ങഴ	31	–	–	–	–	–	99	110	101	151	113	100	674	87	354	320
12.	D.B. H.S കങ്ങഴ	26	–	–	–	–	–	79	60	63	101	117	107	527	61	264	263
13.	വിവേകാനന്ദ വിദ്യാമന്ദിർ	10	–	–	–	–	–	–	–	–	–	–	–	141	–	70	71
14.	ലിറ്റിൽ ഫ്ലവർ English Medium School	7	–	–	–	–	–	–	–	–	–	–	–	229	–	112	117
15.	ബഥനി English Medium School	10	–	–	–	–	–	–	–	–	–	–	–	–			
													ആകെ	2972			

C (IV)

സംസ്കാരം

രണ്ടു പുരാതന ക്ഷേത്രങ്ങളുള്ള കങ്ങഴ പഞ്ചായത്തിൽ അതുമായി ബന്ധപ്പെട്ട സാംസ്കാരിക പ്രവർത്തനങ്ങളും നടന്നിരുന്നു. സംഗീതം നൃത്തം കഥകളി, ഓട്ടൻതുള്ളൽ തുടങ്ങിയ കലകൾ ശാസ്ത്രീയമായി പഠിക്കുകയും പഠിപ്പിക്കുകയും ചെയതിരുന്ന ഗുരുക്കന്മാർ ഒരു കാലത്ത് കങ്ങഴയിലുണ്ടായിരുന്നു. സ്വാതന്ത്ര്യ സമര പ്രസ്ഥാനവും കർഷക-കർഷക തൊഴിലാളി പ്രസ്ഥാനങ്ങളും സജീവമായതോടെ കലാ സാംസ്കാരിക രംഗങ്ങളിലും പുതിയ ഉണർവ്വ് അനുഭവപ്പെട്ടു. അക്കാലത്തെ യുവജനങ്ങളുടെ പ്രവർത്തന ഫലമായി ഉണ്ടായതാണ് ഗ്രാമസ്വരാജ് പബ്ലിക്ക് ലൈബ്രറിയും കങ്ങഴപഞ്ചായത്തു ലൈബ്രറിയും. നാടകങ്ങളും ഗാനമേളകളും വില്ലടിച്ചാൻ പാട്ടുപോലുള്ള കലാരൂപങ്ങളും തയ്യാറാക്കി അവതരിപ്പിക്കുന്ന കലാസമിതികളും പ്രവർത്തിച്ചിരുന്നു. അറുവനമുട്ട്, കോൽക്കളി, തിരുവാതിരകളി, പരിശുമുട്ടുകളി, മാർഗ്ഗംകളി തുടങ്ങിയ കലാപരിപാടികളും പൊതുവേദികളിൽ അവതരിപ്പിച്ചിരുന്നു. ഓണം, തിരുവാതിര തുടങ്ങിയ ആഘോഷവേളകളിൽ ജന്മി ഗൃഹങ്ങളുടെ അകത്തളങ്ങളിൽ വിപുലമായ കലാ വിരുന്നുകളും സാധാരണമായിരുന്നു. പെൺകുട്ടികളെ ബാല്യത്തിൽ തന്നെ സംഗീതവും നൃത്തവും അഭ്യസിപ്പിക്കുക എന്നത് സാധാരണ ഹൈന്ദവ കുടുംബങ്ങളിലെ ജീവിത ശൈലിയായിരുന്നു. ഇത് ശബ്ദത്തിനും ശരീരത്തിനും സൗന്ദര്യം വർദ്ധിപ്പിക്കുന്നതിന് ഏറെ സഹായിച്ചിരുന്നു.

കൗമാര പ്രായത്തിലുള്ള കുട്ടികൾക്കിടയിൽ കക്കുകളി, അമ്മാനയാട്ടം, കല്ലുകൊത്ത്, അടിച്ചേച്ചോട്ടം, വട്ടുകളി, കുഴിപ്പന്തുകളി, കിളിത്തട്ടുകളി, കുടുകുടുകളി, പന്തുകളി ഇവ സാധാരണമായിരുന്നു. യുവാക്കൾ വോളിബോൾ, ബാഡ്മിന്റൻ, നാടൻ പന്തുകളി, ചീട്ടുകളി, പകിടകളി, ചതുരംഗം കളി തുടങ്ങിയവയിലും ആനന്ദം കണ്ടിരുന്നു. ഇതൊക്കെ ഗ്രാമീണ ജീവിതത്തിന്റെ ഒരുമയ്ക്കും സംസ്കാരത്തിനും വിലപ്പെട്ട സംഭാവനകൾ നല്കിയിട്ടുണ്ട്.

ഇപ്പോൾ വിദ്യാലയ മത്സര വേദികളിൽ സമ്മാനം നേടുകയും മാർക്കു വാങ്ങുകയും ചെയ്യുന്നതിന് വേണ്ടിമാത്രം കുട്ടികളെ നൃത്തവും സംഗീതവും മറ്റും അഭ്യസിപ്പിക്കുന്ന ശീലമാണുള്ളത്. വിദ്യാഭ്യാസകാലം കഴിയുമ്പോൾ അത് എന്നന്നേക്കുമായി ഉപേക്ഷിക്കുകയും ചെയ്യുന്നു.

കലാരംഗത്ത് പ്രശസ്തനായിത്തീർന്ന കഥകളി ചുട്ടികുത്തു വിദഗ്ദ്ധനായിരുന്നു കങ്ങഴ മാധവൻ.

ഹിന്ദു ക്രൈസ്തവ മുസ്ലീം ജനവിഭാഗത്തിൽപ്പെട്ട ആളുകൾ ഇടകലർന്നു ജീവിക്കുന്ന ഒരു സംസ്കാരമാണുള്ളത്. ഹിന്ദുമത വിശ്വാസികളിൽ നായർ സമുദായത്തിനാണ് പ്രാമുഖ്യം. നമ്പൂതിരി മുതൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഹൈന്ദവർ വരെ കങ്ങഴയിൽ ഉണ്ട്. ക്രിസ്തീയ വിഭാഗത്തിൽ മിക്കവാറും എല്ലാ സഭകളുടെയും പ്രവർത്തനം കങ്ങഴ പഞ്ചായത്തിലുള്ളതായി കണക്കാക്കപ്പെടുന്നു. പരിവർത്തിത ക്രിസ്ത്യാനികൾ ഈ വിഭാഗത്തിലെ ഗണ്യമായ വിഭാഗംതന്നെയാണ്. മുസ്ലീം സമുദായവും ശക്തമായ അടിത്തറയുള്ളതാണ്. വിവാഹം മരണം തുടങ്ങിയ ചടങ്ങുകളിലും ആഘോഷങ്ങളിലും ജാതി മത ഭേദമില്ലാതെ സഹകരിക്കുകയും പങ്കെടുക്കുകയും ചെയ്യുന്ന സംസ്കാരം വളർന്നു വന്നിരിക്കുന്നു.

ജനങ്ങളുടെ ആചാരപരവും ആത്മീയപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ ദേവാലയങ്ങളും നിലവിലുണ്ട്.

പുരാതന ക്ഷേത്രങ്ങൾ	–	3
ക്രിസ്തീയ ദേവാലയങ്ങളും പ്രാർത്ഥനാലയങ്ങളും	–	60
മുസ്ലീം ആരാധനാലയങ്ങൾ	–	9

കങ്ങഴ ശിവക്ഷേത്രത്തിൽ ശിവരാത്രിയോടനുബന്ധിച്ചും പത്തനാട് ഭഗവതി ക്ഷേത്രത്തിൽ മേട മാസത്തിൽ പത്താമുദയത്തിനും ഇളങ്കാവ് ക്ഷേത്രത്തിൽ വൃശ്ചിക വ്രതാവസാനമായ 41-നും ഉത്സവം നടക്കുന്നു. ക്രിസ്ത്യൻ പള്ളികളിൽ സ്ഥാപിത പുണ്യവാളന്മാരുടെ ജന്മദിനത്തിലോ നിശ്ചിത ഇംഗ്ലീഷ് മാസത്തീയതികളിലോ വാർഷി

വായനശാലകൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വാർഡ്	സ്ഥാപിത വർഷം	ഗ്രയിഡ്	അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങൾ	ആനുകാലികങ്ങൾ	പ്രതിദിനം വിതരണം ചെയ്യുന്ന പുസ്തകങ്ങൾ
1	പഞ്ചായത്ത് ലൈബ്രറി പത്തനാട്	4	1950	B	1425			
2	ഗ്രാമസ്വരാജ് പബ്ലിക്ക് ലൈബ്രറി ഇടയിരിക്കപ്പുഴ	5	1948	B	753	5310	പത്രം-3 വാരിക-3 മാസിക-2	
3	നേതാജി പബ്ലിക്ക് ലൈബ്രറി റാണ്ണീറ്റുപാറ	1						
4	YMCA ഉള്ളായം	4						

കപെരുന്നാൾ നടക്കുന്നു. മുസ്ലീം ആരാധനാല യങ്ങളോട് ബന്ധപ്പെട്ട് നോയമ്പു കാലങ്ങളിൽ മതപ്രഭാഷണങ്ങളും നബിദിനം പോലുള്ള വിശേഷ ദിവസങ്ങളിൽ പ്രത്യേകചടങ്ങുകളും നട ക്കുന്നുണ്ട്. ശ്രീ നാരായണഗുരുവിന്റെ ജന്മദിന മായ ചതയദിനം ആഘോഷപരമായി കൊണ്ടാ ടുന്നതിൽ ഈഴവ സമുദായം മുടക്കം വരുത്താ റില്ല. മതാനുഷ്ടാനങ്ങളിൽ നിഷ്ടപാലിക്കുന്ന മുസ്ലീം വനിതകൾക്ക് പള്ളിയിൽ ആരാധന നട ത്തുവാനുള്ള സൗകര്യം ഇപ്പോഴും കങ്ങഴയിൽ ഇല്ലെന്നുള്ളത് ഒരു കുറവായിക്കാണുന്നു.

ആചാരപ്രകാരമുള്ള മതാനുഷ്ടാനങ്ങളിൽ എല്ലാ മതവിഭാഗക്കാരും തല്പരരാണ്

മറ്റു ആർട്സ് & സ്പോർട്സ് ക്ലബുമറ്റു ആർട്സ് സ്പോർട്സ് ക്ലബുകൾ

1 ഗ്രാമോദ്ധാരണ ആർട്സ് & സ്പോർട്സ് ക്ലബ്	–	കാരമല
2 ഉപാസന ആർട്സ് & സ്പോർട്സ് ക്ലബ്	–	ഏടേപ്പാറ
3 ന്യൂ കേരള ആർട്സ് & സ്പോർട്സ് ക്ലബ്	–	കങ്ങഴ
4 എവർഷൈൻ ആർട്സ് & സ്പോർട്സ് ക്ലബ്	–	പരുത്തിമൂട്
5 നവസൂര്യ സഹകരണവേദി മണ്ണുപുരയിടം	–	മണ്ണുപുരയിടം

സ്ഥിരമായ പ്രവർത്തന സംവിധാനം ഇല്ലെ ങ്കിലും ക്ലബുകളൊക്കെ ഉത്സവകാലങ്ങളിൽ സജീ വമാണ്. കങ്ങഴ പഞ്ചായത്തിൽ രണ്ടായിര ത്തോളം ദിനപ്പത്രം വിതരണം ചെയ്യുന്നുണ്ട്. ഏറ്റവും കൂടുതൽ വായനക്കാരുള്ളത് മലയാള മനോരമയ്ക്കും മാതൃഭൂമിക്കും ആണ്. ദീപിക, കേരളകൗമുദി, ദേശാഭിമാനി, മംഗളം, മാധ്യമം, ഇൻഡ്യൻ എക്സ്പ്രസ്, ഹിന്ദു എന്നീപത്രങ്ങളും കുറഞ്ഞതോതിൽ എത്തുന്നുണ്ട്. ആഴ്ചപ്പതിപ്പു കളിൽ മംഗളവും മനോരമയുമാണ് കൂടുതൽ എത്തുന്നത്.

വായനശാലയുടെ പ്രവർത്തനവും വായന യുടെ ശീലവും പരിശോധിച്ചതിൽ താത്ക്കാലിക ഉല്ലാസത്തിനും വാർത്തകൾ അറിയുന്നതിനുമല്ലാതെ ഗൗരവ പൂർണ്ണമായ പഠനത്തിനുള്ള വായനാശീലം കുറഞ്ഞുവരുന്നതായാണ് മനസ്സിലാകുന്നത്.

ഇലക്ട്രോണിക് മാധ്യമങ്ങൾ:

95% വീടുകളിൽ റേഡിയോ ഉണ്ട്. 20% വീടു കളിൽ ടി. വി. സെറ്റുകൾ ഉണ്ട്. 50%–ൽ അധികം ആളുകൾ ടി. വി. യുടെ പ്രയോജനം അനുഭവി ക്കുന്നുണ്ട്. സ്വന്തമായി ഡിഷ് ആന്റിന സ്ഥാപിച്ച് വിവിധ ചാനലുകളുടെ പ്രയോജനം അനുഭവി ക്കുന്ന ചുരുക്കം ചില ഭവനങ്ങളും ഉണ്ട്. സാംസ്കാരിക നിലയം ഇതുവരെ പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടില്ല.



വിദ്യാലയങ്ങൾ

സാംസ്കാരിക പശ്ചാത്തലം ഒരുക്കുന്നതിന് 15 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്.

പ്രശ്നങ്ങൾ

1 പത്രമാസികകളുടെ താങ്ങാനാവാത്ത വിലവർദ്ധന

2 ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിൽ വിശാല വീക്ഷണമില്ലാത്ത നിക്ഷിപ്ത താല്പര്യങ്ങളുടെ സ്വാധീനം

3 കൃത്യമായി പ്രവർത്തിക്കുന്നതിനാവശ്യമായ ആഭ്യന്തര സംവിധാനവും സ്ഥലവും വായനാശാലകളിൽ ലഭ്യമല്ലാത്തത്.

4 വിദ്യാസമ്പന്നരുടെ അലസത

5 സാംസ്കാരിക നേതൃത്വവും സംഘാടകരും ഇല്ലാത്തത്

6 കലാസമിതികൾ ലക്ഷ്യ ബോധത്തോടെ പ്രവർത്തിക്കുന്നില്ല.

സാദ്ധ്യതകൾ

1 ലൈബ്രറികളുടെ പ്രവർത്തനം സ്വതന്ത്രവും ജനാധിപത്യപരവുമാക്കുക.

2 സാംസ്കാരിക നിലയം സ്ഥാപിച്ച് സാംസ്കാരിക പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിക്കുക.

3 ഫൈൻ ആർട്സ് സൊസൈറ്റി പ്രവർത്തനം ആരംഭിക്കുക.

4 ആർട്സ് ക്ലബ്ബുകൾക്കും സ്പോർട്സ് ക്ലബ്ബുകൾക്കും ഒരു കേന്ദ്രീകൃത നേതൃത്വമുണ്ടാക്കി കായിക-കലാമത്സരങ്ങൾ സംഘടിപ്പിക്കുക.

5 കലാസാംസ്കാരിക രംഗങ്ങളെ സംബന്ധിച്ച് വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഇടയിൽ ചർച്ചകളും ഉപന്യാസ മത്സരങ്ങളും നടത്തുക.

6 മദ്യാസക്തിക്കെതിരെ വ്യാപകമായ പ്രചരണം നടത്തുക.

7 അഴിമതിക്കെതിരെ സന്ധിയില്ലാത്തപോരാട്ടത്തിന് ജനങ്ങളെ സജ്ജരാക്കുക.

8 പൊതു ഉടമയിൽ ഒരു മിനി തിയേറ്റർ സ്ഥാപിക്കുക.

9 ബോധവത്ക്കരണം ലക്ഷ്യമാക്കി ചുവർ പരസ്യങ്ങളും ബോർഡുകളും സ്ഥാപിക്കുക.

C (V)

പട്ടികജാതി പട്ടികവർഗ്ഗം

പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട 227 കുടുംബങ്ങളാണ് കങ്ങഴഗ്രാമ പഞ്ചായത്തിലുള്ളത്. ഇവരിൽ കോളനികളിൽ താമസിക്കുന്നവരും അല്ലാത്തവരും ഉണ്ട്. നാലുകോളനികൾ കങ്ങഴ പഞ്ചയാത്തിലുണ്ട്.

കോളനികളുടെ വിവരം

വാർഡ്	കോളനി ഉണ്ട്/ഇല്ല	ഉണ്ടെങ്കിൽ പേര്
1	ഉണ്ട്	(1) ശ്രായിപ്പള്ളി (2) കരിമല അംബേദ്കർ ഗ്രാമം
2	ഇല്ല	
3	ഇല്ല	
4	ഉണ്ട്	ഭൂരഹിത ഭവനരഹിത പട്ടികജാതി പുനരധിവാസകേന്ദ്രം
5	ഇല്ല	
6	ഇല്ല	
7	ഉണ്ട്	ചെളിക്കുഴി
8	ഇല്ല	
9	ഉണ്ട്	തണ്ണിപ്പാറ സെറ്റിൽമെന്റ് കോളനി

(അവലംബം : റിസോഴ്സ് പേഴ്സൺസ് സർവ്വേ)

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ വാർഡുതിരിച്ചുള്ള വിവരം

വാർഡ്	പട്ടികജാതി	പട്ടികവർഗ്ഗം	ആകെ
1	54	–	54
2	16	1	17
3	9	2	11
4	21	–	21
5	11	–	11
6	15	–	15
7	40	–	40
8	36	–	36
9	22	–	22
ആകെ	224	3	227

(അവലംബം : ഗ്രാമസഭാ റിപ്പോർട്ടുകളും സർവ്വെയും)

പുലയ (ചേരമർ), പരവർ, വേലൻ, സാംബവർ (പറയർ), മണ്ണാൻ എന്നീ വിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാരും മലകുറവർ, ഉള്ളാടർ എന്നീ വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാരുമാണിവിടുള്ളത്. ഈവിഭാഗക്കാരുടെ ആനുകൂല്യങ്ങൾ ഫലപ്രദമായി രീതിയിൽ നടപ്പിലാക്കുന്നില്ല. കൃഷി വകുപ്പിൽ നിന്നും മറ്റും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമാകുന്നില്ല. നാളിതുവരെ കൃഷി ആയുധങ്ങൾ തെങ്ങിൻ തൈകൾ പച്ചക്കറി വിത്ത്, കിടാരികൾ, റബ്ബർ റോളറുകൾ (കോളനിക്കാർക്ക്) മുതലായവ ഇവർക്കു ലഭിച്ചിട്ടുണ്ട്.

98% കുടുംബങ്ങൾക്ക് വീടുണ്ട്. കോളനികളിൽ ചിലയിടങ്ങളിൽ വെള്ളവും വളിച്ചവും എത്തേണ്ടതുണ്ട്. വൈദ്യസഹായത്തിനുള്ള സൗകര്യങ്ങൾ വേണം. ദാരിദ്ര്യം അനുഭവിക്കുന്ന ഒട്ടേറെ കുടുംബങ്ങൾ ഉണ്ട്. ചെറികിട വ്യവസായങ്ങളുണ്ടായി തൊഴിൽ മേഖല പുഷ്ടിപ്പെടേണ്ടതുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ നിലവാരം

S.S.L.C ക്കാർ	ഡിഗ്രിക്കാർ	P.G. ക്കാർ	BEd. കാർ
82	20	5	5

(അവലംബം : റിസോഴ്സ് പേഴ്സൺസ് സർവ്വെ)

കങ്ങഴയിൽ രണ്ടു ഡോക്ടർന്മാരുണ്ട്. സാങ്കേതികയോഗ്യതയുള്ളവർ കുറവാണ്. ഡിഗ്രിയുള്ള വരിൽ തന്നെ എല്ലാവർക്കും ജോലിയില്ല. B.Ed. പാസായവർക്കും ജോലിയില്ല. എസ്. എസ്. എൽ. സി., ഡിഗ്രി, പി. ജി., ബിഎഡ്., എന്നീയോഗ്യതയുള്ള യുവതിയുവാക്കൾക്ക് തൊഴിൽ ലഭിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം.

*സ്കൂളുകളിലെ **S.C./ ST.** കുട്ടികളുടെ പഠനനിലവാരം*

മൊത്തംകുട്ടികൾ	SC/ST		ആകെ	SC/ST	തോറ്റു പഠിക്കുന്നവർ
	ആൺ	പെൺ			
3367	184	142	326	23	ഇല്ല

(അവലംബം : വിദ്യാഭ്യാസ സർവ്വെ)

വിദ്യാർത്ഥികളുടെ പഠനനിലവാരം താരതമ്യേന മോശമാണ്. ഇതിനു കാരണം രക്ഷാകർത്താക്കളുടെ വിദ്യാഭ്യാസം ഇല്ലായ്മയും ജീവിത സാഹചര്യവുമാണ്. വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ ക്ലാസ്സുകളിലെങ്കിലും ട്യൂഷൻ ഏർപ്പെടുത്തണം. ഹൈസ്കൂളിൽ ഉച്ചഭക്ഷണം ഏർപ്പെടുത്തണം. തൊഴിൽ മേഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുവാൻ പറ്റും., പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ പരിചയക്കുറവുമൂലം വിജയം നേടുന്നില്ല. അതിനാൽ അവനവന്റെ അഭിരുചിക്കനുസരിച്ചുള്ള തൊഴിലിനുള്ള ധനസഹായം നല്കി പരിശീലനം നല്കുകയും വേണം. ഇതോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ധനസഹായത്തിന്റെ മൂലധനച്ചോർച്ച തടയുകയും വേണം.

പട്ടികജാതി പട്ടിവർഗ്ഗത്തിൽപ്പെട്ട ഭൂരിഭാഗം ആളുകളും പാറമടകളിൽ പണിയെടുക്കുന്നവരാണ്. സർക്കാർ ജോലിയുള്ളവർ നന്നേ ചുരുക്കം. പൊതു പ്രവർത്തനരംഗത്ത് ഈ വിഭാഗത്തിൽപ്പെട്ടവർ ഉണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യപദവി ഉയർന്നിട്ടില്ല.

ഈവിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗമുളള വനിതകൾ തീരെ കുറവാണ് വനിതകളുടെ സാമൂഹ്യപദവിയും ഉയർത്തപ്പെടേണ്ടതുണ്ട്. ജാതിപറഞ്ഞ് ഇവരെ വിളിക്കുന്ന രീതി അപൂർവ്വമായി ഇവിടെ നിലനില്ക്കുന്നു. ഒന്നാം വാർഡു കേന്ദ്രമാക്കി പാറമടകളിൽ പണിയെടുക്കുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിലാളികളുടെ നേതൃത്വത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു ക്രഷർ സ്ഥാപിക്കുവുന്നതാണ്. ഇത് വളരെയധികം പട്ടികജാതിക്കാരുടെ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തും അതുപോലെ കോളനികൾ കേന്ദ്രീകരിച്ച് ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. ഇവയൊക്കെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പര്യാപ്തമാണ്. വനിതാ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. വിവിധ ഏജൻസികൾവഴി നല്കിയിട്ടുള്ള വീടുകളുടെ പണിപൂർത്തികരിക്കുവാൻ കഴിഞ്ഞിട്ടില്ല. അവ പൂർത്തികരിക്കുന്നതിനാവശ്യമായ പണം വായ്പയായോ ഗ്രാന്റായോ നല്കണം. ഭവന നിർമ്മാണ വായ്പ കുറഞ്ഞത് 40000 രൂപയാക്കി വർദ്ധിപ്പിക്കണം. വീടുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം വേണ്ടിയിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒട്ടനവധി കലാകാരന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട് . അവരുടെ കലാപരമായ കഴിവുകൾ വളർത്തുന്നതിനു വേണ്ട പദ്ധതികൾ ഉണ്ടാകണം. ഒരു സംഗീത നൃത്ത വിദ്യാലയം ആരംഭിക്കുന്നത് നന്നായിരിക്കും. വിവിധ സംഗീതോപകരണങ്ങൾ അഭ്യസിക്കുന്നതിനുള്ള സൗകര്യവും ഇവിടെ ഉണ്ടായിരിക്കണം.

പ്രശ്നങ്ങൾ

1 സ്ഥിരമായ തൊഴിലും വരുമാനവും ഇല്ല.

2 അഭ്യസ്തവിദ്യരായ യുവാക്കൾക്ക് യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കുന്നില്ല.

3 കലാകായിക രംഗങ്ങളിലെ കഴിവുകൾ വളർത്തിയെടുക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ ലഭിക്കുന്നില്ല.

4 വീടുണ്ടായിട്ടുണ്ടെങ്കിലും കൃഷി ഭൂമിയോ മറ്റു ജീവനോപാധികളോ ലഭ്യമല്ലാത്തതിനാൽ വളർച്ച വളരെ സാവധാനത്തിലാണ്.

5 സാമൂഹ്യമായ പിന്നോക്കാവസ്ഥയ്ക്ക് കാര്യമായ മാറ്റം ഉണ്ടായിട്ടില്ല. കാരണം സാമ്പത്തികമായ പിന്നോക്കാവസ്ഥതന്നെ

6 വിദ്യാർത്ഥികളുടെ താഴ്ന്ന പഠന നിലവാരം

സാദ്ധ്യതകൾ

1 വിദ്യാഭ്യാസം നേടിയ എല്ലാ യുവാക്കൾക്കും അനുയോജ്യമായ മേഖലയിൽ തൊഴിൽ നല്കുക.

2 സാമ്പത്തിക പുരോഗതിയെ ലക്ഷ്യം വച്ചു കൊണ്ട് ആദായകരമായി പ്രവർത്തിക്കുവാൻ കഴിയുന്ന സ്വയം തൊഴിൽസംരംഭങ്ങൾക്ക് പരിശീലനവും ഉദാരവ്യവസ്ഥകളിൽ ധനസഹായവും നല്കുക.

3 സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു പ്രവർത്തിക്കുവാൻ കഴിയുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾ, സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക. സാമ്പത്തിക നിയന്ത്രണവും മാനേജ്മെന്റും സംബന്ധിച്ച പരിശീലനം നല്കി ആളുകളെ പ്രാപ്തരാക്കി നേതൃത്വം നല്കുക.

4 വിദ്യാർത്ഥികളുടെ പഠനകാര്യത്തിൽ അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്തവരുടെ സേവനം ഉപയോഗിച്ച് അപ്പർ പ്രൈമറി തലം മുതൽ പ്രത്യേക ബോധനം നല്കുക

C(VI)

വനിതകളുടെ സാമൂഹ്യ പദവി

ഇന്നത്തെ പ്രത്യേക സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ സാഹചര്യങ്ങളിൽ മഹിളാസംഘടനകളുടെ പ്രസക്തി വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. മനുഷ്യൻ സാമൂഹികമായി വളരെയധികം ഉയർന്നിട്ടുണ്ടെങ്കിൽകൂടി ഇന്നത്തെ ഈ ആധുനികമെന്നുവിശേഷിപ്പിക്കുന്ന സമൂഹത്തിലും സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾക്കും വിവേചനത്തിനും അറുതിവരുത്തുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. എന്നാൽ കുറച്ചുനാളായി ഈ മുരടിപ്പ് മാറിക്കൊണ്ടിരിക്കയാണ്. നാഷണൽ ഫെഡറേഷൻ ഓഫ് ഇൻഡ്യൻ വുമൺസ്, ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാകോൺഗ്രസ് തുടങ്ങിയ നിരവധി മഹിളാസംഘടനകൾ, ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ സ്ത്രീകളെ സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ മുൻനിർത്തി പ്രവർത്തിക്കാനും സ്തീകളുടെ ഉന്നമനത്തിനുവേണ്ടിസമരരംഗത്തേക്ക് ഇറങ്ങിച്ചെല്ലാനും തയ്യാറായിട്ടുണ്ട്. സ്ത്രീധനത്തിനും, ജാതിസമ്പ്രദായത്തിനും, സ്ത്രീപീഠനത്തിനും മദ്യത്തിനും മയക്കുമരുന്നിനുമൊക്കെ എതിരേയും സ്തീകൾക്ക് സമൂഹത്തിൽ പുരുഷന്മാരോടൊപ്പം തുല്യത ലഭിക്കുന്നതിനുവേണ്ടിയും ഇവർ പ്രവർത്തിക്കുന്നു. അതിന്റെ ഫലമായി സ്ത്രീകളിൽ കൂടുതൽ സുരക്ഷിതത്വബോധവും അവകാശചിന്തയും കടന്നുകൂടിയിട്ടുണ്ട്. ഒരുകാലത്ത് സാമൂഹിക പ്രവർത്തനമേഖലകളിലും വിദ്യാഭ്യാസമേഖലകളിലും സ്ത്രീപ്രാതിനിധ്യം ഒട്ടുംതന്നെഇല്ലായിരുന്നു.

എന്നാൽ ഇന്ന് അതല്ലസ്ഥിതി. ഇന്ന് സ്ത്രീയും പുരുഷനെപോലെ പുറത്തിറങ്ങി സഞ്ചരിക്കാനും ജോലിചെയ്തു സാമ്പത്തികമായി കരുത്താർജ്ജിക്കുവാനും തുടങ്ങിയിരിക്കുന്നു. പുരുഷനെപോലെഅധികാരസ്ഥാനങ്ങളിലെത്തി കരുത്തും കഴിവും തെളിയിക്കുന്നു. ഒരു കാലത്ത് സ്ക്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് അപ്രാപ്യമായിരുന്നെങ്കിൽ, ഇന്ന് ആൺകുട്ടികളേക്കാൾ കൂടുതൽ സ്ക്കൂളിലും കോളേജുകളിലും റാങ്കുകൾ വാരിക്കൂട്ടുന്നത് പെൺകുട്ടികൾ തന്നെയാണ്.

1991-ലെ സെൻസസ് പ്രകാരം കങ്ങഴ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 18646 ആണ്. അതിൽ 9447 പേർ സ്ത്രീകളാണ്. പുരുഷൻമാരേക്കാൾ 248 സ്ത്രീകൾ കൂടുതലാണ്. അതുകൊണ്ടുതന്നെ സമൂഹത്തിൽ ഉയർന്നസ്ഥാനം കിട്ടേണ്ടത് അത്യാവശ്യമാണ്. 6 വയസിൽ താഴെയുള്ള ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലാണ്.

P.L. ശങ്കരിയമ്മ നാരകത്താനിൽ, തങ്കമണിയമ്മ കൊച്ചുപൊട്ടങ്കൽ, രാധാമണിയമ്മ ലക്ഷ്മി നേഴ്സിംഗ് ഹോം ഇവരൊക്കെയാണ് ഈ പഞ്ചായത്തിലെ ആദ്യ വനിതാ ഡോക്ടറന്മാർ. ഇന്ന് ആയിരക്കണക്കിന് കുട്ടികൾപഠിക്കുന്ന D.B.H School കരിമല പങ്കജാക്ഷിയമ്മയുടേത് ആയിരുന്നു. അത് ദേവസ്വംബോർഡിന് വിട്ടുകൊടുത്തതാണെന്ന് പറയപ്പെടുന്നു. കേരളത്തിലെ ആദ്യ വനിത DYSP കുറ്റിക്കാട്ട് പത്മിനിയമ്മ കങ്ങഴ പഞ്ചായത്തിന്റെ വീരപുത്രിയാണ്. ഇവിടുത്തെ ആദ്യ വനിതാ പഞ്ചായത്തുമെമ്പർ ചിറ്റേട്ട് പങ്കജാക്ഷിയമ്മയാണ്. 1940-നു ശേഷം വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുകയും പരിമിതമായ തൊഴിൽമേഖലകളിലെങ്കിലും സ്തീകൾ എത്തിപ്പെടുകയും ചെയ്തു. ഇവിടെ ഉന്നതവിദ്യാഭ്യാസത്തിലും ഉയർന്നജോലികളിലും സ്ത്രീപങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷൻമാരേക്കാൾ മുൻപന്തിയിലാണ് സ്ത്രീകൾ.

തൊഴിൽ മേഖലയിൽ സ്ത്രീപങ്കാളിത്തം വളരെ കുറവാണ്. സംഘടിത തൊഴിലാളികളുടെ ഇടയിൽ സ്ത്രീപ്രാതിനിധ്യമേയില്ല എന്നതാണ് സത്യം. റബ്ബർ ബാന്റ് കമ്പനി, തീപ്പെട്ടികമ്പനി, സെയിൽസ് ഗേൾ, വീട്ടുജോലി, പാറമട, മൈയ്ക്കാട് പണി തുടങ്ങിയമേഖലകളിൽ ഒക്കെ സ്ത്രീകൾ ഇന്ന് ജോലിചെയ്യുന്നുണ്ട്. ഇവിടെ പ്രധാനമായും റബ്ബർകൃഷി ആയതിനാൽ കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗതവ്യവസായങ്ങളൊന്നുമില്ല. റബ്ബറിനെ ആശ്രയിച്ചുള്ള പല വ്യവസായങ്ങളും തുടങ്ങാനുള്ള സൗകര്യങ്ങൾ ഉണ്ടെങ്കിലും ഗവൺമെന്റോ പഞ്ചായത്തോ അതിനു മുൻകൈ എടുത്തുകാണുന്നില്ല. ആകെയുള്ളത് ഹാഫിസ് റബ്ബർ കമ്പനി എന്ന പേരിൽ ഒരു റബ്ബർ ബാന്റ് സ്വകാര്യ യൂണിറ്റു മാത്രമാണ്. ഇവിടെ മുപ്പതോളം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നു. മറ്റൊന്ന് ഉള്ളത് ഇടയിരിക്കപ്പുഴയിലെ തീപ്പെട്ടിക്കമ്പനിയാണ്. അവിടെ ഇരുപതോളം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നു. ഇവിടങ്ങളിലെ കൂലിയാകട്ടെ മറ്റു മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയേക്കാൾ വളരെ കുറവാണ്. ജോലി സ്ഥിരതയോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ ഇല്ല. കേരളാ മഹിളാസംഘത്തിന്റെ അഞ്ചു യൂണിറ്റുകളും ജനാധിപത്യമഹിളാ അസോസിയേഷന്റെ അഞ്ചു യൂണിറ്റുകളും കങ്ങഴ പഞ്ചായത്തിൽ പ്രവർത്തനരംഗത്തുണ്ടെങ്കിലും ഇവയൊന്നും ശക്തവും പര്യാപ്തവുമല്ല. സ്ത്രീകളുടെ തനതായ വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ആകെക്കൂടിയുള്ളതു ഇടയിരിക്കപ്പുഴയിലെ കറിപൗഡർ നിർമ്മിക്കുന്ന യൂണിറ്റും പാൽ ഉത്പന്ന നിർമ്മാണ യൂണിറ്റുമാണ്. അതിന്റെയും പ്രവർത്തനം തൃപ്തികരമല്ല. നെൽകൃഷിയും മരച്ചീനികൃഷിയും സാധാരണയായിരുന്ന കാലത്ത് സ്ത്രീകൾ ധാരാളം കൂലിപ്പണിക്കുപോയിരുന്നു. ഈ രണ്ടുകൃഷിയും വഴിമാറിക്കൊടുക്കുകയും റബ്ബർ കൃഷി വ്യാപകമാകുകയും ചെയ്തതോടെ ഏതാനും പേർ ടാപ്പിംഗ് തൊഴിലാളികളായി ജോലി ചെയ്യുന്നുണ്ട്. കെട്ടിടങ്ങളുടെ മൈക്കാടു പണിക്കും പറമ്പിൽ പണിക്കും ഏതാനും പേർ പോകുന്നുണ്ട്.

സ്ത്രീകളുടേതായ വ്യവസായയൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വളരെയേറെ പദ്ധതികൾ സാമൂഹ്യ ക്ഷേമ ബോർഡിനും ഗവൺമെന്റിനും ഒക്കെ ഉണ്ടെങ്കിലും അതിലേക്ക് രംഗത്തിറങ്ങാൻ സ്ത്രീകൾ ഇതുവരെ ഇവിടെ തയ്യാറായിട്ടില്ല. അവരെ അതിനു സന്നദ്ധരാക്കാൻഉപകരിക്കുന്ന ശ്രമങ്ങളോ ബോധവല്ക്കരണ പരിപാടികളോ വേണ്ടവണ്ണം നടത്താൻ സ്ത്രീസംഘടനകളോ, പഞ്ചായത്തോ, രാഷ്ട്രീയപാർട്ടികളോ ആരും തന്നെ തയ്യാറായിട്ടില്ല. അവിടവിടെ ചിലവ നടത്തിയിട്ടുണ്ടെങ്കിലും അവയൊക്കെ വെറും പ്രഹസനങ്ങളായി മാറുകയാണ് ചെയ്തിട്ടുള്ളത്. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായി തൊഴിൽ യൂണിറ്റുകളും സഹകരണസംഘങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിന് പഞ്ചായത്ത് ലെവലിൽത്തന്നെ തീരുമാനങ്ങളും നടപടികളും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിന്റെ ഭൂരിഭാഗവും റബ്ബർ കൃഷി ആയതിനാൽ, റബ്ബർ അധിഷ്ടിതമായ ചെറുകിട വ്യവസായങ്ങൾക്ക് ധാരാളം സാദ്ധ്യതയുണ്ട്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, തീപ്പെട്ടിക്കമ്പനി തുടങ്ങിയവ ആരംഭിക്കാവുന്നതാണ്. പുരയിടങ്ങളിൽ പച്ചക്കറി കൃഷിയും, വീട്ടുമുറ്റത്തൊരു കൃഷിത്തോട്ടം തുടങ്ങിയ ആശയങ്ങളും നേതൃത്വപരമായ പങ്കുണ്ടെങ്കിൽ ഫലപ്രദമായി ആരംഭിക്കാവുന്നതാണ്. പച്ചക്കറികൃഷിയെ ജില്ലാ പഞ്ചായത്ത് പ്രോത്സാഹിപ്പിക്കുന്നുണ്ട്. അതിന് ആവശ്യമായ സഹായധനവും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കും. ചങ്ങനാശ്ശേരി അതിരൂപതയുടെ സോഷ്യൽ വെൽഫയർ സൊസൈറ്റി പഞ്ചായത്തിൽ ചില വനിതാ മീറ്റിംഗുകൾ വിളിക്കുകയും വിത്തും വളവും നൽകുകയും ചെയ്തതിന്റെ ഫലമായി പല വീട്ടമ്മമാരും വീട്ടു മുറ്റത്തൊരു പച്ചക്കറി തോട്ടം പദ്ധതി സാമാന്യം നന്നായി നടപ്പിലാക്കിയിട്ടുണ്ട്.

സ്ത്രീകളെ സമ്പത്ത് ഉൽപ്പാദനവുമായി ബന്ധപ്പെടുത്തിയാലേ അവരുടെ സ്വയം പര്യാപ്തതയും കുടുംബത്തിന്റെ ക്ഷേമവും ഉറപ്പുവരുത്തനാവൂ. കൃഷിയിൽ പരിചയമുള്ളവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, പ്രവർത്തന സന്നദ്ധരായ സ്ത്രീകൾ ഇവരെ ഉൾപ്പെടുത്തികൊണ്ടുള്ള കൃഷി പദ്ധതികൾ പഞ്ചായത്തിൽ ആസൂത്രണം ചെയ്യാൻ കഴിയണം. പച്ചക്കറികൃഷി, ഔഷധസസ്യ കൃഷി, ഉദ്യാനകൃഷി, കുറ്റിമുല്ല കൃഷി ഇവയൊക്കെയാകാം. വൈവിദ്ധ്യമുള്ളതും നൂതനവുമായ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽപരിശീലനം പഞ്ചായത്തു തലത്തിലോ ബ്ലോക്ക് തലത്തിലോ കൊടുക്കണം. DRDA, IRDP വില്ലേജ് ഇൻഡസ്ട്രീസ് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് ഗ്രൂപ്പുകൾ സംഘടിപ്പിക്കണം.

ഈ പഞ്ചായത്തിൽ ആരോഗ്യപരമായ കാര്യങ്ങളിൽ സ്ത്രീകൾ മുൻപന്തിയിലാണ്. ഇവിടെ ഒരു പ്രൈമറി ഹെൽത്ത് സെന്റർ മാത്രമേ ഉള്ളൂ. ഈ ഹെൽത്ത് സെന്ററിൽ സ്ത്രീരോഗ വിദഗ്ദ്ധർ വേണം. ഒരു നല്ല ആയുർവ്വേദ ആശുപത്രി വേണം. ആരോഗ്യപ്രവർത്തകർ പങ്കെടുത്തുകൊണ്ടുള്ള ആരോഗ്യക്ലാസ്സുകൾ ഇടയ്ക്കിടെ ഉണ്ടാകണം. സ്ത്രീകളുടെ കലാസാംസ്കാരിക സംഘടനകൾ ഉണ്ടാവണം. സ്ത്രീകൾക്കിടയിൽ പഞ്ചായത്തിന്റെ വിവിധ വനിതാക്ഷേമ പദ്ധതികൾക്ക് പ്രചാരണം കൊടുക്കാനും പരിശീലനം ബോധവൽക്കരണം വിഭവസമാഹരണം എന്നിവയ്ക്ക് നേതൃത്വം കൊടുക്കാനും മഹിളാമേഖലയിൽ പ്രവർത്തിക്കുന്നവരുടെ യോജിച്ചുള്ള പ്രവർത്തനമാണ് ആവശ്യം.

സാമൂഹ്യരംഗത്ത് വളരെകാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ട് കൊണ്ടുവന്നാലേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കാൻ കഴിയുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം

ഏല്പിക്കാനുള്ള താല്പര്യക്കുറവ്. പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. കഴിയുന്നത്ര സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരികസംഘടനകൾ ശ്രമിക്കണം. അയൽക്കൂട്ടങ്ങളിലും മാതൃസംഗമങ്ങളിലും വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കണം. നമ്മുടെ പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീയ വനിതാസമിതിക്ക് രൂപം കൊടുക്കണം. അയൽക്കൂട്ടങ്ങളും മാതൃസംഗമങ്ങളും ബോധവത്ക്കരണ സെമിനാറുകളും സംഘടിപ്പിക്കുവാൻ പഞ്ചായത്തും വനിതാസംഘടനകളും മുൻകൈ എടുക്കണം.

ഇവിടെ സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ പൊതുവെ കുറവാണ്. എങ്കിലും അങ്ങിങ്ങായി ചില സ്ത്രീപീഡനകേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്യുന്നതിൽ 1990-ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായിച്ചിട്ടുണ്ട്. 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റാനുള്ള പരിശീലനത്തിന്റെ ഭാഗമായി നടത്തിയ പഞ്ചായത്തു പരിശീലനത്തിലും ഗ്രാമസഭകളിലും സ്ത്രീ പ്രാതിനിധ്യം വളരെ ശോചനീയമായിരുന്നു. എങ്കിൽകൂടി 5, 8 എന്നീ വാർഡുകളിൽ സ്ത്രീ പ്രാതിനിധ്യം വേണ്ടവണ്ണം ഉണ്ടായിരുന്നു. ഇതിന്റെ പ്രാധാന്യം സ്ത്രീകളെ ബോദ്ധ്യപ്പെടുത്തി അവരെ രംഗത്തുകൊണ്ടുവരുവാൻ കൂട്ടായ ശ്രമങ്ങൾ ആവശ്യമാണ്. കങ്ങഴകൂടി ചേർന്ന വാഴൂർ ഡിവിഷനെ പ്രതിനിധീകരിക്കുന്ന ജില്ലാ പഞ്ചായത്തു മെമ്പറും ജനകീയാസൂത്രണ കീ റിസോഴ്സ് പേഴ്സണുമായ M. H. റംല കങ്ങഴ പഞ്ചായത്തുകാരിയാണെന്നുള്ളതും, കങ്ങഴ പഞ്ചായത്തു പ്രസിഡന്റ് വനിത (ജാൻസി അപ്പുക്കുട്ടൻ - ആദ്യത്തെ വനിതാപ്രസിഡന്റ്) ആണെന്നുള്ളതും ഈ ശ്രമങ്ങൾക്ക് ആക്കം കൂട്ടാവുന്ന സാദ്ധ്യതകളാണ്.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1 സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പുറത്തുവരുന്നില്ല. സ്വയം ശക്തിയാർജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവാണ്.

2 തൊഴിൽ മേഖലയിൽ സ്ത്രീകൾ അവഗണിക്കപ്പെടുന്നു

3 തുല്യ ജോലിക്ക് തുല്യവേതനം എന്ന തത്വം സ്ത്രീകളുടെ കാര്യത്തിൽ ലംഘിക്കപ്പെടുന്നു.

4 സ്വയം തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുന്നില്ല. അതിനാവശ്യമായ ഉത്തേജനം നല്കുന്ന കാര്യത്തിൽ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല. (പഞ്ചായത്ത്, വനിതാ വികസന കോർപ്പറേഷൻ, രാഷ്ട്രീയ പ്പാർട്ടികൾ, വനിതാ സംഘടനകൾ)

5 തൊഴിൽ നിയമങ്ങളിൽ വേണ്ടത്ര പരിശീലനമില്ല. പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നില്ല.

6 സ്വയം തൊഴിൽ ആരംഭിക്കുന്നതിന് മൂലധനം ഇല്ലായ്മ.

7 സർക്കാർ പദ്ധതികളെക്കുറിച്ച് വ്യക്തമായ ധാരണയില്ലായ്മ.

8 വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്.

പരിഹാരങ്ങൾ

1 ഉൽപ്പാദനപരവും വരുമാനദായകവുമായ സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുക

2 വിഭവ സാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3 തുല്യജോലിക്ക് തുല്യവേതനം നിയമത്തിലൂടെ നടപ്പിലാക്കുക. സ്ത്രീപുരുഷ സമത്വം അനുവദിക്കുക.

4 തൊഴിലവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകാനും തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാനും സഹായിക്കുന്ന ഒരു കമ്മറ്റി പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.

5 പെൻഷൻ പദ്ധതികളുടെ (വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതി) പ്രയോജനം അർഹതയുള്ള മുഴുവൻ സ്ത്രീൾക്കും ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

6 കൂടുതൽ അംഗൻവാടികൾ ആരംഭിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും ആവശ്യമായ സൗകര്യം ഉണ്ടാക്കുക.

7 സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആവശ്യമായ സഹായം ചെയ്യുക.

8 പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രീയ വനിതാ സമിതി രൂപീകരിക്കുക

9 കൂടുതൽ വനിതാ സഹകരണ വ്യവസായ സംരംഭങ്ങൾ ഉണ്ടാകണം

10 DRDA, IRDP, വില്ലേജ് ഇൻഡസ്ട്രീസ് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ ചെറുകിട വ്യവസായയൂണിറ്റ് ഉത്പ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് ഗ്രൂപ്പു സംഘടിപ്പിക്കണം

11 സ്ത്രീകളുടെ ആരോഗ്യപരിപാലനത്തിനായി പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ത്രീരോഗ വിദഗ്ദ്ധരെ നിയമിക്കണം.

12 സ്കൂൾ, അംഗൻവാടി PHC മറ്റു ചികിത്സാകേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് ആരോഗ്യ പരിശോധനാ ക്യാമ്പ്, ഹെൽത്ത് കാർഡ് വിതരണം തുടങ്ങിയ പരിപാടികൾ പഞ്ചായത്തിന്റെ ആരോഗ്യ വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കണം.

13 സ്ത്രീകളെ ഗ്രന്ഥശാലാ പ്രവർത്തനവുമായി ബന്ധപ്പെടുത്തണം. സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് സഞ്ചരിക്കുന്ന വായനശാല, ഗ്രന്ഥശാല കേന്ദ്രീകരിച്ച് സ്ത്രീകളുടെ കലാകായിക മത്സരങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

14 ദൈനംദിന ഉപയോഗത്തിനുള്ള കുട്ടികളുടെ ഡ്രസ്സുകൾ സ്ത്രീകളുടെ നൈറ്റികൾ, അടിവസ്ത്രങ്ങൾ, മറ്റു ഡ്രസ്സുകൾ ഒക്കെ തയ്യാറാക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകൾ സ്ഥാപിക്കുകയും വീടുകളിൽ കയറിയിറങ്ങി വില്പന നടത്തുകയും ചെയ്യുക.

15 പലഹാരങ്ങളും അച്ചാറുകളും മറ്റും തയ്യാറാക്കി വീടുകളിൽ വില്പന നടത്തുന്ന യൂണിറ്റു സ്ഥാപിക്കുക.

16 ഗുണമേന്മയുള്ള കറിപ്പൊടികളും, ധാന്യപ്പൊടികളും മറ്റും തയ്യാറാക്കി പായ്ക്കുചെയ്തു വില്പന നടത്തുക.

C(VII)

സാമൂഹ്യക്ഷേമം

ദാരിദ്രരേഖയ്ക്കു താഴെയുള്ള കൂലിവേലക്കാർ, ചെറുകിട-നാമമാത്രകർഷകർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരാണ് ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 30 ശതമാനത്തോളം ആളുകൾ,. പൊതുവിൽ ജീവിത നിലവാരം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും 8 പഞ്ചവത്സരപദ്ധതികളിലൂടെ ലക്ഷ്യമിട്ട സാമ്പത്തിക പുരോഗതിയും സാമൂഹ്യക്ഷേമവും സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ ജീവിതത്തിൽ പ്രതിഫലിച്ചിട്ടില്ല. ക്ഷേമപ്രവർത്തനങ്ങൾക്കു ചിലവഴിക്കുന്ന തുകകൾ പലപ്പോഴും അർഹരായവരിൽ എത്താറില്ല.

ഇതിനു പ്രധാന കാരണം പദ്ധതികളെയും പരിപാടികളെയും സംബന്ധിച്ച് അതിന്റെ ഗുണഭോക്താക്കളാകേണ്ടവരുടെ അറിവില്ലായ്മയാണ്. അവരെ കാര്യങ്ങൾ അറിയിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം സാമൂഹ്യ സംഘടനകളോ രാഷ്ട്രീയ പ്രസ്ഥാനങ്ങളോ കാലാകാലങ്ങളിൽ വേണ്ടവിധം നടത്തിയിട്ടില്ല. സാമൂഹ്യ സുരക്ഷിതത്വ പരിപാടികളെന്ന നിലയിൽ ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ. വിധവകൾ, വൃദ്ധർ, കർഷകതൊഴിലാളികൾ, വികലാംഗർ തുടങ്ങിയ അരക്ഷിതർക്കു നല്കുന്ന പെൻഷൻ, വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനു നല്കുന്ന ധനസഹായം തുടങ്ങി ഒട്ടേറെ ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. അർഹരായ മുഴുവൻ ആളുകൾക്കും ലഭ്യമാക്കാനുദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതികൾ. എന്നാൽ അർഹരായവർക്കെല്ലാം ലഭിക്കുന്നില്ലെന്നുമാത്രമല്ല അനർഹരായ പലർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നുമുണ്ട്. തൊഴിലില്ലായ്മ വേതനത്തിന്റെ കാര്യത്തിൽ ഇതു പ്രത്യക്ഷമായി കാണാവുന്നതാണ്.

വാർദ്ധക്യ കാല പെൻഷൻ ലഭിക്കുന്നവർ	–	12
വിധവാ പെൻഷൻ ലഭിക്കുന്നവർ	–	10
കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നവർ	–	50
വികലാംഗപെൻഷൻ ലഭിക്കുന്നവർ	–	20
തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവർ	–	–

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ ഇവ ലഭിക്കുന്നതിന് അർഹതയുള്ള ധാരാളം ആളുകൾ ഇനിയും അവ ലഭിക്കാത്തവരായി ഉണ്ട്. സാമൂഹ്യ പ്രവർത്തകരുടെ രാഷ്ട്രീയ വിവേചനവും ഉദ്യോഗസ്ഥന്മാരുടെ അഴിമതിയുമാണ് ഇതിനു കാരണം

പ്രശ്നങ്ങൾ

1 ഗുണഭോക്താക്കളുടെ അജ്ഞത

2 പദ്ധതി നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥന്മാരുടെ അലസത

3 സാമൂഹ്യ പ്രവർത്തകരുടെ പ്രതിബദ്ധതയില്ലായ്മ

4 ഉദ്യോഗസ്ഥന്മാരുടെ അഴിമതി

സാദ്ധ്യതകൾ

1 ലക്ഷ്യബോധമുള്ള സാമൂഹ്യ പ്രവർത്തകരെ കണ്ടെത്തി ബോധവത്ക്കരിക്കുയും പരിശീലനം നല്കുകയും ചെയ്യുക

2 യഥാസമയം ഗുണഭോക്താക്കളായി ഉള്ളവരെ സംഘടിപ്പിക്കുന്നതിന് സന്നദ്ധ സേന രൂപീകരിക്കുക.

3 അപേക്ഷകൾ സമർപ്പിക്കേണ്ട സമയത്ത് അത് സംബന്ധിച്ച വിവരങ്ങൾ അർഹരായവർക്ക് നല്കാൻ സംവിധാനം ഉണ്ടാക്കുക.

4 ശുപാർശ സമർപ്പിക്കുകയും അനുവദിക്കുകയും ചെയ്യുന്നു ഉദ്യോഗസ്ഥന്മാർ അപേക്ഷകരിൽ നിന്ന് വിഹിതം പറ്റുന്ന അഴിമതി അവസാനിപ്പിക്കുവാൻ നടപടി നടത്തുക.

C(VIII)

സഹകരണമേഖല



കങ്ങഴപഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം ഇപ്പോൾ നിലവിലുള്ള 1145-ാം നമ്പർ കോ-ഓപ്പറേറ്റീവ് ബാങ്കാണ്. 30-11-1925 -ൽ പരസ്പരസഹായ സംഘം എന്നപേരിൽ രജിസ്റ്റർ ചെയ്ത് 7-4-1926-ൽ ദേശാഭി വർദ്ധിനി പരസ്പര സഹായസംഘം എന്നപേരിൽ പ്രവർത്തനം ആരംഭിച്ചു.

ആദ്യകമ്മറ്റി

1 എടയ്ക്കാട്ട് ഇല്ലത്ത് വിഷ്ണു നമ്പൂതിരി (പ്രസിഡന്റ്)

2 മുരിക്കനാനിക്കൽ ചാക്കോ ചാണ്ടപ്പിള്ള

3 പഴുക്കാകുളത്ത് കെ. ഖാൻകുട്ടി

4 മണിയൻകുളത്തിൽ മുസ്തഫ റാവുത്തർ

5 കോയിപ്പുറത്ത് ഈശ്വരൻ

6 മുണ്ടത്താനത്ത് പൗലോസ് പൗലോസ്

7 കണിയാനിക്കൽ എ. നാരായണൻ നായർ (സെക്രട്ടറി)

പ്രവർത്തനമേഖല കങ്ങഴ കര മാത്രം മേൽവിലാസം ചങ്ങനാശ്ശേരി താലൂക്ക് , വാഴൂർ പകുതി, കങ്ങഴ കര, മണിമല അഞ്ചൽ (ഇന്നത്തെ പി. ഒ.) . മെമ്പർമാർക്ക് കടം കൊടുക്കുക, കൃഷി സംബന്ധിച്ചും ഗൃഹ സംബന്ധവുമായ സാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനും ഉള്ള ഏജന്റായി പ്രവർത്തിക്കുക. കാർഷിക ഉപകരണങ്ങൾ., യന്ത്രങ്ങൾ, നാൽക്കാലികൾ മുതലായവ സംഘം നേരിട്ട് വാങ്ങി കൂലിക്കുകൊടുക്കുക, കൃഷി, കൈത്തൊഴിൽ, നെയ്ത്ത് എന്നിവയ്ക്കുള്ള ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങി കർഷകർക്കു വേണ്ട പരിശീലനം കൊടുക്കുക, സംഘാംഗങ്ങളുടെ ഇടയിലുണ്ടാകുന്ന വ്യവഹാരങ്ങൾ സംഘം ഇടപെട്ട് പരിഹരിക്കുക എന്നിവയായിരുന്നു ഉദ്ദേശ്യ ലക്ഷ്യങ്ങൾ. 1145-ാം നമ്പർ ദേശാഭി വർദ്ധിനി പരസ്പര സഹായ സംഘം പിന്നീട് വിവിധോദ്ദേശ സഹകരണ സംഘമായും 1962-ൽ സർവ്വീസ് സഹകരണ സംഘമായും 1976-മുതൽ കങ്ങഴ സർവ്വീസ് സഹകരണ ബാങ്കായും പ്രവർത്തിച്ചുവരുന്നു.

കോട്ടയം ജില്ലാസഹകരണ ബാങ്കിന്റെ ഒരു ശാഖ പത്തനാട്ട് പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ സബ് ജില്ലാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന 191-ാം നമ്പർ ഗവ: സ്കൂൾ അദ്ധ്യാപക സഹകരണ സംഘവും പ്രവർത്തനം നടത്തുന്നു. 1980-നു ശേഷം പ്രവർത്തനം ആരംഭിച്ച റബ്ബർ ഉത്പ്പാദക സഹകരണ സംഘങ്ങൾ കടയനിക്കാട്, പത്തനാട്, മുണ്ടത്താനം, ചേറ്റേടം, കാനം, ചീരമറ്റം, ശ്രായിപ്പള്ളി എന്നീ 7 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. ഇടയിരിക്കപ്പുഴ, മുണ്ടത്താനം പരുത്തിമൂട്, പടനിലം എന്നിവിടങ്ങളിൽ നാലു ക്ഷീരോദ്പാദന സഹകരണസംഘങ്ങളും 1990-നുശേഷം പ്രവർത്തനം ടത്തിവരുന്നുണ്ട്. ഇവയ്ക്കു പുറമെ 3 ഹൈസ്കൂളുകളിലും സ്കൂൾ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

3087-നമ്പർ ആയി ഒരു സർവ്വീസ് സഹകരണ ബാങ്ക് മുണ്ടത്താനത്ത് പ്രവർത്തനം നടത്തിയിരുന്നത് 1964-ൽ ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. 1955-നും 70-നും ഇടയ്ക്ക് മരച്ചീനി കർഷക സംഘം, എണ്ണയാട്ടു സഹകരണ സംഘം തുടങ്ങിയ വ്യവസായ സംഘങ്ങൾ ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ പ്രർത്തനം ആരംഭിച്ചെങ്കിലും അവയൊക്കെ അല്പായുസ്സായി അവസാനിക്കുകയാണുണ്ടായത്.

1145-ാം നമ്പർ കങ്ങഴ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലെ ജന ജീവിതത്തിന്റെ എല്ലാമേഖലയേയും സ്വാധീനിക്കുന്നുണ്ട്. മുണ്ടത്താനം, കാഞ്ഞിരപ്പാറ, ഇടയിരിക്കപ്പുഴ. പത്തനാട് എന്നിവിടങ്ങളിൽ ബ്രാഞ്ചുകളും പത്തനാട് ഹെഡ്ഡാഫീസും പ്രവർത്തിക്കുന്നു. മുണ്ടത്താനം, ഇടയിരിക്കപ്പുഴ, കാഞ്ഞിരപ്പാറ, ഉള്ളായം, പത്തനാട് എന്നിവിടങ്ങളിൽ വളം ഡിപ്പോ നടത്തുന്നു. ഇടയിരിക്കപ്പുഴ ബ്രാഞ്ചിൽ റബ്ബർ വാങ്ങുകയും പത്തനാട്ട് ബാങ്കിന്റെ നേരിട്ടുള്ള ചുമതലയിൽ ഒരുഗൃഹോപകരണ വില്പനശാലയും കൺസ്യൂമർ സ്റ്റോറും നടത്തുന്നു. എല്ലാ ബ്രാഞ്ചിലും പ്രതി മാസ ലേലചിട്ടി നടത്തുന്നു. അംഗങ്ങൾക്ക് കാർഷികവിള പ്രോത്സാഹന സമ്മാനങ്ങളും അംഗങ്ങളുടെ കുട്ടികളിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നല്കി വരുന്നു. അംഗങ്ങളുടെ മരണാനന്തര കർമ്മങ്ങൾക്ക് സഹായ നിധിയും രൂപീകരിച്ചിട്ടുണ്ട്. പത്തനാട് ബ്രാഞ്ചിൽ സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യങ്ങളും ലഭ്യമാണ്.

95-96-ലെ സ്ഥിതി വിവരങ്ങൾ

അംഗങ്ങൾ	–	7646
ഓഹരി മൂലധനം	–	24 ലക്ഷം രൂപ
നിക്ഷേപം	–	5.53 കോടി രൂപ
വായ്പ	–	4.8 കോടി രൂപ
വായ്പാ കുടിശിക	–	38 ലക്ഷം രൂപ
ജീവനക്കാർ	–	18

ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എല്ലാ വിധ നിക്ഷേപങ്ങളും സ്വീകരിക്കുകയും വിവിധ ആവശ്യങ്ങൾക്കുള്ള ഹ്രസ്വകാല-ദീർഘകാല വായ്പ നല്കുകയും ചെയ്യുന്നു. ഗോൾഡ് ലോൺ

ഉൾപ്പെടെ എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു. ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ചിലും നിക്ഷേപം സ്വീകരിക്കലും ജില്ലാ ബാങ്കിന്റെ സ്കീം അനുസരിച്ചുള്ള വായ്പകളുടെ വിതരണവും നടത്തുന്നുണ്ട്. അദ്ധ്യാപക സഹകരണസംഘത്തിന്റെ പ്രർത്തനം മേഖലാടിസ്ഥാനത്തിലും ഗവ. സ്കൂൾ അദ്ധ്യാപകരിൽ മാത്രം ഒതുങ്ങി നില്ക്കുന്നതുമാണ്. ലേലചിട്ടിയും വായ്പാ സംവിധാനവും പരിമിതമായ തോതിൽ ഇവിടെയുമുണ്ട്. ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ പാൽ ശേഖരിച്ച് പ്രാദേശിക ആവശ്യക്കാർക്ക് കൊടുക്കുകയും ബാക്കി മിൽമയ്ക്ക് കൊടുക്കുയും ചെയ്യുന്നു. പരുത്തി മൂട് പടനിലം സംഘങ്ങൾ ഉത്പ്പാദിപ്പിക്കുന്ന കൂടുതൽ ഭാഗം പ്രാദേശികമായിത്തന്നെ വിൽക്കുമ്പോൾ ഇടയിരിക്കപ്പുഴ മുണ്ടത്താനം സംഘങ്ങൾ കൂടുതൽ പാൽ മിൽമയ്ക്ക് നൽകുകയാണ്. കാലിത്തീറ്റ സബ്സീഡി നിരക്കിൽ നല്കുന്നതിന് സംഘങ്ങൾക്ക് കഴിയുന്നുണ്ട്. രാഷ്ട്രീയമായ മത്സരങ്ങൾ ഇവയുടെ വളർച്ചയെ ദോഷകരമായി ബാധിക്കുന്നതായി പരാതിയുണ്ട്.

റബ്ബറുല്പാദസംഘങ്ങൾ റബ്ബർ കർഷകരുടെ പല ആവശ്യങ്ങളും നിറവേറ്റുന്നുണ്ട്. റബ്ബർ പാൽ സംഭരിച്ച് വില്പന നടത്തുകയും കർഷകർക്ക് ആവശ്യമായ വളം, ആസിഡ്, പാൽശേഖരണത്തിനും സംസ്കരണത്തിനും ആവശ്യമായ സാമഗ്രികൾ ഇതൊക്കെ ലഭ്യമാക്കുകയും ചെയ്യുന്നതിൽ സഹായിക്കുന്നു. ഇവയും ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്.

സ്കൂൾ സഹകരണസംഘങ്ങൾ കുട്ടികൾക്ക് ആവശ്യമുള്ള പുസ്തകങ്ങൾ, ബുക്കുകൾ തുടങ്ങിയ പഠന സാമഗ്രികൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്.

ഒരു സഹകരണ ആശുപത്രി രജിസ്റ്റർ ചെയ്തെങ്കിലും മുന്നോട്ടു നീങ്ങിയിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിലില്ലാത്തവർക്കു വേണ്ടി ഒരു പ്രിന്റിംഗ് ആൻഡ് ബുക്ക് ബൈൻഡിംഗ് സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം മുന്നോട്ടു നീങ്ങിയിട്ടില്ല.

പ്രശ്നങ്ങൾ

1 സഹകരണ നിയമത്തിലും ചട്ടങ്ങളിലുമുള്ള സ്ഥാപനങ്ങളുടെ സ്വയം ഭരണാധികാരങ്ങളെ നിയന്ത്രിക്കുന്ന വകുപ്പുകൾ നീക്കം ചെയ്യണം.

2 മാറിമാറി വരുന്ന ഗവൺമെന്റുകളുടെ രാഷ്ട്രീയമോഹങ്ങൾക്കനുസ്സരിച്ച് അനവസരത്തിലുള്ള ഇടപെടലുകൾ ഒഴിവാക്കണം.

3 ഭാരിച്ച എസ്റ്റാബിളിഷ്മെന്റു ചിലവുകൾ

4 നിയമനങ്ങളിലെ അഴിമതിയും സ്വജന പക്ഷപാതവും

5 കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരവും തെരഞ്ഞെടുപ്പും അനാശാസ്യ പ്രവണതകൾ സൃഷ്ടിക്കുന്നു.

6 സേവനലക്ഷ്യത്തെക്കാൾ ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള പ്രവർത്തനശൈലി.

7 പുതിയ മേഖലകളിലേക്കു കടന്നുകയറി പ്രവർത്തിക്കാനുള്ള സന്നദ്ധത ഇല്ലായ്മ

8 പ്രവർത്തനങ്ങളിൽ ബഹുജന പങ്കാളിത്തമില്ലായ്മ

9 കുറഞ്ഞപലിശക്ക് ആവശ്യാനുസരണം കാർഷിക വായ്പ ലഭ്യമല്ലാത്തത്.

സാദ്ധ്യതകൾ

1 കാർഷിക – വിപണന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രധാന കേന്ദ്രങ്ങളിൽ പ്രർത്തിക്കുക.

2 ഉപഭോക്തൃ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവശ്യ സാധനങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം നടത്തണം.

3 വനിതാ ചെറുകിട വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് കാർഷിക വിഭവങ്ങളുടെ സംസ്കരണം, ഉപഭോഗ സാമഗ്രികളുടെ നിർമ്മാണം, വിപണനം എന്നിവ ആദായകരമാക്കണം.

4 സാമാന്യ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള വനിതകളെ ചേർത്ത് ഭക്ഷ്യ വിഭവങ്ങൾ തയ്യാറാക്കാനുള്ള പരിശീലനം നല്കി പ്രവർത്തിപ്പിക്കണം.

5 സഹകരണ ബാങ്കിന്റെ പ്രവർത്തനം ലാഭം മാത്രം ലക്ഷ്യമാക്കാതെ സേവനപരമായ രംഗത്തേക്കുകൂടി തിരിച്ചു വിടണം. സുലഭമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾക്ക് തയ്യാറാകണം.

6 കർഷകർക്ക് ആദായകരമായ വിലയ്ക്ക് റബ്ബർ ഷീറ്റ് ഗ്രേഡ് ചെയ്ത് വാങ്ങുന്നതിനുള്ള സംവിധാനം സഹകരണ ബാങ്കിന്റെ എല്ലാ ബ്രാഞ്ചിലും ഉണ്ടാകണം.

7 പുകപ്പുര നിർമ്മാണത്തിന് കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് വായ്പ ലഭ്യമാക്കണം.

8 കാർഷിക വിഭവങ്ങൾ ശേഖരിച്ച് ലോൺ നല്കുന്ന സംവിധാനം ഉണ്ടാകം.

9 വിദഗ്ദ്ധതൊഴിലാളികളെ സംഘടിപ്പിച്ച് നിലവാരമുള്ള കെട്ടിടനിർമ്മാണ സാമഗ്രികൾ തയ്യാറാക്കി വിപണനം നടത്തുന്ന സഹകരണം സംഘം രൂപീകരിക്കണം.

10 റബ്ബറുല്പാദക സംഘങ്ങളുടെ സംയുക്താഭിമുഖ്യത്തിൽഒരു ചെറുകിട റബറുൽപന്ന നിർമ്മാണ ഫാക്ടറി സ്ഥാപിക്കണം.

11 ക്ഷീരോൽപാദ സഹകരണ സംഘങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ സഹകരണ ബാങ്കിന്റെ സാമ്പത്തിക സഹകരണത്തോടെ ഒരു ചെറുകിട കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.

12 സ്കൂൾ സഹകരണ സംഘങ്ങളിൽ ബുക്കു നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിപ്പിക്കണം.

C (IX)

വിഭവസമാഹരണം



ആമുഖം

ചുവരുണ്ടെങ്കിലെചിത്രമെഴുതാനാകൂ എന്ന ആപ്തവാക്യം അന്വർത്ഥമാണ്. ഏതു വികസന പ്രർത്തനത്തിനും അടിസ്ഥാനം ആത്യന്തികമായി വിഭവലഭ്യതയാണ്. ഓരോ മേഖലയിലുമുള്ള പ്രവർത്തനത്തിന് അതതു മേഖലയിൽ നിന്ന് കഴിയുന്നത്ര വിഭവ സമാഹരണം നടത്തുവാൻ കഴിയണം.

പദ്ധതി പ്രവർത്തനങ്ങൾ ജനങ്ങളിൽ നിന്ന് അന്യവത്കരിക്കപ്പെട്ട് വെറും ഡിപ്പാർട്ടുമെന്റലിസമായി അധഃപ്പതിച്ചിരിക്കുന്ന ഇന്നത്തെ സ്ഥിതി വിശേഷത്തിൽ സർക്കാർ ഏർപ്പാടിൽ ലഭിക്കുന്ന സൗജന്യങ്ങളായി മാത്രമാണ് ഇന്ന് ജനങ്ങൾ വികസന പ്രവർത്തനങ്ങളെ കാണുന്നത്. പദ്ധതി പ്രവർത്തനത്തിന് ചിലവാക്കുന്ന ഓരോ രൂപയിലും യഥാർത്ഥ ഗുണഭോക്താവിന് പ്രയോജനപ്പെടുന്നത് കേവലം നിസ്സാരമായ വിഹിതമാണ്. ഇതുമാറ്റി വികസന ലക്ഷ്യങ്ങൾ പൂർണ്ണമായി നേടുവാനാണ് ജനകീയ പങ്കാളിത്തത്തോടെയുള്ള പദ്ധതി രൂപീകരണവും വിഭവ സമാഹരണവും, നിർവ്വഹണ സംവിധാനവും ആവിഷ്ക്കരിച്ചിരിക്കുന്നത്.

പഞ്ചായത്ത് തലത്തിൽ ഇന്ന് വികസനങ്ങൾ നടപ്പിലാക്കുന്നത് പ്രധാനമായും സംസ്ഥാനസർക്കാർ നല്കുന്ന ധനസഹായങ്ങളെ ആശ്രയിച്ചാണ്. പരോക്ഷ നികുതികളുടെയും പ്രത്യക്ഷ നികുതികളുടെയും ആധിക്യം കൊണ്ട് പുതിയ നികുതികൾ ഇനിയും അപ്രായോഗികമാണ്. പരോക്ഷനികുതികളിൽ ഒരു നല്ല ശതമാനം ഖജനാവിൽ എത്തുന്നില്ലാ എന്നുള്ളതും മറ്റൊരു വസ്തുതയാണ്.

സാധാരണക്കാരെ ബാധിക്കാത്തതും ജീവിതച്ചെലവ് വർദ്ധിക്കാനിടയില്ലാത്തതുമായ നികുതി നിർദ്ദേശങ്ങൾ പരിശോധിക്കാവുന്നതാണ്. സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇനത്തിൽ ഉണ്ടാകുന്ന വർദ്ധനക്കൊപ്പം തന്നെ ചെറുതല്ലാത്ത ഒരു പങ്ക് വിഭവങ്ങൾ പ്രാദേശികമായി സമാഹരിക്കേണ്ടതുണ്ട്. അതിൽ പ്രധാനം അദ്ധ്യാനശേഷിയുടെ സമാഹരണമാണ്. മറ്റു പൊതുജന പങ്കാളിത്ത

ത്തോടെയുള്ള വിഭവസമാഹരണവും സർക്കാർ ധനസഹായവും കൂടിച്ചേർത്ത് സാമൂഹ്യാവബോധത്തോടെയുള്ള പ്രവർത്തനശൈലി രൂപപ്പെടുത്തുക വഴി വികസനത്തിൽ അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കുവാൻ കഴിയും.

കങ്ങഴ പഞ്ചായത്തിന്റെ 1995-96 സാമ്പത്തിക വർഷത്തെ വരവും ചിലവും ഇതോടൊപ്പം ചേർത്തിരിക്കുന്നു. ഈ കണക്കുകൾ പരിശോധിച്ചാൽ സർക്കാർ ഗ്രാന്റും മറ്റു വരുമാന മാർഗ്ഗങ്ങളും വികസനാവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ അപര്യാപ്തമാണ് എന്നു കാണാവുന്നതാണ്. ഈ സ്ഥിതി പരിഹരിക്കുന്നതിലേക്ക് സർക്കാർ ഗ്രാന്റുകളുടെ ഇനത്തിൽ വർദ്ധനവുണ്ടാകണം. സാധാരണക്കാരെയും ഇടത്തരക്കാരെയും ബാധിക്കാതെയും ഈ വിഷയത്തിൽ പുതിയ സമീപനം ആവശ്യമാണ്.

വിഭവ സമാഹരണ നിർദ്ദേശ്ശങ്ങൾ താഴെ ചേർക്കുന്നു.

ഇനം

1 ബിൽഡിംഗ് ടാക്സ് അസ്സസ്സ്മെന്റ് വസ്തു നിഷ്ടമാക്കി നികുതിശോഷണം തടയുക

വിശദീകരണം

ഇന്ന് വീട്ടുകരംനിശ്ചയിച്ചിരിക്കുന്നത് മിക്ക കേസുകളിലും കെട്ടിടത്തിന് ചിലവായിട്ടുള്ള മുടക്കുമുതൽ കുറവായികാണിച്ച് അതിനനുസൃതമായിട്ടാണ്. മുടക്കുമുതലിനെസംബന്ധിച്ച് വസ്തു താപരമായും സത്യസന്ധമായും അസ്സ്സ്മെന്റു നടത്തിയാൽ ഇന്ന് ഈടാക്കുന്നതിലും പലമടങ്ങ് അധികം ഈ ഇനത്തിൽ നഷ്ടപ്പെടുന്നു എന്നു കാണാം.

കെട്ടിടനികുതി അസ്സസ്സ്മെന്റ് കഴിയുന്നത്ര കുറ്റമറ്റതാക്കുന്നതിന് അസ്സസ്സ്മെന്റിന് അടിസ്ഥാനമാക്കുന്നഘടകങ്ങളും മാനദണ്ഡങ്ങളും ഏവ എന്ന് വിശദീകരിച്ച് അസ്സസ്സ്മെന്റ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ വാർഡിലെ പൊതുസ്ഥാപനങ്ങളിൽ ജനങ്ങളുടെ അറിവിനും പരിശോധനയ്ക്കുമായി പ്രസിദ്ധപ്പെടുത്തുക. അസ്സസ്സ്മെന്റിലെ തത്വങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വ്യതിചലിച്ചിട്ടുള്ളതായി ചൂണ്ടികാണിക്കുന്ന കേസുകളിൽ പുനർനിർണ്ണയം നടത്തി അന്തിമ തീർപ്പു കൽപ്പിക്കുക

2 5 (അഞ്ച്) ലക്ഷം രൂപയ്ക്ക് മേൽ മതിപ്പു ചിലവ് വരുന്ന പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അഞ്ചു ലക്ഷത്തിനു മുകളിൽ വരുന്ന ഓരോ 50,000 നും 250 രൂപാ പ്രകാരം സർചാർജ് ഈടാക്കുക.

വിശദീകരണം

പുതിയതായി പണിയുന്ന വീടുകൾക്ക് ഒറ്റത്തവണയായി ഇത് ഈടാക്കുക. പിന്നീട് വാർഷിക കെട്ടിടനികുതി മാത്രം ഈടാക്കിയാൽ മതിയാകും.

3 വസ്തു ക്രയവിക്രയത്തിൽ ഇന്നു നടക്കുന്ന നികുതിവെട്ടിപ്പ് തടഞ്ഞ് പഞ്ചായത്തുകൾക്ക് ഈ ഇനത്തിൽ ലഭിക്കേണ്ട തുക ലഭ്യമാക്കുക.

വിശദീകരണം

കങ്ങഴപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സെന്റൊന്നിന് താരിപ്പുവില നിശ്ചയിച്ചിരിക്കുന്നത് 1200/ രൂപ മുതൽ 1500/ രൂപ വരെയാണ്. ഇപ്പറഞ്ഞ വിലയ്ക്ക് കുടുസ്സു സ്ഥലങ്ങളിൽ പോലും സ്ഥലങ്ങൾ ലഭ്യമല്ലെന്ന് നമുക്കറിയാം. പഞ്ചായത്തിലെ ഓരോവാർഡിലും മേഖലകൾ തിരിച്ച് (റോഡ് സൗകര്യം, ജലലഭ്യത, മണ്ണിന്റെ സ്വഭാവം എന്നീഘടകങ്ങൾ പരിഗണിച്ച്) നല്പ തില്പ കണക്കാക്കി ഓരോ മേഖലയിലും സെന്റൊന്നിന് ചുരുങ്ങിയത് എന്തുവിലവരും എന്നത് (വിപണിയിലെ സ്ഥിതി അനുസരിച്ച്) വിദഗ്ധന്മാർ ഉൾപ്പെട്ട ഒരു ജനകീയ സമിതി വിലയിരുത്തി ആയതിൽത്തന്നെ കൂടുതൽ വിലപിടിപ്പുള്ള വസ്തുക്കളെ (പ്രധാന റോഡിനിരുവശത്തും മറ്റുമുള്ള സ്ഥലങ്ങൾ) സർവ്വേനമ്പർ സഹിതം ചൂണ്ടിക്കാട്ടി ആ സർവ്വേ നമ്പറുകളിൽ ഏതേതു ഭാഗത്തിനു കിട്ടാവുന്ന ചുരുങ്ങിയ വില നിശ്ച

യിക്കുകയും ചെയ്യുക. ഇങ്ങനെ തയ്യാറാക്കുന്ന വിലവിവരപപ്പട്ടികയുടെ അടിസ്ഥാനത്തിൽ ക്രയ വിക്രയ നികുതിയും ഫീസുംനൽകുക. ഈ രീതി കുറ്റമറ്റതാക്കുന്നതിന് വിലവിവരപട്ടിക പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ പരിശോധിച്ച് പഞ്ചായത്തുകമ്മറ്റി അന്തിമമായി തീർപ്പുകല്പിക്കേണ്ടതുമാണ്. കാലാകാലങ്ങളിൽ ഈ വിലവിവരപ്പട്ടിക അവലോകനവിധേയമാക്കുകയും വേണം. മതിപ്പുവില സംബന്ധിച്ച പഞ്ചായത്തിന്റെ ഒരു സർട്ടിഫിക്കറ്റ് രജിസ്റ്റർ ഓഫീസിൽ ഹാജരാക്കാൻ തീരുമാനമാകണം.

4 ഭൂനികുതി ഹെക്ടറിന് 150 രൂപയാക്കുക.

വിശദീകരണം

ഭൂമിയെ ഉല്പാദനോപാധിയായി കണക്കാക്കി ഉല്പാദന ക്ഷമതയുടെ തോതുമായി തട്ടിച്ചുനോക്കുമ്പോൾ ഭൂനികുതി വർദ്ധന മറ്റു രംഗത്തുള്ള നികുതി വർദ്ധനയിൽ നിന്നും വളരെ താഴെയാണ് എന്നു കാണാം. ഉദാഹരണത്തിന് പുകവലിക്കുന്ന ഒരാൾ ഒരു മാസം ആ ഇനത്തിൽ നല്കേണ്ടിവരുന്ന നികുതിയുമായി താരതമ്യപ്പെടുത്തിയാൽ ഇത് നിസ്സാരമാണെന്നു കാണാവുന്നതാണ്.

5 ജലസേചന പദ്ധതികൾ മൂലം ഉത്പാദന ക്ഷമത വർദ്ധിക്കുന്ന ഭൂമിക്ക് അർഹമായ സെസ്സ് പിരിക്കുക.

6 പഞ്ചായത്ത് അതിർത്തിയിൽ വ്യപാര സ്ഥാപനങ്ങളും മറ്റും പ്രദർശ്ശിപ്പിക്കുന്ന പരസ്യ ബോർഡുകൾക്ക് ച. മീറ്ററിന് 50 രൂപയെങ്കിലും വാർഷിക നികുതി ഈടാക്കുക

7 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങി പ്രത്യുത്പാദനപരനമായ പ്രവർത്തനങ്ങളിൽ നിക്ഷേപിക്കുക.

വിശദീകരണം

പഞ്ചായത്തു വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് ഷോപ്പിംഗ് സെന്ററുകൾ പണിയുക.

8 വിദ്യാഭ്യാസം, ദുരിതാശ്വാസം തുടങ്ങിയ ക്ഷേമ പദ്ധതികൾക്ക് പ്രത്യേക നിധികൾ രൂപീകരിക്കുകയും സ്വരൂപിക്കുകയും ചെയ്യുക.

9 പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് വാർഡുതലത്തിൽ സന്നദ്ധസേന രൂപീകരിക്കുകയും സാധ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ സാമ്പത്തിക വിഭവ സമാഹരണത്തോടുകൂടി ഏറ്റെടുത്തു നടത്തുകയും ചെയ്യുക

10 ഓരോ വികസന പദ്ധതി രൂപപ്പെടുത്തുമ്പോഴും നിർദ്ദിഷ്ടപദ്ധതിയിലെ ഒരു പ്രത്യേക ഇനത്തിന്റെ പൂർത്തീകരണം സന്നദ്ധസേവനത്തിൽകൂടിയായിരിക്കണം അഥവാ അതിനുള്ള വിഭവസമാഹരണത്തിൽ കൂടിയായിരിക്കണം എന്ന് നിജപ്പെടുത്തുക.

11 നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ ലേബർ കോൺട്രാക്ട് സംഘങ്ങൾ രൂപീകരിക്കുക.

12 ഗൾഫ് മേഖലയിലും മറ്റും ജോലിചെയ്യുന്നവരുടെ ബാങ്കുകളിലുള്ള നിക്ഷേപത്തിന്റെ ആനുപാതിക അടിസ്ഥാനത്തിൽ പഞ്ചായത്തുകൾക്ക് വികസന വായ്പകൾ ലഭ്യമാക്കാനുതകുന്ന നയപരമായ തീരുമാനം ഉണ്ടാക്കുക.

കങ്ങഴ പഞ്ചായത്ത്

ഭരണ ചിലവുകൾ 1995–96

ശമ്പളവും യാത്രാ ബത്തയും	5,38,396 .00
സിറ്റിംഗ് ഫീസും ലഘുഭക്ഷണചിലവും	62,555 .00
സാംസ്കാരിക രംഗത്തെ ചിലവ്	21,391 .00
കറന്റ് ചാർജ്ജ്	50,099 .00
റോഡു സംരക്ഷണ ചിലവ്	53,579 .00
ആകെ	7,26,020 .00

കങ്ങഴ പഞ്ചായത്ത്

വരവ് 1995 – 96

സർക്കാർ ഗ്രാന്റുകളും ധനസഹായങ്ങളും

	വരവ്
1) അൺ ടൈഡ് ഫണ്ട്	876194.00
2) ഗ്രാമറോഡുകൾക്കുള്ള ഗ്രാന്റ്	23856.00
3) വസ്തു കൈമാറ്റം മൂലമുള്ള നികുതി വിഹിതം	168569.00
4) വാഹനനികുതി കോമ്പൻസേഷൻ	125561.00
5) സ്പെഷ്യൽ കാർഷിക തൊഴിൽ പദ്ധതി	150000.00
ആകെ	1344180.00

പഞ്ചായത്തിരാജ് നിയമം മൂലം പഞ്ചായത്തിനു കിട്ടിയ തുക-1995 - 96

ഇനം	വരവ്	ചിലവ്	നീക്കി ബാക്കി.
1. ക്ഷീരവികസനം മറ്റുചിലവുകൾ	800.00	800.00	_
2. പട്ടികജാതി വികസനം ഉദ്യോഗാർത്ഥികൾക്കുള്ള യാത്രപ്പടി	964.00	964.00	_
ടി	458.00	_	458.00
3. കൃഷിവകുപ്പ് (പമ്പുസെറ്റ് കിണർ ക്ലൈംബർ പരിശീലനം)	232370.00	172191.00	60179.00
കമ്പോസ്റ്റ് ഗ്രീൻമന്യുവർ ബയോഫെർട്ടിലൈസർ	3900.00	3900.00	
കിഴങ്ങുവിള	1950.00	1950.00	
കാർഷികവിള Public Participation	2500.00	2500.00	
പച്ചക്കറി വികസനം	450.00		450.00
അംഗീകൃത നഴ്സറികൾക്ക് പ്രോത്സാഹനം	15000.00	15000.00	
ഗ്രൂപ്പ് ജലസേചനം	20000.00	20000.00	
മൃഗസംരക്ഷണം (കറന്റ് ചാർജ്ജ്)	88.00	88.00	
വിദ്യാഭ്യാസ സ്കോളർഷിപ്പ്	500.00		500.00
പൊതുമരാമത്ത് വില്ലേജ് റോഡു സംരക്ഷണം	25000.00		25000.00
സ്കൂൾ കെട്ടിടങ്ങളുടെ റിപ്പയറിംഗ്	7300.00		7300.00
പുതിയ വില്ലേജ് റോഡുകൾ	75000.00		75000.00
ആകെ	**386280.00**	**217393.00**	**168887.00**

KANGHAZHA PANCHAYAT

Demand Collection Balance - 1995-96

	DEMAND			COLLECTION			BALANCE		
	Arrear	Current	Total	Arrear	Current	Total	Arrear	Current	Total
കെട്ടിട നികുതി	96461.00	316408.00	412869.00	68550.90	234112.25	302663.15	27910.10	82295.75	110205.85
സർവ്വീസ് ടാക്സ്	21646.00	70000.00	91646.00	12808.70	43364.10	56172.80	8837.30	26635.90	35473.20
ലൈബ്രറി സെസ്സ്	_	15820.40	15820.40	_	12996.45	12996.45	_	2823.95	2823.95
തൊഴിൽകരം	18780.00	125000.00	143780.00	10835.00	96230.00	107065.00	7945.00	28770.00	36715.00
ലൈസൻസ് ഫീ	_	2635.00	2635.00	_	2635.00	2635.00	_	_	_
ആകെ	**136887.00**	**529863.00**	**666750.00**	**92194.60**	**389337.80**	**481532.40**	**44692.40**	**140525.60**	**185218.00**